VOL NO: 04 | ISSUE 47
www.nerpatham.com
mail@nerpatham.com

# നേർപഥം
വാരിക

2020 NOVEMBER 21 | 1442 RABIUL AKHIR 27 | ₹12

# ഭ്രൂണശാസ്ത്രം ക്വുർആനിലും ഹദീഥിലും

ഭ്രൂണത്തെ കുറിച്ചും അതിന്റെ വളർച്ചാ ഘട്ടങ്ങളെ കുറിച്ചുമെല്ലാമുള്ള ക്വുർആനിക പരാമർശങ്ങളിലെ കൃത്യത ആരെയും അത്ഭുതപ്പെടുത്തുന്നതാണ്. എന്നാൽ ഇക്കാര്യത്തെ തമസ്കരിക്കാൻ വികലമായ വ്യാഖ്യാനങ്ങളിലൂടെ ക്വുർആനിനെ ഖണ്ഡിക്കുകയാണ് വിമർശകർ. ക്വുർആനിലെ ഭ്രൂണ വിജ്ഞാനത്തെ പറ്റിയുള്ള വിശദീകരണങ്ങൾക്കെതിരെയുള്ള ഏറ്റവും പുതിയ ആരോപണങ്ങൾ വസ്തുതാപരമായി വിശകലനം ചെയ്യുന്നു.

|| ക്വുർആൻ പഠനത്തിന്റെ അനിവാര്യത
|| സാമൂഹ്യമാധ്യമങ്ങൾക്ക് മൂക്കുകയറിടുമ്പോൾ...!
|| ഷാർലെ ഹെബ്ദോയും ഫ്രാൻസിലെ ആവിഷ്കാര 'ദു'സ്സ്വപ്നങ്ങളും



## ഭിന്നതയിൽ വിരിയുന്ന താമരകൾ

ഏതാണ്ട് തുല്യയളവിൽ വോട്ടും ഏറ്റവും വലിയ ഒറ്റക്കക്ഷിസ്ഥാനവും കിട്ടിയിട്ടും ബീഹാർ തെരഞ്ഞെടുപ്പിൽ മഹാസഖ്യത്തെ മറികടന്ന് എൻ.ഡി.എ മുന്നണി അധികാരത്തിലേറിയിരിക്കുകയാണ്. സഖ്യങ്ങൾക്കിടയിലും എതിരാളികൾ ഭിന്നിപ്പിന്റെ രസതന്ത്രം ചികയുന്നതാണ് യഥാർഥ തോൽവിക്ക് കാരണമായി മനസ്സിലാക്കുന്നത്.

**27-11-2020**
**FRI ▶ 7PM**

## Girls Gathering

**28-11-2020**
**SAT ▶ 4PM**

## Gallop Final Round

**▶ 7PM**

## Boys Gathering

**29-11-2020**
**SUN ▶ 7PM**

## Teenspace Conference

# teenspace
Seconedary Students Conference

2020 NOVEMBER
27 | 28 | 29

നേർപഥം
വാരിക

0201 / 2020 നവംബർ 21 / 1442 റബീഉൽ ആഖിർ 06 / പുസ്തകം 04 / ലക്കം 47



# ഭ്രൂണശാസ്ത്രം ക്വുർആനിലും ഹദീഥിലും

ഡോ. ജൗസൽ / 10

**മുഖമൊഴി**
ക്വുർആൻ പഠനത്തിന്റെ അനിവാര്യത / 05

**ജാലകം**
ദുർബലരോടൊപ്പം / 06
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

**ബാലപഥം**
ഉമൈറുബ്നു സഅദ്ﷺ / 26
ഉസ്മാൻ പാലക്കാഴി

**നമുക്ക് ചുറ്റും**
സാമൂഹ്യമാധ്യമങ്ങൾക്ക് മൂക്കുകയറിടുമ്പോൾ...! / 34
ടി.കെ അശ്റഫ്

**ലേഖനം**
ഷാർലെ ഹെബ്ദോയും ഫ്രാൻസിലെ ആവിഷ്കാര 'ദു'സ്വപ്നങ്ങളും / 10
അലി ചെമ്മാട്

ഭിന്നതയിൽ വിരിയുന്ന താമരകൾ / 18
നബീൽ പയ്യോളി

സ്വർഗത്തിലേക്കു നയിക്കുന്ന കർമങ്ങൾ / 22
ദുൽക്കർഷാൻ അലനല്ലൂർ

അഹ്ലുസ്സുന്നയുടെ ഇമാമീങ്ങൾ മീലാദാഘോഷത്തെ പിന്തുണച്ചവരോ? / 28
മൂസ സ്വലാഹി, കാര

Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

ചലനങ്ങൾ

# പ്രവർത്തകരിൽ നവോന്മേഷം പകർന്ന് വിസ്ഡം മെമ്പേഴ്സ് മീറ്റ് സമാപിച്ചു

കോഴിക്കോട്: 'നിർഭയ ജീവിതം, സുരക്ഷിത സമൂഹം' എന്ന പ്രമേയത്തിൽ 2021 ഏപ്രിൽ മാസത്തിൽ നടക്കാനിരിക്കുന്ന ഓൺലൈൻ സമ്മേളനത്തിന്റെ മുന്നോടിയായി കേരളത്തിലെ മുഴുവൻ ശാഖകളിലും നടന്ന വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെയും പോഷക ഘടകങ്ങളുടെയും മെമ്പേഴ്സ് മീറ്റ് പ്രവർത്തകരിൽ നവോന്മേഷം പകർന്ന് സമാപിച്ചു. ഡിസംബർ 6നാണ് പ്രഖ്യാപന സമ്മേളനം.

മദ്യം, വ്യഭിചാരം, ചൂതാട്ടം, യുദ്ധം തുടങ്ങിയ സർവ തിന്മകളെയും ജീവിതചര്യയായി സ്വീകരിച്ച ഒരു സമൂഹത്തെ ഏകദൈവ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ പരിവർത്തിപ്പിച്ച് ലോകത്തിന് മാതൃകയാക്കി മാറ്റിയ ഇസ്‌ലാം വരുത്തിയ അതുല്യമായ പരിവർത്തനത്തെ സത്യാന്വേഷികൾ അത്ഭുതത്തോടെയാണ് നോക്കിക്കാണുന്നത്. അത്തരത്തിലുള്ള ഒരു പരിവർത്തനം വരുത്താൻ ഇസ്‌ലാമിനു മാത്രമെ അന്നും ഇന്നും സാധിക്കുകയുള്ളൂ എന്നും ഇസ്‌ലാമിന്റെ ജീവിക്കുന്ന മാതൃകകളായി മാറുവാൻ ഓരോരുത്തരും ശ്രമിക്കണമെന്നും മീറ്റ് പ്രവർത്തകരോട് ആഹ്വാനം ചെയ്തു.

കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ടാണ് മീറ്റ് നടത്തിയത്. പ്രമുഖ ക്വുർആൻ പണ്ഡിതൻ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി അധ്യക്ഷനായി. ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, ഹുസൈൻ സലഫി, നാസിർ ബാലുശ്ശേരി, ഹാരിസ് ഇബ്നു സലീം, സി.പി സലീം, കെ.താജുദ്ദീൻ സ്വലാഹി, അർഷദ് അൽഹികമി എന്നിവർ പ്രസംഗിച്ചു.

# ഹജ്ജ് യാത്ര; കരിപ്പൂരിൽ കേന്ദ്രം വേണം: വിസ്ഡം

കോഴിക്കോട്: കേന്ദ്ര സർക്കാരിന്റെ 2021 ഹജ്ജ് നയമനുസരിച്ച് കരിപ്പൂരിൽനിന്നും ഹജ്ജ് പുറപ്പെടൽ കേന്ദ്രം ഇല്ലാത്തത് അങ്ങേയറ്റം പ്രതിഷേധാർഹമാണെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറിയേറ്റ് യോഗം അഭിപ്രായപ്പെട്ടു.

2015ൽ കോഴിക്കോട്ടെ റൺവേ അടച്ചതിനെ തുടർന്ന് കൊച്ചിയായിരുന്നു താൽക്കാലിക ഹജ്ജ് പുറപ്പെടൽ കേന്ദ്രം. കനത്ത പ്രക്ഷോഭത്തെ തുടർന്ന് കഴിഞ്ഞവർഷം കൊച്ചിയുടെ കൂടെ കരിപ്പൂരിലും കേന്ദ്രം അനുവദിക്കേണ്ടി വന്നു. കഴിഞ്ഞ ആഗസ്റ്റ് മാസത്തിലുണ്ടായ വിമാനാപകടമാണ് ഇപ്പോൾ വീണ്ടും എംബാർകേഷൻ കേന്ദ്രം കരിപ്പൂരിന് നിഷേധിക്കാനുണ്ടായ കാരണം.

വിമാനാപകടത്തിന്റെ കാരണം കരിപ്പൂർ വിമാനത്താവളം ടേബിൾ ടോപ്പ് ആയതുകൊണ്ടല്ലെന്ന് കേന്ദ്ര വ്യോമയാന മന്ത്രി തന്നെ വ്യക്തമാക്കിയതാണ് എന്നിരിക്കെ എന്ത് ന്യായമാണ് എംബാർക്കേഷൻ സൗകര്യം കരിപ്പൂരിന് നിഷേധിക്കാനുള്ളതെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. കേരളത്തിലെ ഹജ്ജ് തീർഥാടകരിൽ 90 ശതമാനവും മലബാറിൽ നിന്നുള്ളവരാണ്. കൊച്ചിയിലാകട്ടെ, തീർഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ വളരെ കുറവാണ്. 3000 ഹജ്ജ് യാത്രക്കാർക്ക് താമസിക്കാനുള്ള സ്ഥിരം സൗകര്യം കരിപ്പൂർ ഹജ്ജ് ഹൗസിലുണ്ട്. ഇതൊന്നുമില്ലാത്ത കൊച്ചിയിൽ കേരളം, തമിഴ്നാട്, കർണാടക, മാഹി എന്നീ കേന്ദ്രങ്ങളിൽ നിന്നുള്ള തീർഥാടകരെ ഒന്നിച്ച് എത്തിച്ചാൽ കോവിഡ് പ്രോട്ടോകോൾ എങ്ങനെ പാലിക്കാനുകുമെന്നും യോഗം ആശങ്കപ്പെട്ടു.

തീരുമാനം എത്രയും വേഗം പുനഃപരിശോധിക്കാൻ അധികാരികൾ തയ്യാറാകണം. ഈ അവഗണനക്കെതിരെ ശക്തമായ പ്രതിഷേധങ്ങൾ ജനപക്ഷത്തു നിന്ന് ഉയരണമെന്നും യോഗം ആവശ്യപ്പെട്ടു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി, ജന: സെക്രട്ടറി ടി.കെ അശ്റഫ്, കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, അബൂബക്കർ സലഫി, ഫൈസൽ മൗലവി പുതുപ്പറമ്പ്, പ്രൊഫ. ഹാരിസ്ബിൻ സലീം, അബ്ദുൽ മാലിക് സലഫി, ഹുസൈൻ കാവനൂർ, കെ. സജ്ജാദ് എന്നിവർ പങ്കെടുത്തു.

## സ്കൂൾ ഓഫ് ഖുർആൻ പ്രദേശിക സെന്ററുകൾ അനുവദിക്കുന്നു

കേരളത്തിനകത്തും പുറത്തുമായി ഇരുപതിലധികം സെന്ററുകളുള്ള സ്കൂൾ ഓഫ് ഖുർആനിന്റെ പ്രദേശിക സെന്ററുകൾക്ക് അപേക്ഷ ക്ഷണിച്ചു. 8089999597 എന്ന നമ്പറിലോ mail@schoolofqfuran.com എന്ന മെയിലിലോ ബന്ധപ്പെടുക.

Office: School of Qur'an, Jamia Al-Hind Al-Islamiyya, Jamia Campus, Mini Ootty - Oorakam

**വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ നടത്തുന്ന, ക്വുർആനും കൂടെ ഹദീഥുകളും പഠിപ്പിക്കുന്ന 'ക്വുർആൻ ഹദീഥ് ലേണിംഗ് സ്‌കൂൾ' എല്ലാംകൊണ്ടും ശ്രദ്ധേയമാണ്. ക്വുർആൻ പഠനത്തോടൊപ്പം; ഹദീഥുകളോട് നിഷേധാത്മക സമീപനം വെച്ചുപുലർത്തുന്നവരുടെ കെണിയിൽ പെടാതിരിക്കാനും ഹദീഥുകളുടെ പ്രാമാണികതയും പ്രധാന്യവുംമനസ്സിലാക്കാനും ഈ സംരംഭം പഠിതാക്കളെ സഹായിക്കുന്നു.**

മുഖമൊഴി

# ക്വുർആൻ പഠനത്തിന്റെ അനിവാര്യത

ക്വുർആൻ സൂക്തങ്ങൾ തങ്ങളുടെ വാദങ്ങൾക്ക് തെളിവായി ഉദ്ധരിക്കുമ്പോൾ 'അത് ക്വുർആനല്ലേ, ദലീൽ (തെളിവ്) എവിടെ' എന്ന് പണ്ഡിതന്മാർ ചോദിച്ചിരുന്ന, ക്വുർആനിന്റെ അർഥം പഠിക്കേണ്ടതില്ലെന്നു പറഞ്ഞിരുന്ന, ക്വുർആൻ വിവർത്തനത്തെ നിശിതമായി എതിർത്തിരുന്ന ഒരു കാലഘട്ടം നമ്മുടെ നാട്ടിൽ കഴിഞ്ഞുപോയിട്ടുണ്ട്. പണ്ഡിതന്മാരായിരുന്നു ക്വുർആനിൽ നിന്ന് സമുദായത്തെ ഇത്തരത്തിൽ അകറ്റാൻ ശ്രമിച്ചിരുന്നത് എന്നത് ഖേദകരമായ വസ്തുതയാണ്.

എന്നാൽ മുജാഹിദ് പ്രസ്ഥാനത്തിന്റെ ശക്തമായ പ്രബോധന പ്രവർത്തനങ്ങളുടെ ഫലമായി ഈ ശ്രമങ്ങളിൽനിന്നെല്ലാം അവർക്ക് പിന്തിരിയേണ്ടിവന്നു. ക്വുർആനികാശയങ്ങളുടെ പഠനത്തിനും പ്രചാരണത്തിനുമായി മുജാഹിദുകൾ തുടങ്ങിവെച്ച എല്ലാ കാര്യങ്ങളെയും അതേപടി പിൻപറ്റാൻ അവർ നിർബന്ധിതരായി. ക്വുർആൻ പരിഭാഷപ്പെടുത്തുന്നതിനെതിരെ താക്കീതു നൽകുന്ന ഗ്രന്ഥം പോലും രചിച്ചവർക്ക് ക്വുർആൻ പരിഭാഷകൾ ഇറക്കേണ്ടിവന്നു. ക്വുർആൻ ക്ലാസ്സുകളെ പരിഹസിച്ചവർ ഇന്ന് അതിൽ മത്സരിക്കുന്നതാണ് നാം കാണുന്നത്. മുജാഹിദുകൾ തുടങ്ങിവെച്ച ക്വുർആൻ ലേണിംഗ് ക്ലാസ്സുകൾക്ക് ബദലായി പല പേരുകളിലും ക്ലാസ്സുകൾ നടത്താൻ തുടങ്ങി. ഇത് സന്തോഷകരമായ ഒരു കാര്യമാണ്.

എന്നാൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ നടത്തുന്ന, ക്വുർആനും കൂടെ ഹദീഥുകളും പഠിപ്പിക്കുന്ന 'ക്വുർആൻ ഹദീഥ് ലേണിംഗ് സ്‌കൂൾ' ഇതിൽനിന്നെല്ലാം വേറിട്ടുനിൽക്കുന്നതാണ്. ഹദീഥുകളോട് നിഷേധാത്മക സമീപനം വെച്ചുപുലർത്തുന്ന പ്രവണതക്കെതിരെ ജാഗ്രപാലിക്കാൻ സമുദായത്തെ ഇതിലൂടെ ഉദ്‌ബോധിപ്പിക്കുന്നു. എല്ലാവർഷവും പാഠഭാഗങ്ങൾ നിശ്ചയിച്ച്, അതിനെ അടിസ്ഥാനമാക്കി പരീക്ഷ നടത്തിവരുന്നുണ്ട്. കോവിഡ് കാരണത്താൽ ഈ വർഷത്തെ പരീക്ഷ നവംബർ 29ന് ഓൺലൈനായി നടത്താനാണ് തീരുമാനം.

മാനവരാശിയെ എല്ലാവിധ അന്ധകാരങ്ങളിൽനിന്നും പ്രകാശത്തിലേക്ക് നയിക്കുവാനാണ് അല്ലാഹു വിശുദ്ധ ക്വുർആൻ അവതരിപ്പിച്ചത്: "നിങ്ങളെ ഇരുട്ടിൽനിന്ന് പ്രകാശത്തിലേക്ക് കൊണ്ടുവരാൻവേണ്ടി തന്റെ ദാസന്റെ മേൽ വ്യക്തമായ ദൃഷ്ടാന്തങ്ങൾ ഇറക്കിക്കൊടുക്കുന്നവനാണ് അവൻ..." (ക്വുർആൻ 57:9).


ആറാം നൂറ്റാണ്ടിൽ ഇരുളിന്റെ ലോകത്ത് ഇരുളടഞ്ഞ മനസ്സുമായി ജീവിച്ചിരുന്ന ഒരു ജനതതിയെ വെളിച്ചത്തിലേക്ക് നയിച്ചതും അവരുടെ മനസ്സുകളെ പ്രകാശമാനമാക്കിയതും ക്വുർആനായിരുന്നു. പാരമ്പര്യ വിശ്വാസങ്ങളെയും ആചാരങ്ങളെയും കയ്യൊഴിക്കുവാൻ അവർ തയ്യാറായത് വിശുദ്ധ ക്വുർആൻ അവരുടെ ചിന്തയെ തട്ടിയുണർത്തിയതുകൊണ്ടായിരുന്നു. ക്വുർആനിന്റ അർഥവും ആശയവും പഠിക്കാൻ തയ്യാറാകാത്തവർ എങ്ങനെ ക്വുർആൻ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കും?

"നിനക്ക് നാം അവതരിപ്പിച്ചുതന്ന അനുഗൃഹീതമായ ഗ്രന്ഥമത്രെ ഇത്. ഇതിലെ ദൃഷ്ടാന്തങ്ങളെപ്പറ്റി അവർ ചിന്തിച്ചുനോക്കുന്നതിനും ബുദ്ധിമാന്മാർ ഉദ്ബുദ്ധരാകേണ്ടതിനും വേണ്ടി" (38:29). "അപ്പോൾ, അവർ ക്വുർആൻ ചിന്തിച്ചു മനസ്സിലാക്കുന്നില്ലേ? അതല്ല, ഹൃദയങ്ങളിന്മേൽ പൂട്ടുകളിട്ടിരിക്കുകയാണോ?" (47:24).

ക്വുർആൻ പഠിക്കുന്നവനും പഠിപ്പിക്കുന്നവനുമാണ് നിങ്ങളിൽ ഉത്തമൻ എന്നാണ് നബിﷺ പറഞ്ഞിട്ടുള്ളത്. മനുഷ്യന്റെ ഇഹപര ജീവിത വിജയത്തിനുവേണ്ട മാർഗനിർദേശങ്ങൾ അടങ്ങിയ ഗ്രന്ഥം എന്ന നിലയ്ക്ക് അത് പഠിക്കൽ സത്യവിശ്വാസികളുടെ ബാധ്യതയാണ്.

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com

ജാലകം



# ദുർബലരോടൊപ്പം

മക്കാമുശ്‌രിക്കുകളുടെ നേതാവും മുസ്‌ലിംകളുടെ ബദ്ധശത്രുവുമായിരുന്ന അബൂസുഫ്‌യാൻ ഹുദൈബിയാസന്ധിക്കുശേഷം മദീന സന്ദർശിക്കാൻ വന്നു. നബിﷺയും മക്കാമുശ്‌രിക്കുകളും തമ്മിൽ സന്ധി നിലനിൽക്കുന്ന കാലമായിരുന്നു അത്. ക്വുറൈശി യജമാനന്മാരുടെ ക്രൂരമായ പീഡനങ്ങൾക്കിരയായിരുന്ന ബിലാൽؓ, സുഹൈബ്ؓ, സൽമാൻؓ തുടങ്ങിയ മർദിതർ മുസ്‌ലിംകളായശേഷം മദീനയിൽ സ്വസ്ഥമായി ജീവിക്കുന്നുണ്ടായിരുന്നു. മേൽപറഞ്ഞ മൂന്നുപേരും ഒരിടത്തിരിക്കുമ്പോൾ അവരുടെ മുമ്പിൽ കൂടി അബൂസുഫ്‌യാൻ നടന്നുപോകുന്നത് കണ്ടപ്പോൾ അവർ പറഞ്ഞു: “അല്ലാഹുവിന്റെ ശത്രുവായ ഇയാൾ ഇനിയും വാളിന്നിരയായിട്ടില്ലേ?” നിരപരാധികളും നിരാലംബരുമായ തങ്ങളെ പണ്ട് മക്കയിൽവെച്ച് ക്രൂരമായി മർദിച്ചവരുടെ നേതാവായ അബൂസുഫ്‌യാനെ കണ്ടപ്പോൾ തികട്ടിവന്ന വികാരമായിരുന്നു അത്.

അബൂബക്കർ സ്വിദ്ദീക്ؓ ഇത് കേട്ടപ്പോൾ ക്ഷോഭിതനായി. പൊതുവെ സൗമ്യസ്വഭാവിയായിരുന്ന അബൂബക്കർؓ പെട്ടെന്ന് പ്രതികരിച്ചു. “ക്വുറൈശി നേതാവായ ഈ കാരണവരോട് അങ്ങനെ പറയാമോ?” മക്കക്കാരുമായി സന്ധിനിലനിൽക്കുന്ന കാലത്ത് അവരുടെ നേതാവിനെപ്പറ്റി ആക്ഷേപിച്ചു പറയുന്നത് ശരിയല്ല എന്നാണ് അബൂബക്കർؓ കരുതിയത്. മാത്രമല്ല നബിﷺയുടെ ഭാര്യ ഉമ്മുഹബീബؓയുടെ പിതാവാണ് അബൂസുഫ്‌യാൻ. ഇസ്‌ലാമിന്റെ കഠിനശത്രുവാണ് അന്ന് അദ്ദേഹമെങ്കിലും മക്കയിൽനിന്ന് പലായനം ചെയ്തു മദീനയിലെത്തിയ സ്വന്തം കുടുംബങ്ങളെയും നാട്ടുകാരെയും സന്ദർശിക്കാനാണ് മദീനയിലെത്തിയിരുക്കുന്നത്. ആ ബഹുമുഖ വ്യക്തിത്വത്തെ പ്രകോപിപ്പിക്കാതെ മദീനാസന്ദർശനം കഴിഞ്ഞ് തിരിച്ചുപോകാൻ അവസരമുണ്ടാക്കിയാൽ ഒരു മനംമാറ്റത്തിന്ന് സാധ്യതയുണ്ടെങ്കിലോ എന്നൊക്കെ ചിന്തിച്ചു കൊണ്ടാണ് ബിലാൽؓ, സുഹൈബ്ؓ, സൽമാൻؓ എന്നിവരോട് അബൂബക്കർؓ കയർത്തുസംസാരിച്ചത്.

എന്തായിരുന്നാലും ഈ വിഷയം നബിﷺയുടെ അടുത്തെത്തി. നബിﷺ അബൂബക്കറിؓനെ വിളിച്ച് ചോദിച്ചത് എന്താണെന്നല്ലേ? ‘അബൂബക്കർ! നീ ആ പാവങ്ങളെ ദേഷ്യം പിടിപ്പിച്ചുവോ? നീ അവരെ ദ്വേഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിൽ നിന്റെ റബ്ബിനെയാണ് നീ ദ്വേഷ്യപ്പെടുത്തിയതെന്നോർക്കണം.’ ഇത് കേട്ടപ്പോൾ അബൂബക്കർؓ ആ മൂന്ന് സഹോദരങ്ങളുടെയും അടുത്തേക്ക് ഓടിച്ചെന്നിട്ട് ചോദിച്ചു: ‘എന്റെ പ്രിയപ്പെട്ട സഹോദരങ്ങളേ, ഞാൻ നിങ്ങൾക്ക് ദ്വേഷ്യം വരുത്തുന്ന എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ?’ അവർ പറഞ്ഞു: ‘പ്രിയ സഹോദരാ! ഇല്ല. അല്ലാഹു താങ്കൾക്കു പൊറുത്തുതരട്ടെ.’

ഇമാം മുസ്‌ലിം ഉദ്ധരിച്ച ഈ സംഭവം നമുക്ക് ഒട്ടേറെ പാഠങ്ങൾ നൽകുന്നുണ്ട്. സന്ധികാലത്ത് മദീനയിലെത്തിയ, തന്റെ ഭാര്യാപിതാവും മക്കയിലെ നേതാവുമായ അബൂസുഫ്‌യാനെ ആക്ഷേപിച്ചതല്ല നബിﷺക്ക് മനോവിഷമമുണ്ടാക്കിയത്. മറിച്ച് ദുർബലരും മർദിതരുമായ ആ പാവപ്പെട്ടവരെ തന്റെ മറ്റൊരു ഭാര്യാപിതാവും അടുത്ത സുഹൃത്തുമായ അബൂബക്കർؓ ആക്ഷേപിച്ചതാണ്. സമൂഹത്തിലെ പാവങ്ങളോടുള്ള സ്നേഹവും അവരുടെ മഹത്ത്വവും നബിﷺ നമ്മെ പഠിപ്പിക്കുകയാണ് ഈ സംഭവത്തിൽ കൂടി.

‘നിങ്ങളുടെ കൂട്ടത്തിലെ ദുർബലന്മാരെ എന്റെയടുത്തേക്ക് കൊണ്ടുവരിക. നിശ്ചയം നിങ്ങൾക്ക് സഹായം നൽകപ്പെടുന്നതും ആഹാരം നൽകപ്പെടുന്നതും ദുർബലന്മാരുണ്ടായതുകൊണ്ട് മാത്രമാണ്’ എന്ന് നബിﷺ പറഞ്ഞതായി കാണാം (അബൂദാവൂദ്).

തനിക്ക് ന്യായമായി തോന്നിയ ഒരു കാര്യത്തിൽ അവരെ ആക്ഷേപിച്ചത് തെറ്റായിപ്പോയി എന്ന് ബോധ്യപ്പെട്ടപ്പോൾ ആ പാവങ്ങളോട് മാപ്പു പറഞ്ഞ അബൂബക്കറിؓന്റെ മാതൃകയും ഇതിനോട് ചേർത്തുവായിക്കണം. ചെയ്തത് ശരിയല്ലെന്ന് ബോധ്യപ്പെട്ടാൽ ഏതു പാവപ്പെട്ടവന്റെ മുമ്പിലും വിനയത്തോടെ ചെന്ന് തിരുത്താനുള്ള വിവേകം അദ്ദേഹം നമ്മെ പഠിപ്പിക്കുന്നു. പാവങ്ങളെ നാം ആദരിക്കുക; അവരെ കണ്ടറിഞ്ഞ് സഹായിക്കുക. ●

അലി ചെമ്മാട്
alichemmad@gmail.com

ലേഖനം




# ഷാർലെ ഹെബ്ദോയും ഫ്രാൻസിലെ ആവിഷ്കാര 'ദു'സ്സ്വപ്നങ്ങളും

**കൈ**നീട്ടാൻ സ്വാതന്ത്ര്യമുണ്ട്. മുന്നിലുള്ളവന്റെ മൂക്കുവരെ. ഇതാണ് ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ ആധുനിക ഭാഷ്യം. എന്നാൽ അത് മുസ്‌ലിംകളുടെ നേർക്കാണെങ്കിൽ അവന്റെ മൂക്കും പല്ലും അടിച്ചുതകർക്കാൻ വരെയുള്ള അവകാശം വകവച്ചു നൽകുന്നു. അഥവാ ജൂതന്റെ നേർക്ക് ദൂരെനിന്ന് നോക്കാൻ പോലും പാടില്ല. ഇതാണ് നവലോകക്രമ ആവിഷ്കാര തിട്ടൂരം. ഇതുതന്നെയാണ് ഫ്രാൻസിലെ മുസ്‌ലിംകളെ 'നല്ലമുസ്‌ലിംകൾ' ആക്കാനായി 2021ൽ ഭീകരനിയമം നിർമിക്കാൻ തയ്യാറെടുക്കുന്ന ഫ്രാൻസിന്റെയും പ്രസിഡന്റ് ഇമ്മാനുവൽ മാർകോണിയുടെയും നിലപാട്. അല്ല; യൂറോപിന്റെ, മതേതരത്വത്തിന്റെ (അ)പ്രഖ്യാപിത നിലപാട്. നല്ലമുസ്‌ലിംകൾ ആക്കി നിർമിക്കപ്പെടുന്ന ഫ്രഞ്ച് മുസ്‌ലിംകൾക്ക് മതപഠനം നടത്താൻ പാടില്ല, സ്വിമ്മിംഗ് പൂളുകളിൽ സ്ത്രീകളും പുരുഷന്മാരും ഒരുമിച്ചുതന്നെ നീന്തിത്തുടിക്കണം തുടങ്ങിയ 'പുരോഗമന' നിയമങ്ങളാണ് വരാൻപോകുന്ന ലോകോത്തര മാതൃക!

അവസാനമുണ്ടായ ഷാർലെ ഹെബ്ദോ ദുരന്തത്തിനുശേഷം പ്രവാചകനിന്ദ ആവിഷ്‌കാരസ്വാതന്ത്ര്യത്തിന്റെ ഭാഗമാണെന്നും ഇനിയും ഇത്തരം കാർട്ടൂണുകളും കാരിക്കേച്ചറുകളും തുടരുമെന്നും പ്രോത്സാഹിപ്പിക്കുമെന്നും മാർകോണി ഉറക്കെ പ്രഖ്യാപിച്ചു. മുസ്‌ലിം ലോകത്തുനിന്ന് ഫ്രഞ്ച് ഉൽപന്ന ബഹിഷ്‌ക്കരണ ശ്രമങ്ങളും പ്രതിഷേധസ്വരങ്ങളും ഉയർന്നു. യൂറോപ്പ് മാർകോണിന് പിന്തുണയുമായി കൂടെക്കൂടി. ബഹിഷ്‌ക്കരണശ്രമങ്ങൾ പക്ഷേ, മാർകോണിനെ മാറ്റിച്ചിന്തിപ്പിച്ചു. അദ്ദേഹം ഒരുതരം ഖേദപ്രകടനവുമായി പ്രതിഷേധങ്ങളെ അതിജയിച്ചു.

കുറച്ചു പഴയ സംഭവങ്ങൾ ഓർത്തെടുക്കാം... ഷാർലെ ഹെബ്ദോയിലേക്കും ഫ്രഞ്ച് പ്രസിഡന്റിലേക്കും തിരിച്ചുപോവുക:

2009ൽ ഫ്രഞ്ച് മുൻ പ്രസിഡന്റ് നിക്കോളാസ് സർക്കോസിയുടെ മകൻ ജീൻ സർക്കോസി ജൂതപെൺകുട്ടിയെ കല്യാണം കഴിച്ചതുമായി ബന്ധപ്പെട്ട് ഷാർലെ ഹെബ്ദോ കാർട്ടൂണിസ്റ്റും കോളമിസ്റ്റുമായ ലാഫെറി സൈൻ (L'affaire Sine) (തൂലികാനാമം സൈൻ) പുറത്താക്കപ്പെട്ടു. അദ്ദേഹം ചെയ്ത 'കൊടുംപാതകം' ജീൻ സർക്കോസി പണം മോഹിച്ചു ജൂതമതം സ്വീകരിച്ചു എന്ന് പറയുക മാത്രമാണ്. ഫ്രഞ്ച് ഭരണകൂടവും ദാർശനിക, സാംസ്‌കാരിക, രാഷ്ട്രീയ നായകന്മാരും സൈനിനെതിരെ കലാപക്കൊടി ഉയർത്തി. വളരെ ചെറിയ ഒരു വിഭാഗം മാത്രമാണ് അദ്ദേഹത്തെ അനുകൂലിച്ചത്.

സൈൻ പിരിച്ചുവിടപ്പെട്ടത് പ്രവാചകനിന്ദക്ക് പ്രസിദ്ധമായ ഷാർലെ ഹെബ്ദോയിൽനിന്നാണെന്നത് മാത്രമല്ല പ്രസക്തം. അതിനു 12 വർഷങ്ങൾ മുമ്പ്, (1997ൽ) ഫ്രഞ്ച് പാപ്പരാസികളുടെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റം കാരണം, ബ്രിട്ടീഷ് രാജകുമാരി ഡയാനക്കും സഹയാത്രികരായിരുന്ന രണ്ട്‌പേർക്കും സ്വന്തം ജീവൻതന്നെ പകരം കൊടുക്കേണ്ടിവന്ന ഫ്രാൻസ് നഗരത്തിൽനിന്ന് തന്നെയാണെന്നതു കൂടിയാണ്. വ്യക്തികളുടെ സ്വകാര്യതയ്ക്ക് തരിമ്പും വിലകൽപിക്കാത്ത സമൂഹങ്ങളുടെ, മതങ്ങളുടെ, വ്യക്തികളുടെ സ്വകാര്യതക്കും അഭിമാനത്തിനും ക്ഷതമേൽപിക്കുന്ന എന്തും പറയാനും എഴുതാനും പ്രസിദ്ധീകരിക്കാനും സ്വാതന്ത്ര്യമുണ്ട് എന്നാണല്ലോ മാർകോണിന്റെ പ്രസംഗത്തിൽ പ്രത്യക്ഷമാകുന്നത്. എന്നാൽ ജൂതവിമർശനം വേണ്ട, ജൂതൻ എന്ന് ഉച്ചരിച്ചാൽ പോലും ആന്റിസെമിറ്റിക് മുദ്രചാർത്തി ശിക്ഷിക്കപ്പെടും!

രണ്ടാം ലോക മഹായുദ്ധത്തോടനുബന്ധിച്ച് ജർമനിയിൽ ഹിറ്റ്‌ലർ നടത്തിയ ക്രൂരതകൾ ഏറെ കുപ്രസിദ്ധമാണല്ലോ. പ്രത്യേകിച്ച് യൂറോപ്യൻ ജൂതൻമാരെ കൂട്ടക്കൊല ചെയ്ത സംഭവം ചരിത്രത്തിൽ 'ഹോളോകോസ്റ്റ്' എന്ന പേരിലറിയപ്പെടുന്നു.

ഹോളോകോസ്റ്റിൽ 60 ലക്ഷം ജൂതർ കൊല്ലപ്പെട്ടു എന്നത് അൽപം അതിശയോക്തിപരമല്ലേ എന്ന് വസ്തുതാപരമായി സംശയിച്ചതിന് ഭീമമായ പിഴയും ജയിൽശിക്ഷയും അനുഭവിക്കേണ്ടിവന്ന സംഭവം ആധുനിക മാധ്യമ ചർച്ചക്ക് വേണ്ടത്ര വിഷയീഭവിച്ചിട്ടില്ല.

പ്രശസ്ത ഫ്രഞ്ച് ഫിലോസഫറും മുൻ കമ്യൂണിസ്റ്റുകാരനും ഫ്രഞ്ച് സെനറ്ററുമായിരുന്ന റോജർ ഗരോഡി (റജാ ഗരോഡി) വസ്തുതാപരമായ പഠനങ്ങളെ അവലംബിച്ച് ഹോളോകോസ്റ്റിൽ വധിക്കപ്പെട്ട ജൂതൻമാരുടെ എണ്ണത്തിലെ അതിശയോക്തി ചോദ്യം ചെയ്തതിന്റെ ഫലമായി എന്ത് സംഭവിച്ചു എന്ന് വിക്കിപീഡിയ വിശദീകരിക്കട്ടെ:

"റോജർ ഗരോഡി അഥവാ റജാ ഗരോഡി (17 ജൂലൈ 1913-13 ജൂൺ 2012). ഫ്രഞ്ച് തത്ത്വചിന്തകനും പ്രശസ്ത മുൻകമ്യൂണിസ്റ്റ് എഴുത്തുകാരനുമായിരുന്നു റജാ ഗരോഡി. അദ്ദേഹം ഇസ്‌ലാംമതം ആശ്ലേഷിക്കുകയും വിവാദപരമായതുൾപ്പെടെ നിരവധി ഗ്രന്ഥങ്ങളെഴുതുകയും ചെയ്യുകയുണ്ടായി.

1996ൽ ഗരോഡി തന്റെ ഏറ്റവും വിവാദമായ ഗ്രന്ഥം Les Mythes fondateurs de la politique israelienne രചിച്ചു. പിന്നീട് ഈ ഗ്രന്ഥം The Founding Myths of Modern Israel എന്ന പേരിൽ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തി. ഗ്രന്ഥത്തിൽ ഹോളോകോസ്റ്റ് ചോദ്യം ചെയ്യപ്പെടുന്നു എന്ന കാരണത്താൽ ഫ്രഞ്ച് കോടതി പുസ്തകം നിരോധിക്കുകയും 1998 ഫെബ്രുവരി 27ന് 240,000 ഫ്രഞ്ച് ഫ്രാങ്ക് പിഴയൊടുക്കേണ്ടിയും വന്നു. ഇക്കാരണത്താൽ ഏതാനും വർഷം ജയിൽവാസമനുഷ്ഠിക്കേണ്ടതായും വന്നു."

1913ൽ ജനിച്ച ഗരോഡി നാസി ജർമനിയുടെ ഫ്രഞ്ച് അധിനിവേശത്തിനെതിരെ പൊരുതിയ ഫ്രഞ്ച് റസിസ്റ്റൻസ് ഫൈറ്റർ (French resistance fighter) പോരാളിയായിരുന്നു. അക്കാരണത്താൽ തന്നെ അദ്ദേഹത്തെ അൾജീരിയയിലേക്ക് നാടുകടത്തുകയും ജയിലിലടക്കുകയും ചെയ്തിട്ടുണ്ട്. ഗരോഡി ഫ്രഞ്ച് സ്വാതന്ത്ര്യസമര സേനാനിയായിരുന്നു. കമ്യൂണിസ്റ്റ് തത്ത്വചിന്തകനും ഫ്രഞ്ച് കമ്യൂണിസ്റ്റ് പാർട്ടി നേതാ

വുമായിരുന്ന ഗരോഡി ഫ്രഞ്ച് നാഷണൽ അസംബ്ലിയിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും സ്പീക്കറും സെനറ്ററും ആയി സേവനമനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. നീണ്ട 28 കൊല്ലം അദ്ദേഹം കമ്യൂണിസ്റ്റ് പാർട്ടി എക്സിക്യൂട്ടീവ് അംഗമായിരുന്നു. 1982ൽ ഇസ്‌ലാം സ്വീകരിച്ച ഗരോഡി കേരളവും സന്ദർശിച്ചിട്ടുണ്ട്. സ്വാതന്ത്ര്യസമര സേനാനിയും ഭരണകർത്താവും എഴുത്തുകാരനും തത്ത്വചിന്തകനും പണ്ഡിതനുമായിരുന്ന ഗരോഡിയെയാണ് താൻ മനസ്സിലാക്കിയ കാര്യങ്ങൾ പണ്ഡിതോചിതവും വസ്തുതാപരവുമായി പറഞ്ഞതിന് ആന്റിസെമിറ്റിസ് പേരുപറഞ്ഞ് തുറുങ്കിലടക്കുകയും ഭീമമായ തുക പിഴ ചുമത്തുകയും ചെയ്തത്. ഇതാണ് ഫ്രാൻസിന്റെ 'ഫ്രീഡം ഓഫ് എക്സ്പ്രഷൻ' അഥവാ 'ആവിഷ്ക്കാര ആവി.' ഗരോഡിയുടെ എഴുത്ത് ഇസ്‌ലാമിനെതിരിലുള്ള നുണകളും അപഹാസ്യങ്ങളും പ്രവാചകനിന്ദകളുമായിരുന്നെങ്കിൽ അദ്ദേഹത്തിന് അംഗീകാരങ്ങളും അവാർഡുകളും ലഭിക്കുമായിരുന്നു.

ഹോളോകോസ്റ്റിനെ കുറിച്ചെഴുതിയ ഒരു ലേഖനവും അനുബന്ധ സംഭവങ്ങളും വിവരിക്കുന്ന ഒരു വാർത്താശകലം കാണാനിടയായി. ആ വാർത്തയിങ്ങനെയാണ്: "മാധ്യമ സ്വാതന്ത്ര്യം എത്രത്തോളമാവാം? എത്രയുമാവാം. പക്ഷേ, ഹോളോകോസ്റ്റ് നടന്നിട്ടില്ലെന്നോ അത് വല്ലാതെ ഊതിപ്പെരുപ്പിച്ചതാണെന്നോ പറഞ്ഞുപോകരുത്. ഈ പാഠം മാധ്യമലോകത്തിന് 1995ൽ കിട്ടിക്കഴിഞ്ഞതാണ്. ഹോളോകോസ്റ്റിന്റെ വ്യാപ്തി പറഞ്ഞയത്രയില്ലെന്നും ജൂതരെ മാത്രം തിരഞ്ഞുകൊന്നു എന്നത് കെട്ടുകഥയാണെന്നും ചില ചരിത്രകാരൻമാർ പറഞ്ഞിട്ടുണ്ട്. അത്തരം പുസ്തകങ്ങൾക്ക് (ക്രിസ്റ്റഫർസന്റെ ഓഷ്വിറ്റ്സ് നുണ ഉദാഹരണം) വിലക്കുള്ളതിനാൽ ഈ ആശയം വ്യാപകമായി പ്രചരിക്കാതെയും പരിശോധിക്കപ്പെടാതെയും പോകുന്നു.


നാസി ഗ്യാസ് ചേമ്പറുകൾ എന്ന ഒന്ന് ഉണ്ടായിട്ടേ ഇല്ലെന്ന് വസ്തുതാപരമായി സ്ഥാപിക്കാൻ ശ്രമിക്കുന്ന ഒരു ലേഖനം ജപ്പാനിലെ ഡോക്ടർ മഡനോറി നിഷിംചാക 1995 ഫെബ്രുവരിയിൽ അവിടുത്തെ മാർകോപോളോ മാസികക്ക് സമർപ്പിച്ചു. എഡിറ്റർ കസുയോഷി ഹസനക്ക് അത് നന്നേ ബോധിച്ചു. മാസികയിൽ അത് പ്രകാശിതമായി. ഇസ്രായേലി സർക്കാർ മുതൽ ജപ്പാനിലെ ജൂത ഗ്രൂപ്പുകൾ വരെ പ്രതിഷേധവുമായി ഇറങ്ങി. രാഷ്ട്രീയ സമ്മർദങ്ങൾക്കു പുറമെ സാമ്പത്തികമായി ബുദ്ധിമുട്ടിക്കാനും അവർ മുതിർന്നു. ഫോക്സ് വാഗൺ (ജർമനി), കാർത്രിയർ (ഫ്രാൻസ്), മിത് സുബിഷി (ജപ്പാൻ) തുടങ്ങി അനേകം കമ്പനികൾ മാസികക്കുള്ള പരസ്യങ്ങൾ പിൻവലിച്ചു. സമ്മർദം താങ്ങാനാവാതെ വന്നപ്പോൾ പത്ര ഉടമ ബുംഗയിൻഷിൻജു പത്രാധിപരെ പിരിച്ചുവിട്ടു. ഒന്നരലക്ഷം (രണ്ട് ലക്ഷം- ലേഖകൻ https://www.nytimes.com/1995/01/31/world/tokyo magazinetocloseafter articledenyingholocaust.html) കോപ്പി പ്രചാരമുണ്ടായിരുന്ന മാസിക അടച്ചുപൂട്ടി. ആവിഷ്കാരത്തിന്റെ അപ്പോസ്തലൻമാർ ഒന്ന് ഓരിയിട്ടുപോലുമില്ല."

ഹോളോകോസ്റ്റ് യഥാർഥത്തിൽ നടന്നോ ഇല്ലയോ എന്ന് പരിശോധിക്കപ്പെടാനും അതിലെ വാദങ്ങളുടെ ബലാബലം പരിശോധിക്കുവാനുമല്ല നാം ഇത്രയും ചർച്ച ചെയ്തത്. ഇവിടെ ഉദ്ധരിച്ച രണ്ട് സംഭവങ്ങളിലും ഹോളോകോസ്റ്റിനെക്കുറിച്ച് സംശയമുന്നയിച്ചവർ ഏറെ പ്രശസ്തരും സമുന്നതരുമായിരുന്നിട്ടു പോലും (റജാ ഗരോഡി: നാടിന്റെ മോചനത്തിനുവേണ്ടി യുദ്ധം ചെയ്യുകയും ശത്രുക്കളുടെ പിടിയിലകപ്പെട്ട് മുപ്പതുമാസം ജയിൽ ശിക്ഷയനുഭവിക്കുകയും ചെയ്ത രാഷ്ട്രത്തിന്റെ കാവൽക്കാരൻ) കടുത്ത ശിക്ഷയും വലിയ പിഴയും നൽകേണ്ടിവന്നു എന്ന കാര്യവും രണ്ട് ലക്ഷം വായനക്കാരുള്ള മാർക്കോപോളോ മാസിക അടച്ചുപൂട്ടേണ്ടി വന്ന കാര്യവും പറയാനാണ്.

ക്രിസ്റ്റഫർസന്റെ ഓഷ്വിറ്റ്സ് നുണയെ (thies christophersen the auschwitz lie) കുറിച്ച് പരാമർശിച്ചല്ലോ. ക്രിസ്റ്റഫർസൻ ഹോളോകോസ്റ്റ് ക്യാമ്പിനു മൂന്ന് കിലോമീറ്റർ മാത്രം ദൂരെ ആ കാലഘട്ടത്തിൽ ജീവിച്ച വ്യക്തിയാണ്. മാത്രമല്ല അദ്ദേഹം ഓഷ്വിറ്റ്സ് ക്യാമ്പുകളിലെ സന്ദർശകനുമായിരുന്നു. ഓഷ്വിറ്റ്സ് ക്യാമ്പുകളിലെ 'ക്രൂരത'കളുടെ ദൃക്സാക്ഷി കൂടിയായിരുന്ന ക്രിസ്റ്റഫർസ് എഴുതിയ ഗ്രന്ഥം ആന്റിസെമിറ്റിസം ചാർത്തി നിരോധിക്കപ്പെട്ടു. എത്ര ഭീകരമാണ് ലോകത്തെ ആവിഷ്ക്കാരസ്വാതന്ത്ര്യത്തിനുള്ള സ്വാതന്ത്ര്യം! ഇത്തരം ചില പ്രാകൂീസുകൾ ഇന്ത്യയിലും ലോകത്താകമാനവും ആവിഷ്ക്കരിച്ചു വരുന്നുണ്ട്.

ഷാർലെ ഹെബ്ദോയുടെ പ്രവാചകനിന്ദാഭീകരത യാദൃച്ഛികമല്ല. ലോകഭീകരനിർമാണ ഫാക്ടറികളിൽ ഉരുത്തിരിയുന്ന കുബുദ്ധിയുടെ ഉൽപന്നം തന്നെയാണത്. ആഗോള ഇസ്‌ലാമിക ഭീകരത ഇത്തരം ഫാക്ടറിയിൽ സൃഷ്ടിക്കപ്പെട്ടതാണല്ലോ.

ഡോ. ജൗസൽ
jauzalcp@gmail.com



# ഭ്രൂണശാസ്ത്രം ക്വുർആനിലും ഹദീഥിലും

**അണ്ഡവും ബീജവും, ക്വുർആൻ പരാമർശങ്ങളുടെ കൃത്യത**

**ഭ്രൂണത്തെ കുറിച്ചും അതിന്റെ വളർച്ചാ ഘട്ടങ്ങളെ കുറിച്ചുമെല്ലാമുള്ള ക്വുർആനിക പരാമർശങ്ങളിലെ കൃത്യത ആരെയും അത്ഭുതപ്പെടുത്തുന്നതാണ്. എന്നാൽ ഇക്കാര്യത്തെ തമസ്കരിക്കാൻ വികലമായ വ്യാഖ്യാനങ്ങളിലൂടെ ക്വുർആനിനെ ഖണ്ഡിക്കുകയാണ് വിമർശകർ. ക്വുർആനിലെ ഭ്രൂണ വിജ്ഞാനത്തെ പറ്റിയുള്ള വിശദീകരണങ്ങൾക്കെതിരെയുള്ള ഏറ്റവും പുതിയ ആരോപണങ്ങൾ വസ്തുതാപരമായി വിശകലനം ചെയ്യുന്നു.**

ഭ്രൂണശാസ്ത്രം എന്നത് വളരെ ആധുനികമായ, വികസിച്ച ഒരു ശാസ്ത്രശാഖയാണ്. ഗർഭപാത്രത്തിനകത്ത് എങ്ങനെയാണ് ഒരു കുഞ്ഞുണ്ടാകുന്നത്, എങ്ങനെയാണ് ആ കുഞ്ഞ് വളരുന്നത് എന്നൊക്കെ കഴിഞ്ഞ നൂറ്റാണ്ടിൽ മാത്രമാണ് നമുക്ക് അറിയാൻ സാധിച്ചിട്ടുള്ളത്. ഗർഭപാത്രത്തിനകത്ത് നടക്കുന്ന കാര്യങ്ങൾ മനസ്സിലാക്കാനുള്ള സ്കാനിംഗും മറ്റുമൊക്കെ അടുത്തകാലത്ത് മാത്രമാണ് ഉണ്ടായിട്ടുള്ളതെന്ന് നമുക്കറിയാം. ആദ്യകാലത്ത് മനുഷ്യർക്ക് ഒരുവിധ ധാരണയും ഇല്ലാതിരുന്ന ഒരു വിഷയമാണിത്. ഉണ്ടെങ്കിൽത്തന്നെ അത് അബദ്ധധാരണകൾ മാത്രവുമായിരുന്നു.

മനുഷ്യഭ്രൂണത്തിന്റെ വളർച്ചയെക്കുറിച്ച് പഠിക്കുക എന്നത് എളുപ്പമുള്ള കാര്യമല്ല. വളരെ പ്രയാസമുള്ള ഒരു ശാസ്ത്രശാഖയാണ് ഭ്രൂണശാസ്ത്രം. ഇന്നും കൂടുതൽ കൂടുതൽ പഠനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന മേഖലയാണത്. ഗർഭത്തിന്റെ ആദ്യ ആഴ്ചകളിൽ ഏതാനും മില്ലിമീറ്ററും ഏതാനും സെന്റിമീറ്ററുകളും മാത്രം വലിപ്പമുള്ള ഒരു വളരെ ചെറിയ ഒരു രൂപമാണ് ഭ്രൂണത്തിനുള്ളത്. ഭ്രൂണത്തെപ്പറ്റി പഠിക്കാനായി ഭ്രൂണം ഗർഭപാത്രത്തിനകത്തുനിന്നും എടുത്ത് പുറത്തേക്കു കൊണ്ടുവരാനോ ഗർഭപാത്രത്തിന് അകത്തുപോയി മൈക്രോസ്കോപ്പുവച്ച് പരിശോധിക്കാനോ സാധ്യമല്ല. ഗർഭകാലത്തിലെ ആദ്യ ആഴ്ചകളിൽ സ്കാനിംഗ്കൊണ്ട് കാര്യമായി ഒന്നും നമുക്ക് മനസ്സിലാക്കാൻ കഴിയുകയില്ല. കുറച്ച് വലുതായശേഷം മാത്രമെ, അഥവാ കുറച്ചു മാസങ്ങൾ പ്രായമുള്ളപ്പോൾ മാത്രമെ സ്കാനിംഗിലൂടെ കുട്ടിയുടെ അവയവങ്ങൾ കാണുവാനും മനസ്സിലാക്കാനും സാധിക്കുകയുള്ളൂ.


മനുഷ്യ ഭ്രൂണത്തെപ്പറ്റി പഠിക്കാൻ നിലവിൽ ആകെയുള്ള മാർഗം ഗർഭത്തിന്റെ ആദ്യ ആഴ്ചകളിൽ അബോർഷൻ ആകുന്ന സ്ത്രീകളുടെ അബോർഷൻ ഫ്ളൂയിഡ് ശേഖരിച്ച് മൈക്രോസ്കോപ് മുഖേന പരിശോധിക്കുക എന്നതാണ്. അങ്ങനെ പരിശോധിച്ചാണ് ഇന്ന് കാണുന്ന രൂപത്തിലുള്ള ഭ്രൂണശാസ്ത്രം രൂപമെടുത്തിട്ടുള്ളത്.

ഏഴാം നൂറ്റാണ്ടിൽ ജീവിച്ച ഒരാൾക്കുംതന്നെ ഈ വിഷയത്തിൽ ഇത്തരത്തിലുള്ള ശാസ്ത്രീയ അറിവുകൾ ഉണ്ടാവാൻ യാതൊരുവിധ അവസരവുമില്ല. എന്നാൽ മൈക്രോസ്കോപ് കണ്ടുപിടിക്കുന്നതിനും ആയിരം വർഷങ്ങൾക്കു മുമ്പ് ഈ കാര്യങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ വിശുദ്ധ ക്വുർആനിലും പ്രവാചകവചനങ്ങളിലും കാണുവാൻ സാധിക്കുന്നു എന്നത് ഇസ്‌ലാമിന്റെ ദൈവികതയാണ് വ്യക്തമാക്കുന്നത്.

പതിനേഴാം നൂറ്റാണ്ടിലാണ് ആന്റണി വാൻ ലീവൻഹുക്ക് മൈക്രോസ്കോപ് കണ്ടുപിടിക്കുന്നത്. 1677ൽ ആന്റണി വാൻ ലീവൻഹുക്കും അദ്ദേഹത്തിന്റെ സഹപ്രവർത്തകൻ നിക്കോളാസ് ഹാർട്ട്സീക്കറും ചേർന്നാണ് ലോകത്താദ്യമായി ശുക്ലപരിശോധനയിലൂടെ പുരുഷബീജം കണ്ടെത്തിയത്. അവർ കരുതിയിരുന്നത് ഒരു ബീജത്തിനകത്ത് ചെറിയ രൂപത്തിലുള്ള ഒരു മനുഷ്യക്കുട്ടിയുണ്ട് എന്നായിരുന്നു! ഹോമൻകുലസ് (homunculus) എന്നായിരുന്നു അതിനെ വിളിച്ചിരുന്നത്. ബീജത്തിനകത്തുള്ള ഈ ഒരു ഹോമൻകുലസ് എന്ന ചെറിയ മനുഷ്യക്കുട്ടി ഗർഭാശയത്തിന് അകത്തെത്തിയാൽ അവിടെനിന്ന് വികാസം പ്രാപിക്കുകയും വലിയൊരു കുട്ടിയായി മാറുകയും ചെയ്യുന്നു എന്നായിരുന്നു ഇവരുടെ ധാരണ.

പതിനെട്ടാം നൂറ്റാണ്ടുവരെ ശാസ്ത്രലോകത്തിന്റെ കാഴ്ചപ്പാട് പ്രീഫോർമേഷൻ എന്ന ഈ സിദ്ധാന്തമായിരുന്നു. അഥവാ പുരുഷന്റെ ശുക്ലത്തിനകത്തുള്ള ബീജത്തിൽ ഒരു കുഞ്ഞുശിശു ഉണ്ട്; അത് സ്ത്രീപുരുഷ ബന്ധത്തിലൂടെ ഗർഭാശയത്തിനകത്ത് എത്തുമ്പോൾ അവിടെ കിടന്നു വളർന്നുവലുതാകുന്നു, വലിയൊരു കുട്ടിയായിമാറുന്നു. പുരുഷബീജത്തിനകത്തുള്ള ഈ കുട്ടിയെ വളർത്താൻ ആവശ്യമായ ഒരു മാധ്യമം മാത്രമാണ് സ്ത്രീയുടെ ഗർഭാശയം എന്നാണ് അവർ വിചാരിച്ചിരുന്നത്. അഥവാ കുട്ടി ഉണ്ടാകുന്നത് പൂർണമായും പുരുഷ ബീജത്തിനകത്തുള്ള ഈ ഹൊമൻകുലസ് വളർന്നാണ്. അതിന് ആവശ്യമായ ഒരു സാഹചര്യമൊരുക്കുക എന്നത് മാത്രമാണ് സ്ത്രീയുടെ ഗർഭപാത്രത്തിന്റെ റോൾ എന്ന നിഗമനം!

ലീവൻഹുക്കിനൊപ്പം ആദ്യമായി മനുഷ്യബീജം മൈക്രോസ്കോപിലൂടെ ദർശിച്ച നിക്കോളാസ് ഹാർട്ട്സീക്കർ 1695 വരച്ച ഹോമൻകുലസിന്റെ ചിത്രം വളരെ പ്രസിദ്ധമാണ്. ഒരു പുരുഷബീജത്തിനുള്ളിൽ ഒളിച്ചിരിക്കുന്ന ചെറിയ കുട്ടിയുടെ രൂപത്തിലുള്ള ഹോമൻകുലസിന്റെ ചിത്രം താഴെ കൊടുക്കുന്നു.



പുരുഷബീജം കണ്ടെത്തി രണ്ടു നൂറ്റാണ്ടുകൾ കഴിഞ്ഞാണ് സ്ത്രീയുടെ അണ്ഡം കണ്ടുപിടിക്കപ്പെട്ടത്. ഒരു മനുഷ്യക്കുഞ്ഞുണ്ടാവാൻ പുരുഷബീജം സ്ത്രീയുടെ ഗർഭപാത്രത്തിൽ നിക്ഷേപിച്ചാൽ മാത്രം പോരാ, സ്ത്രീയുടെ ബീജവുംകൂടി ആവശ്യമുണ്ട് എന്നുള്ളത് വളരെ അടുത്ത കാലത്ത് മാത്രമാണ് ശാസ്ത്രലോകം മനസ്സിലാക്കിയിട്ടുള്ളത്. പുരുഷ ബീജവും സ്ത്രീബീജവും കൂടിച്ചേർന്നാൽ മാത്രമെ കുട്ടിയുണ്ടാവുകയുള്ളൂ എന്നുള്ളത് ശാസ്ത്രലോകത്തിന് രണ്ട് നൂറ്റാണ്ടു മുമ്പ് വരെ അജ്ഞാതമായ കാര്യമായിരുന്നു എന്ന് വ്യക്തം.

ഈ കാര്യങ്ങളൊക്കെ മുൻനിർത്തി ആലോചിക്കുമ്പോഴാണ് ഏഴാംനൂറ്റാണ്ടിലെ നിരക്ഷരനായ ഒരു പ്രവാചകനിലൂടെ അല്ലാഹു അവതരിപ്പിച്ച ക്വുർആൻ സൂക്തങ്ങളും അതിന്റെ വിശദീകരണമായ നബിവചനങ്ങളും എത്രമാത്രം ശാസ്ത്രീയമാണ് എന്ന് നാം അത്ഭുതംകൂറുന്നത്. എഴുതാനോ വായിക്കാനോ അറിയാത്ത, ശാസ്ത്രത്തിന്റെ ബാലപാഠങ്ങൾ പോലും അറിയാത്ത പ്രവാചകന്റെ നാവിലൂടെ ഇത്തരം കൃത്യമായ ശാസ്ത്രീയ സത്യങ്ങൾ 1400 വർഷങ്ങൾക്കുമുമ്പ് പുറത്തുവന്നു എങ്കിൽ അതിനുപിന്നിൽ ദൈവികമായ ഒരു ഇടപെടൽ ഉണ്ടായിരിക്കുമെന്നത് സാമാന്യബുദ്ധി അംഗീകരിക്കുന്ന ഒരു സത്യം മാത്രമാണ്. ഒരു കുട്ടി ഉണ്ടാവാൻ പുരുഷബീജം പോലെ തന്നെ സ്ത്രീയുടെ ബീജവും (അണ്ഡം) ആവശ്യമാണെന്നും പുരുഷബീജവും സ്ത്രീബീജവും കൂടിച്ചേർന്നാണ് ഒരു കുഞ്ഞ് ജനിക്കുന്നത് എന്നുമുള്ള, വളരെകൃത്യമായ വിവരം ക്വുർആൻ നൽകുന്നുണ്ട്.

“(സ്ത്രീയുടെയും പുരുഷന്റെയും) കൂടിച്ചേർന്ന നുത്ഫയിൽനിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു; നാം അവനെ പരീക്ഷിക്കുവാനായിട്ട്. അങ്ങനെ അവനെ നാം കേൾവിയുള്ളവനും കാഴ്ചയുള്ളവനുമാക്കിയിരിക്കുന്നു” (ക്വുർആൻ 76:2).

ഈ വചനത്തെ വിശദീകരിക്കവെ പ്രസിദ്ധരായ ക്വുർആൻ വ്യാഖ്യാതാക്കളെല്ലാം പറഞ്ഞിട്ടുള്ളത് ‘നുത്ഫതുൻ അംശാജ്’ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സ്ത്രീയുടെയും പുരുഷന്റെയും നുത്ഫ കൂടിച്ചേർന്നത് എന്നാണ്. മുഹമ്മദ് നബിﷺയുടെ അനുചരനും പ്രമുഖ ക്വുർആൻ വ്യാഖ്യാതാവുമായ അബ്ദുല്ലാഹിബ്നു അബ്ബാസ്ؓ, താബിഈ പണ്ഡിതരായ മുജാഹിദ്(റഹി), ഇക്‌രിമ(റഹി), ഹസനുൽ ബസ്വരി(റഹി), റബീഅ്(റഹി) എന്നിവരെല്ലാം ഇങ്ങനെയാണ് വിശദീകരിച്ചിട്ടുള്ളത്. ഇത് പ്രത്യേകം എടുത്തുപറഞ്ഞത് ഇതൊന്നും ആധുനികമായ വ്യാഖ്യാനങ്ങളല്ല എന്ന് വ്യക്തമാക്കുവാനാണ്.


സ്ത്രീബീജത്തിന് മലയാളത്തിൽ ‘അണ്ഡം’ എന്ന പദമാണ് ഉപയോഗിക്കാറുള്ളത്. അറബിയിൽ ‘നുത്ഫ’ എന്ന പദം പുരുഷന്റെ ബീജത്തിനും സ്ത്രീയുടെ അണ്ഡത്തിനും പൊതുവായി ഉപയോഗിക്കുന്ന പദമാണ്. മലയാളത്തിൽ ഇതിനു തത്തുല്യമായ ഒരു വാക്ക് ഇല്ലാത്തതുകൊണ്ടാണ് ‘സ്ത്രീബീജം’ എന്ന് കൊടുക്കുന്നത്. ഇംഗ്ലീഷിൽ gamete എന്ന ഒരു വാക്കുണ്ട്.

> **Gametes** are an organism's reproductive cells. They are also referred to as sex cells. Female **gametes** are called ova or egg cells, and male **gametes** are called sperm. **Gametes** are haploid cells, and each cell carries only one copy of each chromosome.
>
> https://www.nature.com › definition
>
> gamete / gametes | Learn Science at Scitable - Nature

യഥാർഥത്തിൽ പുരുഷന്റെ ബീജത്തിനും സ്ത്രീയുടെ അണ്ഡത്തിനും പൊതുവിൽ ഉപയോഗിക്കാവുന്ന, രണ്ട് അർഥങ്ങളും ഉൾക്കൊള്ളുന്ന പദമാണ് ‘നുത്ഫ’ എന്നത്. പരിഭാഷയിലെ ബീജം എന്ന വാക്ക് കണ്ടിട്ട് പുരുഷബീജത്തെപ്പറ്റി മാത്രമാണ് ക്വുർആനിൽ പരാമർശിക്കുന്നത് എന്ന് വിമർശകർ തെറ്റിദ്ധരിക്കുന്നതാണ് പല വിമർശനങ്ങളുടെയും അടിസ്ഥാനം. സത്യത്തിൽ മലയാളഭാഷയുടെ പരിമിതി മാത്രമാണിത്. മലയാളത്തിൽ ചില പദങ്ങൾക്ക് പുല്ലിംഗത്തിനും സ്ത്രീലിംഗത്തിനും വെവ്വേറെ പദങ്ങളാണ് ഉപയോഗിക്കുന്നതെങ്കിൽ മറ്റുഭാഷകളിൽ ചിലപ്പോൾ ഒരുപദം ആയിരിക്കും രണ്ടിനും പൊതുവായി ഉപയോഗിക്കുക. ഉദാഹരണത്തിന് മലയാളത്തിൽ നായ എന്നാൽ പുല്ലിംഗവും പട്ടി എന്നാൽ സ്ത്രീലിംഗവും ആണ്. ഇംഗ്ലീഷിൽ രണ്ടിനും dog എന്നാണ് പറയുക. Dog bite can be dangerous എന്ന ഇംഗ്ലീഷ് വാചകം മലയാളത്തിൽ പരിഭാഷപ്പെടുത്തുക ‘നായകടി അപകടകരമായേക്കാം’ എന്നാണ്. അതിനർഥം (പെൺ)പട്ടി കടിച്ചാൽ കുഴപ്പമില്ല, (ആൺ) നായ കടിച്ചാൽ മാത്രമാണ് കുഴപ്പം എന്നല്ലല്ലോ. ഇ

വിടെ പറഞ്ഞ ഇംഗ്ലീഷ് വാചകത്തിൽ നായയും പട്ടിയും ഒക്കെ ഉദ്ദേശിക്കപ്പെടുന്നുണ്ട്. പക്ഷേ, മലയാള പരിഭാഷയിൽ നായ എന്നോ പട്ടി എന്നോ മാത്രമെ ഉണ്ടാവൂ. അതിനർഥം അവിടെ പുല്ലിംഗം മാത്രമാണ് ഉദ്ദേശിച്ചത് എന്നോ സ്ത്രീലിംഗം മാത്രമാണ് ഉദ്ദേശിച്ചത് എന്നോ അല്ല. ഭാഷകളുടെ പരിമിതികൾ മാത്രമാണ് ഇത് വ്യക്തമാക്കുന്നത്.

പരിഭാഷകളിൽ 'ബീജം' എന്ന് കാണുമ്പോൾ അവിടെ അണ്ഡത്തെ ഉദ്ദേശിച്ചിട്ടില്ല എന്ന് ഒരിക്കലും തെറ്റിദ്ധരിക്കരുത്. 'നുത്ഫ' എന്ന് ക്വുർആൻ ഉപയോഗിക്കുമ്പോൾ അവിടെ അണ്ഡവും ബീജവും ഉദ്ദേശിക്കപ്പെടുന്നുണ്ട്. AD 1863ൽ Edward William Lane പ്രസിദ്ധീകരിച്ച ArabicEnglish Lexicon 'നുത്ഫ' എന്ന വാക്കിന് sperma of a man and of a woman എന്ന് കൃത്യമായി അർഥം കൊടുത്തതായി കാണാം. താഴെ കാണുന്ന സ്ക്രീൻഷോട്ട് ശ്രദ്ധിക്കുക:




'നുത്ഫ' എന്നാൽ gamete അഥവാ sex cell ആണ് എന്നും നുത്ഫതുൻ അംശാജ് എന്നാൽ അണ്ഡവും ബീജവും കൂടിച്ചേർന്ന fertilized egg ആണെന്നും കൃത്യമായി മനസ്സിലാക്കുക. ഇത് പ്രവാചക ശിഷ്യന്മാരുടെ വിശദീകരണങ്ങളിൽ വളരെ കൃത്യമായി കാണാവുന്ന, എല്ലാ തഫ്സീറുകളിലും കൊടുത്തിട്ടുള്ള വിശദീകരണം മാത്രമാണ്.

### ശുക്ലം പുറപ്പെടുന്നത് നട്ടെല്ലിനും വാരിയെല്ലിനും ഇടയിൽനിന്നാണെന്നോ?

വിശുദ്ധ ക്വുർആനിൽ അശാസ്ത്രീയമായ പരാമർശങ്ങൾ ഉണ്ട് എന്ന് സ്ഥാപിക്കാനായി വിമർശകർ കൊണ്ടുവരുന്ന ചില സൂക്തങ്ങളാണ് ഇവിടെ ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നത്.

"എന്നാൽ മനുഷ്യൻ ചിന്തിച്ചുനോക്കട്ടെ താൻ എന്തിൽനിന്നാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന്. തെറിച്ചുവീഴുന്ന ദ്രാവകത്തിൽനിന്നത്രെ അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. സ്വുൽബിനും തറാഇബിനും ഇടയിൽനിന്ന് അത് പുറത്തുവരുന്നു" (ക്വുർആൻ 86:5-7).

പല ക്വുർആൻ പരിഭാഷകളിലും ഏഴാമത്തെ ആയത്തിന് നട്ടെല്ലിനും വാരിയെല്ലിനും ഇടയിൽനിന്ന് അത് പുറപ്പെടുന്നു എന്നാണ് കാണുക. ഞാൻ ആ പരിഭാഷകൾ ഉപയോഗിക്കാതെ ക്വുർആൻ ഉപയോഗിച്ച അറബി പദങ്ങളായ 'സ്വുൽബ്,' 'തറാഇബ്' എന്ന പദങ്ങൾ തന്നെയാണ് ഉപയോഗിക്കുന്നത്. അതിന്റെ കാരണം ലേഖനം മുഴുവൻ വായിച്ചുകഴിയുമ്പോൾ നിങ്ങൾക്ക് ബോധ്യപ്പെടും എന്നു കരുതുന്നു.

'തെറിച്ചുവീഴുന്നദ്രാവകം കൊണ്ട് ഉദ്ദേശിക്കുന്നത് പുരുഷശുക്ലമാണ്. പുരുഷന്റെ ശുക്ലം ഉൽപാദിപ്പിക്കപ്പെടുന്നത് വൃഷണങ്ങളിൽനിന്നാണെന്ന കാര്യം മുഹമ്മദ് നബിﷺക്ക് അറിയാത്തതുകൊണ്ട് പറ്റിയ അബദ്ധമാണ് ഇത്' എന്നെല്ലാമാണ് ഇസ്‌ലാം വിമർശകരുടെ ആരോപണം.

വിമർശകരുടെ വാദം ശരിയാകണമെങ്കിൽ അന്നത്തെ അറബികൾക്ക് ബീജോൽപാദനം നടക്കുന്നത് വൃഷണങ്ങളിൽനിന്നാണ് എന്ന അറിവ് ഉണ്ടായിരുന്നില്ല എന്നു വേണം കരുതാൻ. എന്നാൽ ചരിത്രം പരിശോധിച്ചാൽ ഈ വാദം തികച്ചും തെറ്റാണെന്ന് കാണാൻ സാധിക്കും. വൃഷണങ്ങളിൽനിന്നാണ് ബീജം ഉൽപാദിപ്പിക്കപ്പെടുന്നത് എന്ന് പ്രാചീനകാലം മുതൽക്കേ മനുഷ്യർക്ക് അറിവുള്ള കാര്യമാണ്. അടിമത്ത സമ്പ്രദായം നിലനിന്നിരുന്ന അക്കാലത്ത് അടിമകളുടെ പ്രത്യുൽപാദനശേഷി ഇല്ലാതാക്കാനായി ഷണ്ഡീകരിക്കുന്ന (castration) സമ്പ്രദാ

യമുണ്ടായിരുന്നു എന്നത് ഇക്കാര്യം വ്യക്തമാക്കുന്നു.

അടിമകളെ ഷണ്ഡീകരിക്കുന്ന കിരാതനടപടിയെ മുഹമ്മദ് നബിﷺ പൂർണമായി നിരോധിച്ചതായി ഹദീഥ് ഗ്രന്ഥങ്ങളിൽ കാണാം. അടിമകളെ ഷണ്ഡീകരിക്കാൻ പാടില്ല എന്നും ആരെങ്കിലും തന്റെ കീഴിലുള്ള അടിമയെ ഷണ്ഡീകരിച്ചാൽ അവനെതിരിൽ അതേ തരത്തിലുള്ള ശിക്ഷാനടപടി ഉണ്ടാകുമെന്നും മുഹമ്മദ് നബിﷺ പറഞ്ഞതായും ഹദീഥുകളുള്ളതായി കാണാൻ സാധിക്കും.

മുഹമ്മദ് നബിﷺ പ്രഖ്യാപിച്ചു: "ആരെങ്കിലും സ്വന്തം അടിമയെ വധിച്ചാൽ അവനെ നാം വധിക്കുന്നതാണ്. ആരെങ്കിലും അടിമയെ അംഗഭംഗം വരുത്തുകയാണെങ്കിൽ അവനെ നാം അംഗഭംഗം നടത്തുന്നതാണ്. ആരെങ്കിലും അടിമയെ ഷണ്ഡീകരിച്ചാൽ അവനെ നാം ഷണ്ഡീകരിക്കുന്നതാണ്" (നസാഈ: 4736).

വൃഷണങ്ങളിൽനിന്നാണ് ബീജോൽപാദനം നടക്കുന്നത് എന്ന വിവരം അന്നത്തെ സമൂഹത്തിന് ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കാനാണ് ഹദീഥ് ഇവിടെ കൊണ്ടുവന്നത്. വൃഷണം ഛേദിച്ചുകൊണ്ടുള്ള ഷണ്ഡീകരണം വിലക്കിക്കൊണ്ടുള്ള വേറെയും ഹദീഥുകൾ കാണാം.

വൃഷണങ്ങളിലാണ് ബീജോൽപാദനം നടക്കുന്നത് എന്നും വൃഷണങ്ങൾ കാലുകൾക്കിടയിലുള്ള വൃഷണസഞ്ചിയിൽ ആണെന്നും എല്ലാവർക്കും അറിവുണ്ടായിരിക്കെ പിന്നെ എന്തുകൊണ്ടാണ് സ്വുൽബിബിനും തറാഇബിനും ഇടയിൽനിന്നാണ് തെറിച്ചുവീഴുന്ന ദ്രാവകം പുറപ്പെടുന്നത് എന്ന് പറഞ്ഞത് എന്നതാണ് ഇനി നമുക്ക് പരിശോധിക്കാനുള്ളത്.

നബിﷺയിൽനിന്നും ക്വുർആൻ നേരിട്ട് കേട്ടു പഠിച്ച സ്വഹാബിമാർ ഈ വചനങ്ങളെ എങ്ങനെയാണ് മനസ്സിലാക്കിയത് എന്ന് നമുക്ക് നോക്കാം. പ്രവാചകശിഷ്യനും ക്വുർആൻ വ്യാഖ്യാതാവുമായ അബ്ദുല്ലാഹിബ്നു അബ്ബാസ്ﷺ ഈ വചനങ്ങൾ വ്യാഖ്യാനിച്ചത് നമുക്ക് തഫ്സീറുകളിൽ കാണാം:

"ഇബ്നു അബ്ബാസ്ﷺ പറഞ്ഞു: പുരുഷന്റെ സ്വുൽബിൽനിന്നും സ്ത്രീയുടെ തറാഇബിൽനിന്നുമാണ് ദ്രാവകങ്ങൾ പുറപ്പെടുന്നത്. (സ്ത്രീയുടെ) ദ്രാവകം മഞ്ഞയും കട്ടികുറഞ്ഞതുമാണ്. പുരുഷന്റെയും സ്ത്രീയുടെയും ദ്രാവകങ്ങൾ കൂടിച്ചേർന്നാലല്ലാതെ കുഞ്ഞുണ്ടാവുകയില്ല. ഇതേ വ്യാഖ്യാനം തന്നെ സഈദുബ്നു ജുബൈർ(റഹി), ഇക്‌രിമ(റഹി), ക്വതാദ(റഹി), സ്വുദ്ദീ(റഹി) അടക്കമുള്ള എല്ലാ താബിഈ പണ്ഡിതരും പ്രസ്താവിച്ചിട്ടുണ്ട്" (തഫ്സീർ ഇബ്നു കഥീർ).

മുൻകാല ക്വുർആൻ വ്യാഖ്യാതാക്കളായ ഇമാമുമാർ ത്വബ്‌രി, സമഖ്ശരി, ത്വബ്റാനി, റാസി, ക്വുർത്വുബി, ഇബ്നു കഥീർ, ശൗകാനി തുടങ്ങിയവരെല്ലാം ഈ വ്യാഖ്യാനം തന്നെയാണ് ഈ ആയത്തുകൾക്ക് നൽകിയിട്ടുള്ളത്.

ഈ സൂക്തത്തിൽ പ്രതിപാദിക്കുന്നത് പുരുഷശുക്ലത്തിന്റെ കാര്യം മാത്രമല്ല എന്നത് നാം പ്രത്യേകം മനസ്സിലാക്കണം. 'തെറിച്ചുവീഴുന്ന ദ്രാവകം' എന്നതുകൊണ്ട് ഉദ്ദേശിച്ചത് പുരുഷശുക്ലം മാത്രമാണ് എന്ന തെറ്റിദ്ധാരണയിൽനിന്നാണ് എല്ലാ വിമർശനങ്ങളും ഉയരുന്നത്. മുകളിൽ നാം കൃത്യമായി കണ്ടുകഴിഞ്ഞു, ഈ വചനങ്ങൾ മുഹമ്മദ് നബിﷺയിൽനിന്നും നേരിട്ട് പഠിച്ച സ്വഹാബിമാർ എങ്ങനെയാണ് മനസ്സിലാക്കിയത് എന്ന കാര്യം. അവർ മനസ്സിലാക്കിയത് പുരുഷന്റെ തെറിച്ചുവീഴുന്ന ദ്രാവകം പുരുഷന്റെ സ്വുൽബിൽനിന്നും സ്ത്രീയുടെ തെറിച്ചുവീഴുന്ന ദ്രാവകം സ്ത്രീയുടെ തറാഇബിൽനിന്നും ആണ് ഉൽപാദിപ്പിക്കപ്പെടുന്നത് എന്നാണ്. ക്വുർആൻ വ്യാഖ്യാതാക്കളെല്ലാം പറഞ്ഞതും അതുതന്നെയാണ്.


തഫ്സീർ ജലാലൈനി പറയുന്നു: "മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് തെറിച്ചുവീഴുന്ന ദ്രാവകങ്ങളിൽ നിന്നാണ്. പുരുഷനിൽനിന്നും സ്ത്രീയിൽനിന്നും ദ്രാവകങ്ങൾ ഗർഭാശയത്തിനുള്ളിലേക്ക് തെറിച്ചു വീഴുന്നു."


> **യഥാർഥത്തിൽ പുരുഷന്റെ ബീജത്തിനും സ്ത്രീയുടെ അണ്ഡത്തിനും പൊതുവിൽ ഉപയോഗിക്കാവുന്ന, രണ്ട് അർഥങ്ങളും ഉൾക്കൊള്ളുന്ന പദമാണ് 'നുത്വ്ഫ' എന്നത്. പരിഭാഷയിലെ ബീജം എന്ന വാക്ക് കണ്ടിട്ട് പുരുഷബീജത്തെപ്പറ്റി മാത്രമാണ് ക്വുർആനിൽ പരാമർശിക്കുന്നത് എന്ന് വിമർശകർ തെറ്റിദ്ധരിക്കുന്നതാണ് പല വിമർശനങ്ങളുടെയും അടിസ്ഥാനം. സത്യത്തിൽ മലയാളഭാഷയുടെ പരിമിതി മാത്രമാണിത്. മലയാളത്തിൽ ചില പദങ്ങൾക്ക് പുല്ലിംഗത്തിനും സ്ത്രീലിംഗത്തിനും വെവ്വേറെ പദങ്ങളാണ് ഉപയോഗിക്കുന്നതെങ്കിൽ മറ്റുഭാഷകളിൽ ചിലപ്പോൾ ഒരുപദം ആയിരിക്കും രണ്ടിനും പൊതുവായി ഉപയോഗിക്കുക.**


"പുരുഷന്റെ ഇടുപ്പിൽനിന്നും സ്ത്രീയുടെ വാരിയെല്ലിൽനിന്നുമാണ് ദ്രാവകങ്ങൾ പുറപ്പെടുന്നത്."

എന്താണ് വിശുദ്ധ ഖുർആൻ പറഞ്ഞ 'സ്വുൽബ്?' എന്താണ് 'തറാഇബ്?' സ്വുൽബ് എന്ന പദത്തിന്റെ അർഥം ഉറപ്പുള്ളത് (strong) എന്നാണ്. ശരീരവുമായി ബന്ധപ്പെടുത്തി പറയുമ്പോൾ ഇതിന്റെ അർഥം loin എന്നാണ്. മലയാളത്തിൽ ഇടുപ്പ്, നാഭി, അരക്കെട്ട്, കടിതടം, ജഘനം എന്നൊക്കെ പറയും. ഗൂഗിൾ ട്രാൻസിലേറ്റ് സ്ക്രീൻഷോട്ട് താഴെ കൊടുക്കുന്നുണ്ട്.

loin എന്ന പദത്തിന്റെ അറബി പരിഭാഷ നോക്കിയാൽ അതിൽ 'സ്വുൽബ്' എന്ന വാക്കും ഗൂഗിൾ ട്രാൻസിലേറ്റിൽ തന്നെ കാണാൻ സാധിക്കും. എല്ലാ അറബിക്-ഇംഗ്ലീഷ് ഡിക്ഷ്ണറികളിലും നിങ്ങൾക്ക് ഈ കാര്യങ്ങൾ പരിശോധിക്കാവുന്നതുമാണ്.







പ്രസിദ്ധ ഓറിയൻറലിസ്റ്റായിരുന്ന ബ്രിട്ടീഷുകാരനായ George Sale AD 1734ൽ പ്രസിദ്ധീകരിച്ച ഖുർആൻ പരിഭാഷയിൽ 'സ്വുൽബ്' എന്ന പദത്തിന് കൊടുത്ത പരിഭാഷ loin അഥവാ ഇടുപ്പ് എന്നാണ്. (സ്ക്രീൻഷോട്ട് താഴെ കൊടുക്കുന്നു:)

CHAPTER LXXXVI.

ENTITLED, THE STAR WHICH APPEARED BY NIGHT; REVEALED AT MECCA.


IN THE NAME OF THE MOST MERCIFUL GOD.

BY the heaven, and that which appeareth by night:
but what shall cause thee to understand what that which appeareth by night *is?*
*it is* the star of piercing brightness:[g]
every soul hath a guardian *set* over it.
Let a man consider, therefore, of what he is created.
He is created of seed poured forth,
issuing from the loins, and the breastbones.[h]
Verily *God is* able to restore him *to life,*
the day whereon *all* secret thoughts and actions shall be examined into;
10 and he shall have no power *to defend himself*, nor any protector.
By the heaven which returneth *the rain;*[i]
and by the earth which openeth *to let forth vegetables and springs:*
verily this *is* a discourse distinguishing *good from evil:*
and it *is* not *composed* with lightness.
Verily *the infidels* are laying a plot *to frustrate my designs:*
but I will lay a plot *for their ruin.*
Wherefore, *O prophet*, bear with the unbelievers: let them alone a while.

1930ൽ ബ്രിട്ടീഷുകാരനായ Muhammad Marmaduke Pickthall പ്രസിദ്ധീകരിച്ച ക്വുർആൻ പരിഭാഷയിൽ സ്വുൽബ് എന്ന പദത്തിന് കൊടുത്ത പരിഭാഷ loin എന്നാണ്. 1980ൽ Mohammed Asad എന്ന ഓസ്ട്രിയൻ പണ്ഡിതൻ പ്രസിദ്ധീകരിച്ച ക്വുർആൻ പരിഭാഷയായ 'ദെ മെസ്സേജ് ഓഫ് ക്വുർആനി'ലും സ്വുൽബ് എന്ന പദത്തിന് കൊടുത്ത പരിഭാഷ loin എന്നു തന്നെയാണ്. ഇതൊക്കെ പ്രത്യേകമായി എടുത്തുപറയാൻ കാരണം ഇതൊന്നും 2020ൽ പുതുതായി തട്ടിക്കൂട്ടി ഉണ്ടാക്കിയ വ്യാഖ്യാനമല്ല എന്ന് കൃത്യമായി മനസ്സിലാക്കാൻ ആണ്. സ്വുൽബ് എന്ന പദത്തിന് മുതുക് (back), നട്ടെല്ല് (backbone) എന്നൊക്കെ അർഥം നൽകിയ ഇംഗ്ലീഷ് പരിഭാഷകളും ഉണ്ട്. മലയാള പരിഭാഷകൾ അധികവും നട്ടെല്ല് എന്നാണ് അർഥം കൊടുത്തിട്ടുള്ളത്.

ക്വുർആൻ സൂക്തത്തിന്റെ ആശയത്തിന് അഥവാ പുരുഷന്റെ സ്വുൽബിൽനിന്നും തെറിച്ചുവീഴുന്ന ദ്രാവകമായ ശുക്ലം പുറത്തുവരുന്നു എന്നതിന് ശരിയായി യോജിക്കുന്ന അർഥം loin എന്ന് തന്നെയാണ്. പുരുഷന് ഉദ്ധാരണം സംഭവിക്കുന്ന അവസരത്തിൽ വൃഷണസഞ്ചിയിൽ (scrotum) തൂങ്ങിക്കിടക്കുന്ന വൃഷണങ്ങളിൽനിന്നും ഉൽപാദിപ്പിക്കപ്പെടുന്ന ബീജങ്ങൾ vas deferens എന്ന 30 സെൻറീമീറ്റർ നീളമുള്ള ചെറിയ കുഴലുകൾ വഴി ബീജങ്ങളെ തള്ളി മുകളിലേക്ക് ഇടുപ്പിലേക്ക് കൊണ്ടുപോകുന്നു. വാസ് ഡിഫറൻസ് കുഴലിനെ പൊതിഞ്ഞുകൊണ്ടുള്ള കുഞ്ഞൻ മസിലുകൾ പ്രത്യേകതരത്തിൽ ചുരുങ്ങുകയും വികസിക്കുകയും ചെയ്യുന്നതുമൂലമാണ് ഇത് സാധ്യമാകുന്നത്. വാസ് ഡിഫറൻസ് seminiferous vesicle ductമായി കൂടിച്ചേർന്ന് ejaculatory duct ആയി മാറുന്നു. ഇത് പ്രോസ്റ്റേറ്റ് ഗ്രന്ഥിക്ക് ഉള്ളിലൂടെ കടന്നുപോയി മൂത്രനാളിയിലേക്ക് (urethra) തുറക്കുന്നു; സ്ഖലനം സംഭവിക്കുന്നു. താഴെ കൊടുത്തിട്ടുള്ള ചിത്രങ്ങൾ പരിശോധിച്ചാൽ ഇതൊക്കെ കൃത്യമായി loin അഥവാ ഇടുപ്പിൽ ആണ് സ്ഥിതി ചെയ്യുന്നത് എന്ന് കാണാൻ സാധിക്കും.

പുരുഷന്റെ ശുക്ലത്തിന്റെ 70% seminal vesicles secretionsഉം 27% പ്രോസ്റ്റേറ്റ് secretionsഉം 1% bulbourethral glands secretions ഉം ആണ്. ശുക്ലത്തിലെ ബീജത്തിന്റെ അളവ് വെറും 2% മാത്രമാണ്. വിശുദ്ധ ക്വുർആൻ പ്രസ്താവിച്ചിട്ടുള്ള പുരുഷന്റെ തെറിച്ചുവീഴുന്ന ദ്രാവകം അഥവാ ശുക്ലം പുറപ്പെടുന്നത് ഇടുപ്പിൽനിന്നാണെന്ന കാര്യം സംശയലേശമന്യേ വ്യക്തമാണ്. ചിത്രം താഴെ കൊടുക്കുന്നു.




യഥാർഥത്തിൽ സ്വുൽബ് എന്ന പദത്തിന് ചില ഇംഗ്ലീഷ്, മലയാളം പരിഭാഷകളിൽ കൊടുത്തിട്ടുള്ള തെറ്റായ പരിഭാഷയാണ് നട്ടെല്ല് എന്നത്. ഭാഷാപരമായി സ്വുൽബിന് നട്ടെല്ല് എന്ന അർഥം കൂടി ഉണ്ടെങ്കിലും loin എന്ന പരിഭാഷയാണ് ഈ ആയത്തിന്റെ ആശയത്തോട് കൃത്യമായി യോജിച്ചത് എന്ന് കാണാൻ കഴിയും.

ഇത് ചില പരിഭാഷകരുടെ മാത്രം പോരായ്മയാണ്; അല്ലാതെ ഒരിക്കലും വിശുദ്ധ ക്വുർആനിന്റെ പോരായ്മയല്ല. ക്വുർആൻ പരിഭാഷകളുടെ ലക്ഷ്യം ക്വുർആനിന്റെ മൗലികമായ ആശയങ്ങളെ കൃത്യമായി പരിഭാഷപ്പെടുത്തുക എന്നുള്ളതാണ്; ശാസ്ത്രീയത പഠിപ്പിക്കലല്ല. ഏതൊരു ഭാഷയിലെയും സാഹിത്യകൃതികൾക്ക് 100% കൃത്യമായ ഒരു പരിഭാഷ എന്നത് സാധ്യമല്ല; വിശുദ്ധ ക്വുർആനിന് പ്രത്യേകിച്ചും. മനോഹരമായ അറബി സാഹിത്യത്തിന്റെ ആശയവും പ്രൗഢിയും ഗാംഭീര്യവും ഒന്നും പരിഭാഷകൾക്ക് കിട്ടില്ലല്ലോ. **(അവസാനിച്ചില്ല)**




## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ആഗസ്ത് 1 മുതൽ ഡിസംബർ 12 വരെ പുറത്തിറങ്ങുന്ന 20 ലക്കങ്ങളാണ് മെഗാ മത്സരത്തിന് പരിഗണിക്കുക.
- പങ്കെടുത്ത മത്സരങ്ങളിൽ നേടിയ ശരിയുത്തരങ്ങളെ അടിസ്ഥാനമാക്കി ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച മത്സരാർഥികളെ ഉൾപ്പെടുത്തി ഡിസംബർ അവസാനം ഓൺലൈൻ മെഗാ മത്സരം നടത്തും.
- മെഗാ മത്സരത്തിലെ വിജയികൾക്ക് ലാപ്ടോപ്പും ടാബും മൊബൈൽ ഫോണും പുസ്തകങ്ങളുമടങ്ങുന്ന, ലക്ഷം രൂപ വില വരുന്ന സമ്മാനങ്ങളാണ് നൽകുന്നത്. പുറമെ 10 പ്രോത്സാഹന സമ്മാനങ്ങളും.
- കൂടുതൽ ശരിയുത്തരമയക്കുന്നവരുടെ മാർക്ക് വിവരങ്ങൾ സമീൽ ആപ്പിലും നേർപഥം വെബ്സൈറ്റിലും പോയിന്റ് ടേബിളായി പ്രസിദ്ധപ്പെടുത്തും.
- മത്സരത്തെ കുറിച്ചുള്ള വിശദ വിവരങ്ങൾ പുതിയ ലക്കം നേർപഥത്തിലും രജിസ്ട്രേഷൻ പോർട്ടലിന്റെ ലിങ്ക് നേർപഥം വെബ്സൈറ്റിലും സമീൽ ഓൺലൈൻ ലൈബ്രറിയിലും ലഭ്യമാവും.
- എല്ലാ ഞായറാഴ്ചയും മാഗസിൻ ഓൺലൈനിൽ അപ്‌ലോഡ് ചെയ്യുകയും, രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- എല്ലാ ശനിയാഴ്ചയും രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- പേരും മൊബൈൽ നമ്പറും വച്ചാണ് മത്സരാർഥികൾ ഓൺലൈൻ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- ഒരു നമ്പറിൽ നിന്ന് ഒന്നിലധികം ആളുകൾക്ക് രജിസ്റ്റർ ചെയ്യാനുള്ള സൗകര്യമുണ്ടാവും.
- ശരിയുത്തരങ്ങൾ തൊട്ടടുത്ത ഞായറാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- വിജയികളുടെ പേരുകൾ ഞായറാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- ആഴ്ച തോറുമുള്ള വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 198

**ഒന്നാം സമ്മാനം:**
Abdul Razak KP, Wandoor, Malappuram

**രണ്ടാം സമ്മാനം:**
Ashidha, Mappillakkad, Palakkad

**മൂന്നാം സമ്മാനം:**
Suha C, Valamaruthur, Malappuram

നബീൽ പയ്യോളി
nabeelpayyoly@gmail.com



# ഭിന്നതയിൽ വിരിയുന്ന താമരകൾ

**ബീ**ഹാർ തെരഞ്ഞെടുപ്പ് വലിയ ചർച്ചകൾക്കും വിവാദങ്ങൾക്കും വഴിവെച്ചിരിക്കുകയാണ്. നിതീഷ് കുമാറിന്റെ നേതൃത്വത്തിൽ എൻ.ഡി.എ സഖ്യം വീണ്ടും ബീഹാർ ഭരിക്കും. തെരഞ്ഞെടുപ്പുകളിൽ ജയ പരാജയങ്ങൾ സ്വാഭാവികമാണ്. എന്നാൽ ബീഹാർ തെരഞ്ഞെടുപ്പിലും അടുത്ത കാലങ്ങളിൽ നടന്ന മറ്റു തെരഞ്ഞെടുപ്പുകളിലും നമുക്ക് കാണാൻ സാധിക്കുന്ന ചില സാമ്യതകളുണ്ട്. അത് മനഃപൂർവമോ യാദൃച്ഛികമോ എന്ന് അന്വേഷിക്കുമ്പോൾ മനഃപൂർവം എന്ന നിഗമനത്തിലാണ് എത്തുക. അതിന് ചില കാരണങ്ങളുമുണ്ട്. ബിഹാർ ഇലക്ഷനിൽ അധികാരത്തിലേറുന്ന എൻ.ഡി.എക്ക് 37.2 ശതമാനം വോട്ടുകളാണ് ലഭിച്ചത്. ഏകദേശം മൂന്നിലൊന്ന് വോട്ട് മാത്രം ലഭിച്ച മുന്നണിയാണ് ബീഹാർ ഭരിക്കുന്നതെന്ന് ചുരുക്കം. ജനാധിപത്യത്തിന്റെ പോരായ്മ എന്ന് വേണമെങ്കിൽ നമുക്കിതിനെ വിലയിരുത്താം. ബഹുഭൂരിപക്ഷം ജനങ്ങളും തള്ളിക്കളഞ്ഞ രാഷ്ട്രീയ മുന്നണി ജനവിധിയിൽ വിജയിക്കുന്ന വിരോധാഭാസം! എൻ.ഡി.എയുടെ മുഖ്യ എതിരാളിയായ മഹാസഖ്യത്തിനും ലഭിച്ചത് 37.2 ശതമാനം വോട്ടുകൾ തന്നെയാണ്. എന്നാൽ ഈ രണ്ട് കക്ഷികളും തമ്മിൽ 15 സീറ്റുകളുടെ വ്യത്യാസമുണ്ട്. ഏറ്റവുമധികം സീറ്റുകൾ നേടിയ ആർ.ജെ.ഡി പ്രതിപ

ക്ഷത്തിരിക്കുമ്പോൾ രണ്ടാം സ്ഥാനത്തുള്ള ബി.ജെ.പിയാണ് ഭരണത്തിന് ചുക്കാൻ പിടിക്കുന്നത്. ബി.ജെ.പിക്ക് വേണ്ടി ജനവിധി അട്ടിമറിച്ചു എന്ന ആരോപണവുമായി ആർ.ജെ.ഡിയും മറ്റു ചില പാർട്ടികളും രംഗത്ത് വന്നിട്ടുണ്ട്. ജനാധിപത്യത്തെ വിലയ്ക്കെടുക്കാൻ കാലങ്ങളായി ശ്രമിക്കുന്ന സംഘപരിവാർ ബീഹാറിലും അതോടൊപ്പം തെരഞ്ഞെടുപ്പ് നടന്ന സ്ഥലങ്ങളിലും കൃത്രിമം നടത്തിയോ എന്നത് നിയമപോരാട്ടങ്ങളിലൂടെ വെളിച്ചത്ത് കൊണ്ടുവരേണ്ടത് തന്നെയാണ്.

ബീഹാറിൽ എൺപത്തിയൊന്ന് സീറ്റുകളിൽ അയ്യായിരത്തിൽ താഴെയും അൻപത്തിയൊന്ന് സീറ്റുകളിൽ മൂവായിരത്തിൽ താഴെയും മുപ്പത്തിനാലിടത്ത് രണ്ടായിരത്തിൽ താഴെയും പതിനേഴിടത്ത് ആയിരത്തിൽ താഴെയും പതിനൊന്ന് സീറ്റുകളിൽ അഞ്ഞൂറിൽ താഴെയും വോട്ടുകളുടെ ഭൂരിപക്ഷത്തിനാണ് വിജയിച്ചത്. ത്രികോണ മത്സരം നടന്ന ബീഹാറിൽ വിജയ ശിൽപിയാര്, തോൽവിയുടെ കാരണക്കാർ ആര് എന്ന ചർച്ചകൾ പലരീതിയിൽ നടക്കുന്നുണ്ട്. പഴിചാരലുകളും ആക്ഷേപങ്ങളും വൈകാരിക പ്രതികരണങ്ങളും പുനർവിചിന്തനത്തിനുള്ള സാധ്യതകളെയാണ് ഇല്ലാതാക്കുന്നത്. എന്നാൽ മുകളിൽ സൂചിപ്പിച്ച കണക്കുകളിൽനിന്ന് ചില യാഥാർഥ്യങ്ങൾ തിരിച്ചറിഞ്ഞേ മതിയാവൂ. കുറ്റപ്പെടുത്തലുകളും പഴിചാരലുകളും നിരാശയുമല്ല, മറിച്ച് അബദ്ധങ്ങളും വീഴ്ചകളും തിരിച്ചറിഞ്ഞു തിരുത്തലുകൾക്ക് വിധേയമാവുകയാണ് വിവേകമുള്ളവർ ചെയ്യേണ്ടത്.

ഗുജറാത്തും ഭീവണ്ടിയും ജംഷഡ്പൂരും അടക്കം രാജ്യത്തിന്റെ വിരിമാറിൽ രക്തക്കറയൊഴുക്കിയ നിരവധി കലാപങ്ങളുടെ ഇരുണ്ട ചരിത്രംപേറുന്ന സംഘപരിവാർ തങ്ങളുടെ ആവനാഴിയിലെ അമ്പുകളോരോന്നും പ്രയോഗിച്ചുകൊണ്ടേയിരിക്കുകയാണ്. അധികാരത്തിന്റെ ബലത്തിൽ രാജ്യത്തിന്റെ മതേതരത്വത്തിന്റെയും വൈവിധ്യങ്ങളുടെയും ചരിത്രയാഥാർഥ്യങ്ങളെ പോലും അട്ടിമറിക്കുന്ന പ്രവണതകൾ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. രാജ്യത്തിന്റെ ഭരണഘടനയുടെ അന്തസ്സത്തയെ അട്ടിമറിക്കുന്ന രീതിയിൽ മതത്തിന്റെ അടിസ്ഥാനത്തിൽ പൗരത്വം നിർണയിക്കാനുള്ള നിയമനിർമാണം വരെ അവർ നടത്തി. ഈ പശ്ചാത്തലത്തിലാണ് ബീഹാർ തെരഞ്ഞെടുപ്പിനെയും കഴിഞ്ഞ ഏതാനും വർഷങ്ങളായി രാജ്യത്ത് നടക്കുന്ന മറ്റു തെരഞ്ഞെടുപ്പുകളെയും വിലയിരുത്തേണ്ടതും പരാജയ കാരണങ്ങൾ സമഗ്രമായി വിശകലനം ചെയ്ത് പരിഹാരമാർഗങ്ങൾ തേടേണ്ടതും.

44.9 ശതമാനം വോട്ടുകൾ നേടിയാണ് ലോക്സഭാ തെരഞ്ഞെടുപ്പുകളിൽ എൻ.ഡി.എ അധികാരത്തിൽ എത്തിയിട്ടുള്ളതെന്നതുകൂടി നാം ചേർത്ത് വായിക്കണം. ഘടകകക്ഷിയായ ജനതാദളിന് ബീഹാറിൽ 43 സീറ്റുകളിൽ മാത്രമാണ് വിജയിക്കാൻ സാധിച്ചത്. കഴിഞ്ഞ തെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് ബി.ജെ.പിക്ക് 21 സീറ്റുകൾ അധികം ലഭിച്ചപ്പോൾ നിതീഷ് കുമാറിന്റെ പാർട്ടിക്ക് 28 സീറ്റുകളാണ് നഷ്ടമായത്. സ്വന്തം ഘടകകക്ഷിയെ പോലും ഇല്ലാതാക്കുന്ന ബി.ജെ.പിയുടെ തന്ത്രങ്ങളുടെ നേർചിത്രം കൂടിയാവുകയാണ് ബീഹാർ. ബീഹാറിൽ ഏറ്റവുംവലിയ നഷ്ടം നിതീഷിനാണെന്നാണ് രാഷ്ട്രീയ നിരീക്ഷകരുടെ പക്ഷം. എൻ.ഡി.എയിൽ തുടരുന്നത് ആത്മഹത്യാപരമാണെന്ന് നിതീഷും കൂട്ടാളികളും മനസ്സിലാക്കാതെ പോവുകയാണ്. ചേർന്നു നിൽക്കുന്നവരെ പോലും പതിയെ പതിയെ ഇല്ലാതാക്കി ഒറ്റയാനാവാനാണ് സംഘ്പരിവാറിന്റെ ശ്രമം. അസ്വസ്ഥമായ നാളുകളെക്കുറിച്ചോർത്ത് ശിവസേന നേതാവ് ഉദ്ദവ് താക്കറെ തന്നെ ആ സത്യം രാജ്യത്തോട് വിളിച്ചു പറഞ്ഞതും നാം കേട്ടതാണ്.

സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലെ തുല്യതയില്ലാത്ത സമരപോരാട്ടങ്ങൾക്കാണ് കഴിഞ്ഞ വർഷാവസാനാവും ഈ വർഷത്തിന്റെ ആദ്യപാദവും സാക്ഷിയായത്. മതത്തിന്റെ പേരിൽ പൗരത്വം നിർണയിക്കുന്ന ഇരുണ്ട നിയമം നിയമനിർമാണ സഭകൾ പാസ്സാക്കുകയും അത് നടപ്പിൽ വരുത്താനുള്ള നടപടികളുമായി കേന്ദ്രസർക്കാർ മുന്നോട്ടുപോവുകയും ചെയ്യുന്ന സാഹചര്യം രാജ്യത്തെ തെരുവുകളെ പ്രതിഷേധക്കടലാക്കി. രാഷ്ട്രീയ, മത, ജാതി, വർണ, വർഗ, വേഷ, ഭാഷ ഭേദമന്യെ ഇന്ത്യയെന്ന മനോഹരമായ പൂന്തോട്ടത്തിലെ മുഴുവൻ പുഷ്പങ്ങളും പ്രതിഷേധങ്ങളുടെ അലയൊലികൾ തീർത്ത നാളുകളെ പെട്ടെന്നെങ്ങനെ നമുക്ക് മറക്കാൻ സാധിക്കും? ആരെയെങ്കിലും ഒറ്റതിരിഞ്ഞാക്രമിക്കാം എന്ന വ്യാമോഹം വൈവിധ്യങ്ങൾ നിറഞ്ഞ പ്രതിഷേധസമരങ്ങൾ കാരണം സംഘപരിവാരങ്ങളെ നിരാശപ്പെടുത്തി. ത്രിവർണപതാകയേന്തിയ സമരപോരാട്ടങ്ങളിൽനിന്ന് ഏതെങ്കിലും തരത്തിൽ ആരെയെങ്കിലും ഒറ്റപ്പെടുത്തി ഇല്ലാതാക്കാം എന്ന ചിന്തയും സമരങ്ങൾക്ക് വർഗീയനിറം നൽകാനുള്ള

കുടിലതന്ത്രങ്ങളും നിഷ്പ്രഭമായി. ഇന്ത്യൻ ജനതയുടെ ഒന്നിച്ചുള്ള പ്രതിഷേധങ്ങൾ രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതക്കും നൽകുന്ന വില വിളിച്ചറിയിക്കുന്നതായിരുന്നു. കൊറോണ വ്യാപനം സമരപോരാട്ടങ്ങൾക്ക് താൽക്കാലിക വിരാമം കുറിച്ചു എന്നു മാത്രം.

കോവിഡ് മഹാമാരി ലോകത്തെ മുഴുവൻ മാറ്റിമറിച്ചെങ്കിലും വർഗീയ വിഷം പേറുന്നവരുടെ മനസ്സുകളിന്നും മലീമസമാണ്. പണവും അധികാരവും അതിനിസ്സാരമെന്ന് കരുതുന്ന വൈറസിന് മുന്നിൽ ഒന്നുമല്ലാതാവുന്നു. ലക്ഷക്കണക്കിനാളുകളുടെ ജീവൻ കവർന്ന കൊറോണക്കു മുമ്പിൽ ലോകം തരിച്ചുനിൽക്കുകയാണ്. എന്നാൽ രാജ്യത്തിന്റെ ഭരണം കയ്യാളുന്നവർ കോവിഡ് കാലത്തും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടതിന് പകരം അധികാരസ്ഥാനങ്ങളുറപ്പിക്കാൻ കുതിരക്കച്ചവടം നടത്തുകയായിരുന്നു. ജനാധിപത്യ സംവിധാനങ്ങളെ വിലക്കെടുത്ത് രാജ്യത്തിന്റെ ആണിക്കല്ലിളക്കുന്ന തിരക്കിലായിരുന്നു അവർ. ഇപ്പോഴും അങ്ങനെത്തന്നെ. കോവിഡ് ഭീതിയൊഴിഞ്ഞാൽ പൗരത്വ ഭേദഗതി നിയമം നടപ്പാക്കുമെന്ന് വർഗീയ വൈറസ് വാഹകർ പറയുന്നത് അത്ഭുതത്തോടെയാണ് മനസ്സാക്ഷി മരവിച്ചിട്ടില്ലാത്തവർ കേട്ടത്. വീണ്ടും പ്രക്ഷോഭങ്ങളുടെ നാളുകളാണ് വരാനിരിക്കുന്നതെന്ന് ചുരുക്കം.

ഭിന്നിപ്പിച്ചു ഭരിക്കുകയെന്ന കുതന്ത്രം ഇരുട്ടിന്റെ ശക്തികളുടെ കൂടെപ്പിറപ്പാണ്. ബീഹാർ തെരഞ്ഞെടുപ്പ് പരിശോധിക്കുമ്പോഴും അവിടെ താമര വിരിഞ്ഞത് ഭിന്നതയിലാണെന്ന് വ്യക്തം. പൗരത്വ പ്രതിഷേധങ്ങളിൽ എല്ലാംമറന്ന് ഒന്നിച്ചവർ തെരഞ്ഞെടുപ്പുകളിൽ തങ്ങളിലേക്ക് ചുരുങ്ങുന്ന കാഴ്ചയാണ് കാണുന്നത്. ഭിന്നതകൾ കണ്ടാസ്വദിച്ച് ആനന്ദിക്കുന്നതോ വർഗീയ ഫാസിസ്റ്റ് ശക്തികളും. ബീഹാർ തെരഞ്ഞെടുപ്പിൽ മതേതര ശക്തികൾ രണ്ട് ചേരികളായി മത്സരിച്ചു. ചെറിയ ഭൂരിപക്ഷത്തിനാണ് വർഗീയവാദികൾ ഭരണം പിടിച്ചെടുത്തത്. ഈ വിജയം ആരുടെ വീഴ്ച കാരണത്താലാണ് എന്ന ചോദ്യത്തിന് മതേതര ചേരിയുടേത് എന്നതുതന്നെയാണ് ഉത്തരം!

രാജ്യം നിർണായക ഘട്ടത്തിലൂടെ മുന്നോട്ട് പോകുന്ന സാഹചര്യത്തിൽ ഭിന്നതയുടെ സ്വരങ്ങൾ പരമാവധി ഇല്ലാതാക്കാൻ ശ്രമിക്കേണ്ടത് രാജ്യത്തെ മുഴുവൻ ജനങ്ങളുടെയും ഉത്തരവാദിത്തമാണ്. തെരഞ്ഞെടുപ്പുകളിൽ മതേതര കക്ഷികളുടെ വോട്ടുകൾ ഭിന്നിക്കാതിരിക്കാൻ ജാഗ്രത കാട്ടേണ്ടത് മുഴുവൻ മതേതര രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും ചുമതലയാണ്. തെരഞ്ഞെടുപ്പു കഴിഞ്ഞശേഷം പരസ്പരം പഴിചാരുന്നതിന് പകരം രാജ്യത്തിന്റെ സമകാലിക സാഹചര്യങ്ങളെ വിലയിരുത്തി മതേതര വോട്ടുകൾ ഭിന്നിക്കാതിരിക്കാനുള്ള ശ്രമങ്ങൾ എല്ലാ കക്ഷികളും നടത്തേണ്ടതുണ്ട്. ആര് വിട്ടുവീഴ്ച ചെയ്യണം എന്ന ചോദ്യത്തിനുള്ള ഒരേയൊരുത്തരം 'എല്ലാവരും' എന്നതാണ്. വ്യക്തിപരവും പ്രാദേശികവും രാഷ്ട്രീയവുമായ താൽപര്യങ്ങൾക്കപ്പുറം വിശാല ദേശീയ കാഴ്ചപ്പാടുകളാണ് രാജ്യത്തെ മതേതര രാഷ്ട്രീയ കക്ഷികളെ നയിക്കേണ്ടത്. രാജ്യത്ത് ജനാധിപത്യം ഉണ്ടെങ്കിലേ തെരഞ്ഞെടുപ്പും രാഷ്ട്രീയ കക്ഷികളും ഉണ്ടാവുകയുള്ളൂ എന്ന തിരിച്ചറിവ് നഷ്ടപ്പെടരുത്. കേവലം സ്വാർഥവും സങ്കുചിതവുമായ താൽപര്യങ്ങൾക്കുവേണ്ടി രാജ്യത്തിന്റെ വൈവിധ്യങ്ങളെ ഇല്ലാതാക്കാൻ ശ്രമിക്കുന്നവർക്ക് വളംവെച്ചു കൊടുക്കുന്ന നിലപാടുകളും നടപടികളും ഒരിക്കലും ഉണ്ടായിക്കൂടാ. മറവി എന്നത് ദൈവാനുഗ്രഹമാണ്, എന്നാൽ അത് സ്വന്തത്തെ നശിപ്പിക്കുന്ന രീതിയിലേക്ക് മാറുന്നത് അപകടകരമാണ്.

> **“രാജ്യം നിർണായക ഘട്ടത്തിലൂടെ മുന്നോട്ട് പോകുന്ന സാഹചര്യത്തിൽ ഭിന്നതയുടെ സ്വരങ്ങൾ പരമാവധി ഇല്ലാതാക്കാൻ ശ്രമിക്കേണ്ടത് രാജ്യത്തെ മുഴുവൻ ജനങ്ങളുടെയും ഉത്തരവാദിത്തമാണ്. തെരഞ്ഞെടുപ്പുകളിൽ മതേതര കക്ഷികളുടെ വോട്ടുകൾ ഭിന്നിക്കാതിരിക്കാൻ ജാഗ്രത കാട്ടേണ്ടത് മുഴുവൻ മതേതര രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും ചുമതലയാണ്. തെരഞ്ഞെടുപ്പു കഴിഞ്ഞശേഷം പരസ്പരം പഴിചാരുന്നതിന് പകരം രാജ്യത്തിന്റെ സമകാലിക സാഹചര്യങ്ങളെ വിലയിരുത്തി മതേതര വോട്ടുകൾ ഭിന്നിക്കാതിരിക്കാനുള്ള ശ്രമങ്ങൾ എല്ലാ കക്ഷികളും നടത്തേണ്ടതുണ്ട്. വ്യക്തിപരവും പ്രാദേശികവും രാഷ്ട്രീയവുമായ താൽപര്യങ്ങൾക്കപ്പുറം വിശാല ദേശീയ കാഴ്ചപ്പാടുകളാണ് രാജ്യത്തെ മതേതര രാഷ്ട്രീയ കക്ഷികളെ നയിക്കേണ്ടത്. രാജ്യത്ത് ജനാധിപത്യം ഉണ്ടെങ്കിലേ തെരഞ്ഞെടുപ്പും രാഷ്ട്രീയ കക്ഷികളും ഉണ്ടാവുകയുള്ളൂ എന്ന തിരിച്ചറിവ് നഷ്ടപ്പെടരുത്.”**



ഫാസിസ്റ്റ് നീക്കങ്ങൾക്കെതിരെ ശക്തമായ പ്രതിരോധംതീർത്ത പശ്ചിമ ബംഗാളും തെരഞ്ഞെടുപ്പിന്റെവക്കിലാണ്. എങ്ങനെയെങ്കിലും അധികാരം പിടിക്കുക എന്നതാണ് ബി.ജെ.പി ലക്ഷ്യംവെക്കുന്നത്. അതുകൊണ്ട് സാധ്യമാകുംവിധം അവർ ഭിന്നിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. തൃണമൂൽ കോൺഗ്രസ്സും ബി.ജെ.പിയും തമ്മിലാണ് അവിടെ പ്രധാന മത്സരം. മൂന്നാം കക്ഷിയായി കോൺഗ്രസ്സും ഇടതുപാർട്ടികളും മത്സര രംഗത്തുണ്ട്. ബീഹാർ ഇലക്ഷൻ വിജയത്തിന്റെ പശ്ചാത്തലത്തിൽ മുസ്‌ലിം വോട്ടുകൾ ലക്ഷ്യമിട്ട് അസദുദ്ദീൻ ഉവൈസിയും തങ്ങളുടെ പാർട്ടി ബംഗാൾ ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ മത്സരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മതേതരവോട്ടുകളിൽ വരുന്ന വിള്ളലുകൾ ബി.ജെ.പിക്കാണ് ഗുണം ചെയ്യുക. അതേസമയം മുസ്‌ലിംകൾ ഉൾപ്പെടെയുള്ള ന്യൂനപക്ഷങ്ങളുടെ പ്രയാസങ്ങളെ നെഞ്ചേറ്റുന്നതിൽ മതേതര കക്ഷികൾ പിന്നാക്കം പോയിട്ടുണ്ടെന്ന ആരോപണത്തെ ഗുണകാംക്ഷയോടെ ഉൾക്കൊള്ളാൻ അത്തരം പാർട്ടികൾ തയ്യാറാവുകയും വേണം. തങ്ങളുടെ കരുത്ത് തെളിയിക്കാനുള്ള കേവല ശ്രമങ്ങൾക്കപ്പുറം വിശാലമായ കാഴ്ചപ്പാടുകളിൽ മതേതര ഐക്യത്തിന്റെ മാനസികാവസ്ഥയിലേക്ക് ബംഗാൾ തെരഞ്ഞെടുപ്പുചിത്രം മാറിയില്ലെങ്കിൽ നിരാശയായിരിക്കും ഫലം.

കേരളവും തെരെഞ്ഞെടുപ്പിന്റെ ചൂടിലാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും തുടർന്ന് നിയമസഭയിലേക്കും തെരഞ്ഞെടുപ്പ് നടക്കാനിരിക്കുന്നു. സംഘപരിവാരങ്ങൾക്ക് ബാലികേറാമലയാണ് കേരളം. വിദ്യാഭാസപരമായും രാഷ്ട്രീയമായും ഔന്നത്യം പുലർത്തുന്ന മലയാളികൾ എന്നും ഈ കാര്യത്തിൽ ജാഗ്രത കാണിച്ചിട്ടുണ്ട്. അതിനപ്പുറം രാജ്യത്ത് ഫാസിസ്റ്റ് വിരുദ്ധ പോരാട്ടങ്ങൾക്ക് മാതൃകയായതിലും ഊർജം പകർന്നതിലും മലയാളമണ്ണിന് അഭിമാനിക്കാം. ഇരുമുന്നണികളും ഈ കാര്യത്തിൽ തങ്ങളുടെതായ പങ്ക് നിർവഹിച്ചിട്ടുണ്ട്. ആ ജാഗ്രത കൈവിടാതെ തന്നെ മുന്നോട്ട് പോവേണ്ടതുണ്ട്.

മോഹന വാഗ്ദാനങ്ങൾ നൽകി പലരും സംഘപരിവാർ അജണ്ടകൾ നടപ്പിലാക്കുന്നു എന്നത് ഗൗരവതരമായി ഓർക്കേണ്ട വസ്തുതയാണ്. യഥാർഥ പ്രശ്നങ്ങളിൽനിന്ന് വഴിതിരിച്ചുവിട്ട് അസാധ്യമായ മോഹന വാഗ്ദാനങ്ങൾ നൽകിയാണവർ പാവങ്ങളെ വഞ്ചിക്കുന്നത്. ഇക്കാര്യത്തിൽ കേരളീയ സമൂഹം ജാഗ്രത പാലിക്കേണ്ടതുണ്ട്. പ്രാദേശിക വികാരങ്ങളെ ആളിക്കത്തിച്ചും ഇത്തരം നീക്കങ്ങൾ പല സ്ഥലങ്ങളിലും നടക്കുന്നുണ്ട്. കൊച്ചിയിലും തിരുവനന്തപുരത്തുമടക്കം പല സ്ഥലങ്ങളിലും പ്രാദേശിക വികസനങ്ങളുടെ പേരിൽ കൂട്ടായ്മകൾ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അവരുടെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യുന്നില്ല. അത് വർഗീയ കക്ഷികൾക്ക് ഏണിവെച്ചുകൊടുക്കുന്ന രീതിയിലേക്ക് മാറുന്നില്ലെന്ന് ഉറപ്പുവരുത്താൻ ഇത്തരം കൂട്ടായ്മകൾ ശ്രദ്ധിക്കേണ്ടതുണ്ട്. ജനാധിപത്യത്തിന്റെ ലൂപ്പ് ഹോളുകളിൽ തങ്ങളുടെ സാധ്യതകൾ കണ്ടെത്തുന്നവരാണ് വെറുപ്പുൽപാദകർ. അത് തിരിച്ചറിയാതെ പോകരുത്.

പ്രാദേശിക വികാരങ്ങളും തങ്ങളുടെ ആൾബലവും പരീക്ഷിക്കാനും പ്രകടിപ്പിക്കാനും സാധ്യമായ സാഹചര്യത്തിലല്ല നമ്മുടെ നാട് ഇന്ന് നിലകൊള്ളുന്നതെന്ന് മലയാളികൾ മനസ്സിലാക്കണം. വൈകാരികതക്കപ്പുറം യാഥാർഥ്യബോധങ്ങളാണ് നമ്മെ നയിക്കേണ്ടത്. മതേതര വോട്ടുകളിൽ വരുന്ന വിള്ളലുകൾ വർഗീയ ശക്തികളുടെ പ്രതീക്ഷകൾ കൂടിയാണ്. നാടിന്റെ വികസനവും നല്ല നാളെയും സ്വപ്നം കാണുന്നവർ തങ്ങളുടെ ചെലവിൽ നാട്ടിന്റെ സമാധാനവും സ്വസ്ഥതയും തകർക്കാൻ തക്കംപാർത്തിരിക്കുന്നവരെ കണ്ടില്ലെന്ന് നടിക്കരുത്. സുരക്ഷിതമായ ജനാധിപത്യ ഭരണ സംവിധാനങ്ങളിൽ സമ്മർദം ചെലുത്തി ജനാധിപത്യ മാർഗത്തിലൂടെ അവകാശങ്ങൾ നമുക്ക് നേടിയെടുക്കാം. അരക്ഷിതമായ അന്തരീക്ഷത്തിൽ അത് അസാധ്യമാണ്. ഇടതുവലത് മുന്നണികൾ തങ്ങളുടെ വോട്ടുബാങ്ക് ലക്ഷ്യമിട്ട് നടത്തുന്ന നടപടികൾ വർഗീയ കക്ഷികൾക്ക് ആളെക്കൂട്ടുന്ന രീതിയിലേക്ക് മാറരുത്. മതേതര ചേരിയെ ദുർബലപ്പെടുത്തുന്ന നടപടികളിൽനിന്ന് ബോധപൂർവം വിട്ടു നിൽക്കാനും മതേതര കക്ഷികളുടെ വോട്ടുകൾ കൺസോളിഡേറ്റ് ചെയ്യാനും മതേതര മുന്നണികൾ ജാഗ്രത കാണിക്കണം. തിരിച്ചറിവുകളിൽ നിന്നാവട്ടെ നമ്മുടെ നിലപാടുകൾ. നാടിന്റെ നന്മയും നല്ല നാളെയും സ്വപ്നം കാണാം നമുക്ക്.

ലേഖനം

ദുൽക്കർഷാൻ അലനല്ലൂർ
dulkaralr@gmail.com



# സ്വർഗത്തിലേക്കു നയിക്കുന്ന കർമങ്ങൾ

4

## വുദൂഇന് ശേഷമുള്ള രണ്ടു റക്അത്ത് നമസ്കാരം

നമസ്കാരത്തിന്റെ നിബന്ധനകളിൽ പെട്ടതാണ് വുദൂഅ് (അംഗശുദ്ധിവരുത്തൽ) ചെയ്യുക എന്നത്. ഓരോ വുദൂഇന് ശേഷവും നബിﷺ പഠിപ്പിച്ച പ്രാർഥന ചൊല്ലിയാൽ സ്വർഗത്തിന്റെ എട്ട് കവാടങ്ങളിൽ അവനുദ്ദേശിക്കുന്നതിലൂടെ സ്വർഗത്തിൽ പ്രവേശിക്കാൻ കഴിയുമെന്ന് നബിﷺ അറിയിച്ചിട്ടുണ്ട്.

നബിﷺ പറഞ്ഞു: "നിങ്ങളിൽ ഒരാൾ വുദൂഅ് ചെയ്യുന്നു. വുദൂഇനെ നന്നാക്കുന്നു. വുദൂഇൽനിന്ന് വിരമിച്ചശേഷം 'അല്ലാഹു അല്ലാതെ യഥാർഥ ആരാധ്യനായി മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അവൻ ഏകനുംയാതൊരു പങ്കുകാരുമില്ലാത്തവനുമാണ്. നിശ്ചയം, മുഹമ്മദ് നബിﷺ അവന്റെ ദൂതനും ദാസനുമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു' എന്ന് പറഞ്ഞാൽ അയാൾക്ക് സ്വർഗത്തിന്റെ എട്ട് കവാടങ്ങളും തുറക്കപ്പെടും.

താൻ ഉദ്ദേശിക്കുന്ന കവാടത്തിലൂടെ അയാൾക്ക് പ്രവേശിക്കാവുന്നതാണ്" (അബൂദാവൂദ്: 169).

വുദൂഇന് ശേഷമുള്ള രണ്ടുറക്അത്ത് സുന്നത്ത് നമസ്കാരം നിർവഹിച്ചാൽ അവന്ന് അല്ലാഹു സ്വർഗം നൽകും.

അബൂഹുറയ്റ ﷺ നിവേദനം: "അല്ലാഹുവിന്റെ റസൂൽ ﷺ ബിലാലി ﷺ നോട് സ്വുബ്ഹി നമസ്കാര സമയത്ത് പറയുകയുണ്ടായി: 'ബിലാൽ, താങ്കൾ ഇസ്‌ലാമിൽ പ്രവർത്തിച്ച ഏറ്റവും പ്രതിഫലം പ്രതീക്ഷിക്കുന്ന കർമം ഏതെന്ന് എന്നോട് പറഞ്ഞാലും. കാരണം, ഞാൻ താങ്കളുടെ ചെരിപ്പടി ശബ്ദം എന്റെ മുമ്പിൽ സ്വർഗത്തിൽ കേൾക്കുകയുണ്ടായി.' അദ്ദേഹം പറഞ്ഞു: 'ഞാൻ രാത്രിയിലാകട്ടെ, പകലിലാകട്ടെ, ഏതൊരു സമയത്തും ശുദ്ധിവരുത്തിയാൽ പ്രസ്തുത ശുദ്ധികൊണ്ട് എനിക്ക് വിധിക്കപ്പെട്ട നമസ്കാരം നിർവഹിക്കുക എന്നതല്ലാതെ എനിക്ക് ഏറ്റവും പ്രതിഫലം പ്രതീക്ഷിക്കുന്ന ഒരു കർമവും ഞാൻ ചെയ്തിട്ടില്ല" (ബുഖാരി: 1149).

## സലാം പറയൽ

പരസ്പരം കണ്ടുമുട്ടുമ്പോൾ സലാം പറയുക എന്നത് ഇസ്‌ലാം പഠിപ്പിക്കുന്ന മര്യാദയാണ്. സലാം പറയുന്നതിലൂടെ പരസ്പരം സ്നേഹം വർധിക്കുകയും ബന്ധങ്ങൾ ഊഷ്മളമാവുകയും ചെയ്യുന്നു.

അബൂഹുറയ്റ ﷺ നിവേദനം; നബി ﷺ പറഞ്ഞു: "എന്റെ ആത്മാവ് ഏതൊരുവന്റെ കയ്യിലാണോ അവൻ തന്നെയാണ് സത്യം. നിങ്ങളാരും വിശ്വാസികളാകുന്നതുവരെ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. നിങ്ങൾ പരസ്പരം സ്നേഹിക്കുന്നതുവരെ നിങ്ങൾ വിശ്വാസികളാവുകയില്ല. പരസ്പരം സ്നേഹിക്കാൻ പ്രാവർത്തികമാക്കേണ്ട കർമത്തെക്കുറിച്ച് ഞാൻ നിങ്ങൾക്ക് അറിയിച്ചു തരട്ടെയോ? നിങ്ങൾക്കിടയിൽ സലാമിനെ വ്യാപിപ്പിക്കുവിൻ" (മുസ്‌ലിം: 54).

ഒരിക്കൽ ഇബ്നു ഉമർ ﷺ തന്റെ ഭൃത്യന്റെ കൂടെ അങ്ങാടിയിലേക്ക് പോയി. അങ്ങാടിയിലെത്തി കണ്ടവരോടൊക്കെ അദ്ദേഹം സലാം പറഞ്ഞു. ശേഷം വീട്ടിലേക്ക് മടങ്ങി. അപ്പോൾ ഭൃത്യൻ അദ്ദേഹത്തോട് ചോദിച്ചു: 'സാധനങ്ങൾ ഒന്നും വാങ്ങുന്നില്ലെങ്കിൽ പിന്നെ എന്തിനാണ് താങ്കൾ അങ്ങാടിയിലേക്ക് വന്നത്? നിങ്ങൾ എന്താണ് ഉദ്ദേശിച്ചത്?' ഇബ്നു ഉമർ ﷺ പറഞ്ഞു: 'ആളുകളെ കണ്ട് സലാം പറഞ്ഞ് അതിന്റെ പ്രതിഫലം കരസ്ഥമാക്കുക എന്നതുതന്നെയാണ് ഞാൻ ഉദ്ദേശിച്ചത്.'

നോക്കൂ, നമ്മുടെ മുൻഗാമികൾ ഓരോ നന്മയും പ്രാവർത്തികമാക്കുന്നതിൽ കാണിച്ച അതീവ താൽപര്യവും ശ്രദ്ധയും! ഇന്ന് പലരും പരസ്പരം കണ്ടാൽ സലാം പറയാൻ മടികാണിക്കുന്നു. സലാം പറയുന്നവരിൽ തന്നെ ബന്ധവും കുടുംബവും സംഘടനയും പാർട്ടിയുമൊക്കെ നോക്കി മാത്രം പറയുന്നവരുണ്ട്. പരിചയക്കാർക്ക് മാത്രം സലാം പറയൽ അന്ത്യനാളിന്റെ അടയാളങ്ങളിൽ പെട്ടതാണെന്ന് നബി ﷺ ഉണർത്തിയിട്ടുണ്ട്.

അബ്ദുല്ലാഹ് ഇബ്നു മസ്ഊദ് ﷺ നിവേദനം; നബി ﷺ പറഞ്ഞു: "ഒരാൾ മറ്റൊരാൾക്ക് സലാം പറയുന്നത് പരിചയത്തിന്മേൽ മാത്രമാകുന്നത് അന്ത്യനാളിന്റെ അടയാളങ്ങളിൽ പെട്ടതത്രെ" (അഹ്മദ്: 3848).

## ഭക്ഷണം നൽകൽ, കുടുംബബന്ധം ചേർക്കൽ, രാത്രി നമസ്കരിക്കൽ

പാവപ്പെട്ടവന്റെ ഭക്ഷണത്തിന്റെ കാര്യത്തിൽ ശ്രദ്ധ കാണിക്കാത്തവൻ അഥവാ അതിന് പ്രോത്സാഹനം നടത്താത്തവൻ മതത്തെ കളവാക്കുന്നവനാണ് എന്നാണ് വിശുദ്ധ ക്വുർആൻ നമ്മെ പഠിപ്പിക്കുന്നത്.

"സാധുവിന് ഭക്ഷണം കൊടുക്കുവാൻ അവൻ പ്രോത്സാഹിപ്പിച്ചിരുന്നുമില്ല" (ക്വുർആൻ 69:34).

"പാവപ്പെട്ടവന്റെ ആഹാരത്തിന് നിങ്ങൾ പ്രോത്സാഹനം നൽകുന്നുമില്ല" (ക്വുർആൻ 89:18).

അബ്ദുല്ലാഹ് ഇബ്നു സലാം ﷺ നിവേദനം; നബി ﷺ പറഞ്ഞു: "അല്ലയോ ജനങ്ങളേ, നിങ്ങൾ സലാം പറയൽ വ്യാപിപ്പിക്കുക, ഭക്ഷണം നൽകുക, കുടുംബബന്ധം ചേർക്കുക, ജനങ്ങൾ ഉറങ്ങിക്കിടക്കുന്ന രാത്രിയിൽ നിങ്ങൾ നമസ്കരിക്കുക. നിങ്ങൾക്ക് സമാധാനത്തോടെ സ്വർഗത്തിൽ പ്രവേശിക്കാം." (ഇബ്നുമാജ: 3251)

സലാം പറയുന്നതിന്റെയും കുടുംബബന്ധങ്ങൾ ചേർക്കുന്നതിന്റെയും രാത്രി ജനങ്ങളെല്ലാം നിദ്രയിലായിരിക്കെ ഉറക്കിൽനിന്നുണർന്ന് നമസ്കരിക്കുന്നതിന്റെയും മഹത്ത്വം എന്തെന്ന് ഈ ഹദീഥ് വ്യക്തമാക്കിത്തരുന്നു.

## നല്ല സംസാരം

അബൂമാലിക് അൽഅശ്അരി ﷺ നിവേദനം; നബി ﷺ പറഞ്ഞു: "തീർച്ചയായും സ്വർഗത്തിൽ ഒരു മുറിയുണ്ട്. അതിന്റെ പുറമെനിന്ന് നോക്കിയാൽ അകവും, അകത്തുനിന്ന് നോക്കിയാൽ പുറവും കാണാം. (സാധുക്കളെ) ഭക്ഷിപ്പിച്ചവനും സംസാരം നന്നാക്കിയവനും

(ഐഹികമായ) നോമ്പ് പതിവാക്കുന്നവനും ജനങ്ങൾ ഉറങ്ങുമ്പോൾ രാത്രിനമസ്കാരം നിർവഹിച്ചവനും അല്ലാഹു അത് ഒരുക്കിവെച്ചിരിക്കുന്നു" (അഹ്മദ്: 22905).

സംസാരത്തിലെ അശ്രദ്ധ നമ്മെ നരകത്തിലേക്കെത്തിക്കും. നാവിനാൽ ഉണ്ടാകുന്ന വിപത്തുകൾ ചെറുതൊന്നുമല്ല. അതിന്റെ അനന്തരഫലം നരകവുമായിരിക്കും. ജനങ്ങളിൽ ധാരാളം പേരെ നരകത്തിൽ പ്രവേശിപ്പിക്കുന്ന കാര്യം എന്താണെന്ന് ചോദിച്ച അനുചരന് അല്ലാഹുവിന്റെ റസൂൽﷺ നൽകിയ മറുപടി 'നാവും ഗുഹ്യാവയവുമാണ്' എന്നായിരുന്നു. നല്ലതും ഉപകാരമുള്ളതുമായ കാര്യങ്ങൾ മാത്രം സംസാരിക്കുക. തിന്മയും ഉപദ്രവകരമായതുമായ സംസാരം ഉപേക്ഷിക്കുക. റബ്ബിനെ സ്മരിച്ചുകൊണ്ടിരിക്കുക.

## കോപം നിയന്ത്രിക്കൽ

നിസ്സാര കാര്യങ്ങൾക്കു പോലും ദേഷ്യപ്പെടുന്ന ചില മനുഷ്യരുണ്ട്. കോപം പിശാചിൽ നിന്നാണ്, അതിന്റെ തുടക്കം ഭ്രാന്തും ഒടുക്കം ഖേദവുമാണ് എന്നൊക്കെ പ്രവാചകൻﷺ ഉണർത്തിയിട്ടുണ്ട്. കോപത്തിന്റെ ഭവിഷത്തിനെക്കുറിച്ചും അത് അടക്കിവെക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുമൊക്കെ ധാരാളം പ്രവാചകവചനങ്ങൾ കാണുവാൻ സാധിക്കും.

ഒരാൾ നബിﷺയുടെ അടുക്കൽ വന്നുകൊണ്ട് എന്നെ ഉപദേശിച്ചാലും എന്ന് പറഞ്ഞപ്പോൾ നബി ﷺ അദ്ദേഹത്തിന് നൽകിയ മറുപടി 'നീ കോപിക്കരുത്' എന്നായിരുന്നു. വീണ്ടും ചോദ്യം ആവർത്തിച്ചപ്പോഴും നബിﷺയുടെ മറുപടി 'നീ കോപിക്കരുത്' എന്നുതന്നെയായിരുന്നു.

'മൽപിടുത്തത്തിൽ വിജയിക്കുന്നവനല്ല ശക്തൻ. കോപം വരുമ്പോൾ ഒതുക്കിനിർത്തുന്നവനാണ് ശക്തൻ' എന്നും നബിﷺ പറഞ്ഞതായി കാണാം.

കോപം നിയന്ത്രിച്ച് ജീവിക്കുന്നവർക്ക് സ്വർഗത്തിൽ ഇടം നേടുവാൻ സാധിക്കും.

അബുദ്ദർദാഅ്(رضي الله عنه) നിവേദനം; ഉവൈമിർ ഇബ്നു ആമിർ(رضي الله عنه) പറഞ്ഞു: "ഒരാൾ നബിﷺയോട് ചോദിച്ചു: 'സ്വർഗത്തിൽ പ്രവേശിക്കാനുതകുന്ന ഒരു പ്രവർത്തനത്തെക്കുറിച്ച് എനിക്ക് അറിയിച്ചുതന്നാലും.' നബിﷺ പറഞ്ഞു: 'നീ കോപിക്കരുത്. എങ്കിൽ നിനക്ക് സ്വർഗമുണ്ട്" (ത്വബ്റാനി).

മുആദുബ്നു അനസ് അൽജുഹനി(رضي الله عنه) നിവേദനം; നബിﷺ പറഞ്ഞു: "ആരെങ്കിലും കോപിഷ്ടനാകുകയും അത് നടപ്പിലാക്കാൻ കഴിവുണ്ടായിട്ടും തന്റെ കോപത്തെ നിയന്ത്രിക്കുകയും ചെയ്താൽ അന്ത്യനാളിൽ മാലോകർക്കുമുന്നിൽവെച്ച് അല്ലാഹു അവനെ വിളിക്കും. എന്നിട്ട് ഹൂറുൽഈനികളിൽ (സ്വർഗീയ സ്ത്രീകൾ) നിന്ന് അവനിഷ്ടമുള്ളവരെ തെരഞ്ഞെടുക്കാൻ അനുവാദം നൽകും" (അബൂദാവൂദ്: 4777).

അധികാരമോ, ശക്തിയോ, കഴിവോ ഉണ്ടായിട്ടും കോപം വരുമ്പോൾ സംയമനം പാലിക്കുകയും ക്ഷമിക്കുകയും ചെയ്താൽ അത്തരക്കാരെ കാത്തിരിക്കുന്നത് വലിയ സൗഭാഗ്യങ്ങളാണ് എന്നു വ്യക്തം.

## ബാങ്കുവിളി കേൾക്കുമ്പോൾ ഏറ്റുപറയൽ

ഓരോ നമസ്കാരത്തിനും മുഅദ്ദിൻ (ബാങ്ക് വിളിക്കുന്നയാൾ) ബാങ്ക് വിളിക്കുമ്പോൾ അതിന് വിശ്വാസികൾ ജവാബ് (ഉത്തരം) നൽകലും ശേഷം നബിﷺയുടെ മേൽ സ്വലാത്ത് ചൊല്ലലും പ്രാർഥിക്കലുമൊക്കെ വലിയ പുണ്യകർമമായി നബിﷺ പഠിപ്പിച്ചിട്ടുണ്ട്.

ഉമറുബ്നുൽ ഖത്വാബ്(رضي الله عنه) നിവേദനം; നബിﷺ പറഞ്ഞു: "മുഅദ്ദിൻ (ബാങ്ക് വിളിക്കുന്നയാൾ) അല്ലാഹു 'അക്ബർ, അല്ലാഹു അക്ബർ' എന്ന് പറയുമ്പോൾ നിങ്ങളിലൊരാൾ 'അല്ലാഹു അക്ബർ, അല്ലാഹു അക്ബർ' എന്ന് പറയുകയും; പിന്നീട് മുഅദ്ദിൻ 'അശ്ഹദുഅദു അൻലാഇലാഹ ഇല്ലല്ലാഹ്' എന്ന് പറയുമ്പോൾ 'അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹ്' എന്ന് പറയുകയും; പിന്നീട് മുഅദ്ദിൻ 'അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്' എന്ന് പറയുമ്പോൾ 'അശ്ഹദുഅന്ന മുഹമ്മദൻ റസൂലുല്ലാഹ്' എന്ന് പറയുകയും; പിന്നീട് മുഅദ്ദിൻ 'ഹയ്യ അലസ്സ്വലാത്ത്' എന്ന് പറയുമ്പോൾ 'ലാ ഹൗല വലാ ക്വുവ്വത ഇല്ലാബില്ലാഹ്' എന്നുപറയുകയും; 'ഹയ്യ അലൽ ഫലാഹ്' എന്ന് പറയുമ്പോഴും 'ലാ ഹൗല വലാ ക്വുവ്വത ഇല്ലാബില്ലാഹ്' എന്ന് പറയുകയും; പിന്നീട് മുഅദ്ദിൻ 'അല്ലാഹു അക്ബർ, അല്ലാഹു അക്ബർ' എന്ന് പറയുമ്പോൾ 'അല്ലാഹു അക്ബർ, അല്ലാഹു അക്ബർ' എന്ന് പറയുകയും; പിന്നീട് മുഅദ്ദിൻ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് പറയുമ്പോൾ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് മനസ്സിൽതട്ടി പറയുകയും ചെയ്താൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചു" (മുസ്ലിം: 385).

ഇബ്നുഅബ്ബാസ്(റഹി) പറഞ്ഞു: "ബാങ്ക് വിളിക്കുന്നവൻ പറയുന്നതുപോലെ പറയാത്തവൻ ധാരാളം നന്മകളിൽ നിന്ന് തടയപ്പെട്ടവനാണ്."

## മരണപ്പെട്ട വ്യക്തിയെക്കുറിച്ച് ജനങ്ങൾ നല്ലതുപറയൽ

ഈലോകത്ത് ജനിച്ച ഓരോരുത്തരും അവധിയെത്തിയാൽ അല്ലാഹുവിലേക്ക് യാത്ര പോകേണ്ടവരാണ്. ആർക്കും അല്ലാഹു ഈ ഭൂമിയിൽ നശ്വരത നൽകിയിട്ടില്ല.

“ഓരോ സമുദായത്തിനും ഓരോ അവധിയുണ്ട്. അങ്ങനെ അവരുടെ അവധി വന്നെത്തിയാൽ അവർ ഒരു നാഴികനേരം പോലും വൈകിക്കുകയോ, നേരത്തെ ആക്കുകയോ ഇല്ല” (ക്വുർആൻ 7:34).

“(നബിയേ,) പറയുക: എനിക്കുതന്നെ ഉപകാരമോ ഉപദ്രവമോ ഉണ്ടാക്കുക എന്നത് എന്റെ അധീനത്തിലല്ല-അല്ലാഹു ഉദ്ദേശിച്ചതല്ലാതെ. ഓരോ സമൂഹത്തിനും ഒരു അവധിയുണ്ട്. അവരുടെ അവധി വന്നെത്തിയാൽ ഒരു നാഴികനേരം പോലും അവർക്ക് വൈകിക്കാനാവില്ല. അവർക്കത് നേരത്തെയാക്കാനും കഴിയില്ല” (ക്വുർആൻ 10:49).

“യാതൊരു സമുദായവും അതിന്റെ അവധിയെക്കാൾ മുമ്പിലാവുകയില്ല. (അവധി വിട്ട്) അവർ പിന്നോട്ട് പോകുകയുമില്ല” (ക്വുർആൻ 15:5).

“അല്ലാഹു മനുഷ്യരെ അവരുടെ അക്രമം മൂലം (ഉടനടി) പിടികൂടിയിരുന്നെങ്കിൽ ഭൂമുഖത്ത് യാതൊരു ജന്തുവെയും അവൻ വിട്ടേക്കുമായിരുന്നില്ല. എന്നാൽ നിർണിതമായ ഒരു അവധിവരെ അവൻ അവർക്ക് സമയം നീട്ടിക്കൊടുക്കുകയാണ് ചെയ്യുന്നത്. അങ്ങനെ അവരുടെ അവധി വന്നാൽ ഒരു നാഴികനേരം പോലും അവർക്ക് വൈകിക്കാൻ ആവുകയില്ല. അവർക്കത് നേരെത്തെയാക്കാനും കഴിയില്ല” (ക്വുർആൻ 16:61).

ഒരു മനുഷ്യന്റെ വിശ്വാസവും ആയുഷ്കാലത്തിനിടയിലെ പ്രവർത്തനങ്ങളുടെ നന്മയും തിന്മയും നോക്കിയാണ് പരലോക രക്ഷയും ശിക്ഷയും അല്ലാഹു തീരുമാനിക്കുന്നത്. ഒരാൾ മരണപ്പെട്ടുകഴിഞ്ഞാൽ നാട്ടുകാർ അയാളെക്കുറിച്ച് നല്ലതോ നല്ലതല്ലാത്തതോ പറയൽ സ്വാഭാവികമാണ്. മരണപ്പെട്ടവരുടെ പ്രവർത്തനങ്ങൾക്ക് സാക്ഷികളാണ് അവരുടെ കൂടെ ജീവിച്ചിരുന്നവർ.

മരണപ്പെട്ടവരെക്കുറിച്ച് ജീവിച്ചിരിക്കുന്നവരുടെ സംസാരം നല്ലതാണെങ്കിൽ അയാൾക്കത് ഗുണകരമായിത്തീരും. മോശമായിട്ടാണ് സംസാരിക്കുന്നതെങ്കിൽ മരണപ്പെട്ട വ്യക്തിക്ക് അത് ദോഷകരവുമായിരിക്കും.

അനസ്ؓ നിവേദനം; അദ്ദേഹം പറഞ്ഞു: “ഒരാളുടെ മൃതദേഹം കൊണ്ടുപോയപ്പോൾ ആളുകൾ അദ്ദേഹത്തെക്കുറിച്ച് നല്ലതുപറഞ്ഞു. അപ്പോൾ നബിﷺ പറഞ്ഞു: ‘അനിവാര്യമായി, അനിവാര്യമായി, അനിവാര്യമായി.’ പിന്നെ ഒരു മൃതദേഹം കൊണ്ടുപോയപ്പോൾ ആളുകൾ അദ്ദേഹത്തെക്കുറിച്ച് മോശമായി സംസാരിച്ചു. അപ്പോൾ നബിﷺ പറഞ്ഞു: ‘അനിവാര്യമായി, അനിവാര്യമായി, അനിവാര്യമായി.’ അപ്പോൾ ഉമർؓ ചോദിച്ചു: ‘നബിയേ, എന്താണ് അനിവാര്യമായത്?’ അപ്പോൾ നബിﷺ പറഞ്ഞു: ‘ഒന്നാമത് കൊണ്ടുപോയവനെക്കുറിച്ച് നിങ്ങൾ നല്ലതു പറഞ്ഞു. അവന് സ്വർഗം നിർബന്ധമായി.’ രണ്ടാമത്തവനെക്കുറിച്ച് നിങ്ങൾ മോശമായി പറഞ്ഞു. അവന് നരകം നിർബന്ധമായി. ഭൂമിയിൽ നിങ്ങൾ അല്ലാഹുവിന്റെ സാക്ഷികളാണ്” (മുസ്ലിം: 949).

മരണപ്പെട്ട വ്യക്തിയെക്കുറിച്ച് ജനങ്ങൾ നല്ലതു പറയണമെങ്കിൽ അയാൾ അത്രയും നല്ല വ്യക്തിത്വത്തിന്റെ ഉടമയായിരിക്കണം. നന്മയുടെ മാർഗത്തിൽ ജീവിച്ചവനായിരിക്കണം. ദുർമാർഗത്തിലും ജനങ്ങൾക്ക് ശല്യമായും ജീവിച്ചയാളെക്കുറിച്ച് ആരും നല്ലതു പറയില്ല.

നമ്മുടെ കാലശേഷം നമ്മുടെ പിൻഗാമികൾ നമ്മെക്കുറിച്ച് നല്ലതുമാത്രം പറയണം. ‘അല്ലാഹുവേ, എന്റെ ശേഷക്കാരിൽ എന്റെ സൽകീർത്തി നീ നിലനിർത്തേണമേ’ എന്ന് ഇബ്റാഹീം നബിعليه السلام പ്രാർഥിച്ചത് ക്വുർആനിൽ കാണാം. ●

> **സംസാരത്തിലെ അശ്രദ്ധ നമ്മെ നരകത്തിലേക്കെത്തിക്കും. നാവിനാൽ ഉണ്ടാകുന്ന വിപത്തുകൾ ചെറുതൊന്നുമല്ല. അതിന്റെ അനന്തരഫലം നരകവുമായിരിക്കും. ജനങ്ങളിൽ ധാരാളം പേരെ നരകത്തിൽ പ്രവേശിപ്പിക്കുന്ന കാര്യം എന്താണെന്ന് ചോദിച്ച അനുചരന് അല്ലാഹുവിന്റെ റസൂൽﷺ നൽകിയ മറുപടി ‘നാവും ഗുഹ്യാവയവുമാണ്’ എന്നായിരുന്നു. നല്ലതും ഉപകാരമുള്ളതുമായ കാര്യങ്ങൾ മാത്രം സംസാരിക്കുക. തിന്മയും ഉപദ്രവകരമായതുമായ സംസാരം ഉപേക്ഷിക്കുക. റബ്ബിനെ സ്മരിച്ചുകൊണ്ടിരിക്കുക.**

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



# ഉമൈറുബ്നു സഅദ് رضي الله عنه

**ബി**ലാൽ: "അസ്സലാമു അലൈക്കും ഉപ്പാ..."

ഉപ്പ: "വ അലൈകുമുസ്സലാം വ റഹ്തുല്ലാഹ്."

ബിലാൽ: "ഉപ്പാക്ക് ഒഴിവുണ്ടെങ്കിൽ ഞങ്ങൾ കഥ കേൾക്കാൻ റെഡിയാണ്."

ഉപ്പ: "നിങ്ങൾ റെഡിയെങ്കിൽ ഞാനും റെഡി. ബാസി മോളെയും വിളിക്കൂ."

ബിലാൽ: (അകത്തേക്കു നോക്കിക്കൊണ്ട്) "ബാസീ....വേഗം വാ."

ബാസിമ: "ഞാനിതാ എത്തി. ഈ പാത്രങ്ങളൊന്ന് കഴുകിക്കഴിയട്ടെ..."

ഉപ്പ: "അവൾ നല്ല കുട്ടിയാ. കഴിയുന്ന വിധത്തിൽ ഉമ്മാനെ സഹായിക്കുന്നുണ്ടല്ലോ."

ബിലാൽ: "അപ്പോൾ ഞാൻ നല്ല കുട്ടിയല്ലേ? ചെടികൾക്കും അടുക്കളത്തോട്ടത്തിലെ പച്ചക്കറികൾക്കുമെല്ലാം ഞാനാണല്ലോ വെള്ളം നനയ്ക്കുന്നത്?!"

ഉപ്പ: (ചിരിച്ചുകൊണ്ട്) "അല്ലെന്ന് ഉപ്പ പറഞ്ഞില്ലല്ലോ. നീയും നല്ല കുട്ടിതന്നെ."

(ബാസിമ സലാം പറഞ്ഞ് പ്രവേശിക്കുന്നു)

ബിലാൽ: "എന്നാൽ നമുക്ക് തുടങ്ങാം."

ഉപ്പ: "തുടങ്ങാം. കഴിഞ്ഞ തവണ നാം ആരെക്കുറിച്ചാണ് പറഞ്ഞ് അവസാനിപ്പിച്ചത് ഏന്നോർക്കുന്നുണ്ടോ നിങ്ങൾ?"

ബിലാലും ബാസിമയും ഒന്നിച്ച്: "അബുൽ ആസ്ؓവിനെക്കുറിച്ച്."

ഉപ്പ: "നബിﷺയുടെ ഏതു മകളെയാണ് അദ്ദേഹം വിവാഹം കഴിച്ചിരുന്നത്?"

ബാസിമ: "സൈനബിؓനെ."

ബാസിമ: "ഇന്ന് ഏതു സ്വഹാബിയുടെ ചരിത്രമാണ് പറയാൻ പോകുന്നത് ഉപ്പാ?"

ഉപ്പ: "ഇന്ന് ഉമൈറുബ്നു സഅദ്ؓ എന്ന സ്വഹാബിയെക്കുറിച്ചാണ് പറയുന്നത്."

ബിലാൽ: "ഞാൻ ഈ പേര് ആദ്യമായി കേൾക്കുകയാ."

ബാസിമ: "ഞാനും."

ഉപ്പ: "അനുപമൻ എന്ന് അർഥമുള്ള 'നസീജുൽ വഹ്ദ്' എന്ന പേരിൽ സ്വഹാബിമാർക്കിടയിൽ അറിയപ്പെട്ടിരുന്ന ഉമൈർ സഅദ്ؓവിന്റെ മകനാണ്.

ആദ്യകാലത്തുതന്നെ ഇസ്‌ലാം സ്വീകരിച്ച സ്വഹാബിയാണ് സഅ്ദ്ﷺ."

ബിലാൽ: "അനുപമൻ എന്ന പേരിൽ അറിയപ്പെടാനുള്ള കാരണം...?"

ഉപ്പ: "ശക്തി, ഐഹിക വിരക്തി, സൂക്ഷ്മത എന്നിവയിൽ അദ്ദേഹം മുന്നിട്ടുനിന്നു. യുദ്ധരംഗത്തായാലും പള്ളിയിലായാലും മുൻനിരയിൽത്തന്നെയുണ്ടാകും. സംഭവിച്ചുപോയ തെറ്റുകുറ്റങ്ങൾ ഓർത്ത് കരയുകയും പശ്ചാത്താപനിരതനായി ജീവിതം നയിക്കുകയും ചെയ്തു. അതുകൊണ്ടൊക്കെയാകാം. ശുദ്ധഹൃദയനും ശാന്തശീലനും സദ്‌വൃത്തനും പ്രസന്നവദനനുമായ അദ്ദേഹത്തെ എല്ലാവരും ഇഷ്ടപ്പെട്ടു. മതത്തിന്റെ കാര്യത്തിൽ അദ്ദേഹം കണിശത പുലർത്തി."

ബാസിമ: "ആളുകൾ നമ്മെ ഇഷ്ടപ്പെടണമെങ്കിൽ നമ്മൾ സൽസ്വഭാവമുള്ളവരായിരിക്കണം എന്ന് ഉസ്താദ് പറഞ്ഞുതന്നിട്ടുണ്ട്."

ഉപ്പ: "അതെ. അത് വലിയൊരു ഭാഗ്യമാണ്."

ബിലാൽ: "ശരിയാണ്. ഞാൻ അങ്ങനെയാകാൻ വല്ലാതെ ആഗ്രഹിക്കുന്നുണ്ട്."

ഉപ്പ: "ഞാൻ കഥ പറഞ്ഞ് പൂർത്തിയാക്കാം. ഉമർﷺ ഖലീഫയായിരിക്കെ ഇങ്ങനെ പറയുമായിരുന്നു: 'ഞാൻ അമീറായി നിയമിക്കാൻ ആഗ്രഹിക്കുന്നയാൾ അമീർ അല്ലാതിരിക്കുമ്പോൾ അമീറിനെ പോലെയും അമീർ ആയിരിക്കുമ്പോൾ സാധാരണക്കാരനെ പോലെയും ആയിരിക്കണം. ഒരു ഭരണാധികാരി വേഷം, ഭക്ഷണം, പാർപ്പിടം എന്നിവയിൽ ഒരു സാധാരണക്കാരനിൽനിന്ന് വ്യത്യസ്തനാവരുത് എന്ന് ഞാൻ ആഗ്രഹിക്കുന്നു. അവൻ നമസ്കാരത്തിന് നേതൃത്വം വഹിക്കണം. ജനങ്ങളുടെ അവകാശങ്ങൾ വകവെച്ചു കൊടുക്കണം. അവർക്കിടയിൽ നീതി നടത്തണം. ജനങ്ങൾക്ക് മുമ്പിൽ വാതിൽ കൊട്ടിയടക്കരുത്.' ഈ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ഉമൈറിനെ പോലുള്ള ആളുകൾ അമീറാകാൻ ഏറ്റവും അർഹരാണ്. ഉമൈറിനെ ഹിമ്മസിലെ ഗവർണറായി ഉമർﷺ നിശ്ചയിച്ചു. അദ്ദേഹം അതിൽനിന്ന് ഒഴിഞ്ഞുമാറാൻ നോക്കിയെങ്കിലും ഉമറിന്റെ നിർബന്ധത്തിനു വഴങ്ങേണ്ടിവന്നു. ഉമൈർﷺ അല്ലാഹുവിന്റെ സഹായം തേടി. അധികാരത്തിന്റെ ചുമടും പേറി ഹിമ്മസിലേക്ക് യാത്രയായി."

ബിലാൽ: "ഉമൈർﷺ എത്ര വർഷമാണ് ഹിമ്മസിലെ ഗവർണർസ്ഥാനം വഹിച്ചത്?"

ഉപ്പ: "ഒരു വർഷം മാത്രം. ഒരുവർഷമായിട്ടും ഹിമ്മസിൽനിന്ന് ഒരു കത്തുപോലും മദീനയിൽ ഖലീഫയുടെ അടുത്തേക്ക് എത്തിയില്ല. നികുതിയിനത്തിൽ ഒന്നും വന്നില്ല. ഉമർﷺ അദ്ദേഹത്തെ മടക്കി വിളിച്ചുകൊണ്ട് കത്തെഴുതി. ഒരു ദിവസം ഒരു യാത്രക്കാരൻ കാൽനടയായി മദീനയിലേക്ക് കടന്നുവന്നു. പൊടിപുരണ്ട മുഷിഞ്ഞ ഉടയാടകളും കാറ്റിൽ പറക്കുന്ന തലമുടിയുമുള്ള അദ്ദേഹം ക്ഷീണിതനായിരുന്നു. വലതു ചുമലിൽ ഒരു തോൽപാത്രവും തളികയും ഇടതു ചുമലിൽ ഒരു ചെറിയ വെള്ളപ്പാത്രവും ചുമന്ന് ഒരു വടിയിൽ ഊന്നിക്കൊണ്ട് നടന്നുവന്ന അദ്ദേഹം ഹിമ്മസിലെ ഭരണാധികാരിയായ ഉമൈർﷺ ആയിരുന്നു. അദ്ദേഹം ഖലീഫ ഉമറിﷺന്റെ അടുത്ത് കയറിച്ചെന്നു സലാം പറഞ്ഞു. ക്ഷീണിതനും പരവശനുമായ അദ്ദേഹത്തെ കണ്ടപ്പോൾ ഉമറിﷺന്റെ ഹൃദയം നടുങ്ങിപ്പോയി. ഉമർﷺ ചോദിച്ചു: 'എന്തുണ്ട് വിശേഷം?' ഉമൈർﷺ പറഞ്ഞു: 'നിങ്ങൾ ഇക്കാണുന്ന വിശേഷം തന്നെ! ഞാൻ ആരോഗ്യവാനായിരുന്നു. എന്റെ ശരീരവും രക്തവും പവിത്രമായിരുന്നു. ഇന്ന് ഞാൻ കുറെ ദുനിയാവും പേറിക്കൊണ്ട് ഇതാ കടന്നുവന്നിരിക്കുന്നു.' ഉമർﷺ ചോദിച്ചു: 'എന്തൊക്കെയാണ് താങ്കൾ കൊണ്ടുവന്നിട്ടുള്ളത്?' ഉമൈർﷺ പറഞ്ഞു: 'ഭക്ഷണം നിറച്ച എന്റെ തോൽപാത്രം, എന്റെ തളിക, വെള്ളപ്പാത്രം, ഞാൻ ഊന്നി നടക്കുന്ന എന്റെ വടി; ഇത്രയുമാണ് എന്റെ സമ്പാദ്യം.''

ബാസിമ: "എനിക്ക് ഇതു കേൾക്കുമ്പോൾ സങ്കടം വരുന്നു."

ഉപ്പ: "അത്ഭുതത്തോടെ ഉമർﷺ ചോദിച്ചു: 'ഉമൈർ! താങ്കൾ കാൽനടയായാണോ വന്നത്?' ഉമൈർﷺ അതെ എന്നു പറഞ്ഞു. 'നിനക്ക് ആ നാട്ടുകാർ ഒരു വാഹനവും സൗകര്യപ്പെടുത്തിത്തന്നില്ലേ' എന്ന ചോദ്യത്തിന് 'അവർ തന്നില്ല, ഞാൻ ആവശ്യപ്പെട്ടതുമില്ല' എന്നായിരുന്നു മറുപടി. ഉമർﷺ ചോദിച്ചു: 'നിന്നിൽ അർപ്പിതമായ ബാധ്യതകൾ എങ്ങനെയാണ് നീ നിർവഹിച്ചത്?' ഉമൈർﷺ പറഞ്ഞു: 'ഞാൻ അവിടെ ചെന്നതിനുശേഷം അവിടുത്തെ സദ്‌വൃത്തരായ എല്ലാവരെയും വിളിച്ചുവരുത്തി. സാമ്പത്തികരംഗം അവരെ അധികാരപ്പെടുത്തി. വരുമാനങ്ങൾ സംഭരിച്ചു. അത് ചെലവഴിക്കേണ്ട വിധം ചെലവഴിച്ചു. മദീനയിലേക്ക് അയക്കാൻ ഒന്നും ബാക്കിയുണ്ടായിരുന്നില്ല. അതിനാൽ ഞാൻ അയച്ചതുമില്ല.'

ബിലാൽ: "അദ്ദേഹം പിന്നെ ഹിമ്മസിലേക്ക് മടങ്ങിപ്പോയോ?"

ഉപ്പ: "ഉമർﷺ വീണ്ടും അദ്ദേഹത്തോട് ഹിമ്മസിലേക്ക് മടങ്ങാൻ ആവശ്യപ്പെട്ടെങ്കിലും അദ്ദേഹം അത് സ്വീകരിച്ചില്ല."

ബിലാൽ: "ഉമർﷺ, ഉമൈർﷺ... രണ്ടുപേരും എത്ര നല്ല ഭരണാധികാരികളാണ്. അവരെ പോലുള്ളവർ ഇന്നുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു!"

ഉപ്പ: "അല്ലാഹുവിന്റെ തീരുമാനങ്ങൾ നടപ്പിലാകുന്നു. അത്രമാത്രം. ഇനി നമുക്ക് മറ്റൊരു ദിവസം മറ്റൊരു സ്വഹാബിയുടെ കഥ കേൾക്കാം."

മൂസ സ്വലാഹി, കാര
moosakara001@gmail.com

ലേഖനം



ദുർന്യായങ്ങളെ പ്രമാണമാക്കി നബിദിനമാഘോഷിക്കുന്നവർ 2

# അഹ്‌ലുസ്സുന്നയുടെ ഇമാമീങ്ങൾ മീലാദാഘോഷത്തെ പിന്തുണച്ചവരോ?

നബിദിനാഘോഷമെന്ന പുത്തനാചാരത്തിന് പൊടിപ്പും തൊങ്ങലും കൂട്ടാൻവേണ്ടി പ്രമാണങ്ങളെ ദുർവ്യാഖ്യാനം ചെയ്യുന്നതോടൊപ്പം ഇമാമീങ്ങളുടെ വാക്കുകൾക്ക് തെറ്റായ വിശദീകരണം നൽകുന്നവരുമാണ് പുരോഹിതന്മാർ. സാധാരണക്കാരെ ഈ പുത്തനാചാരത്തിന്റെ വക്താക്കളാക്കി മാറ്റുക, അതിൽ നിലനിർത്തുക എന്ന ലക്ഷ്യമാണ് അവർക്കുള്ളത്. അഹ്‌ലുസ്സുന്നയുടെ പ്രമുഖരായ പണ്ഡിതന്മാരൊക്കെ ഇതിനെ അനുകൂലിച്ചവരായിരുന്നു എന്ന് സമർഥിക്കാൻ ലേഖകൻ വിഫലശ്രമം നടത്തുന്നുണ്ട് തന്റെ ലേഖനത്തിലൂടെ. എന്താണ് വസ്തുതയെന്ന് പരിശോധിക്കാം.

മുസ്‌ലിയാർ എഴുതുന്നു: "എന്നാൽ മീലാദുന്നബി കൊണ്ടാടുന്നവർക്ക് മഹത്തായ പ്രതിഫലമുണ്ടെന്ന് പഠിപ്പിക്കുന്ന സാക്ഷാൽ ഇബ്നു തൈമിയ്യ ശിയാക്കൾ കൊണ്ടുവന്ന കാര്യം പ്രോൽസാഹിപ്പിക്കുകയും ശിയാ ആചാരത്തിന് പ്രതിഫലമുണ്ടെന്ന് പഠിപ്പിക്കുമെന്നും പറയാൻ ഇവർ സന്നദ്ധരാകുമോ?" (സുന്നിവോയ്സ്, 2020 ഒക്ടോബർ 16-31, പേജ്: 25).

ഇബ്നു തൈമിയ്യ(റഹി) തന്റെ 'ഇക്തിളാഉസ്സിറാത്വിൽ മുസ്തക്വീം' എന്ന ഗ്രന്ഥത്തിൽ പേജ് 251 മുതൽ 264 വരെയുള്ള ഭാഗത്ത് ഈ വിഷയം ചർച്ച ചെയ്യുന്നുണ്ട്. നബിﷺയുടെ ജനനദിവസത്തെ ആഘോഷമാക്കുന്നതിനെ അതിൽ അദ്ദേഹം നഖശിഖാന്തം എതിർത്തത് കാണാം. അതിനെക്കുറിച്ച് ഒരക്ഷരം പറയാതെ, 'കുറ്റവാളിയായ ഒരാൾ അന്നേ ദിവസം വല്ല നന്മയും നല്ല ഉദ്ദേശത്തിൽ ചെയ്താൽ അതനുസരിച്ച് അവന് മഹത്തായ പ്രതിഫലമുണ്ട്' എന്ന് ഇമാം പറഞ്ഞതിൽ മാത്രമാണ് മുസ്‌ലിയാർ കടിച്ചുതൂങ്ങിയിരിക്കുന്നത്. ശൈഖിനെ ഈ പുത്തനാഘോഷം നടത്താനുള്ള തെളിവിന് കൂട്ടുപിടിക്കുമ്പോൾ അദ്ദേഹം പറഞ്ഞത് മുഴുവൻ ഉദ്ധരിച്ചാൽ ലേഖകന്റെ ഉദ്ദേശ്യം നടക്കുകയില്ലല്ലോ.

ലേഖകൻ വീണ്ടും എഴുതുന്നു: "ഇമാം നവവി്റയുടെ ഉസ്താദായ അബൂശാമ്റ അനാചാരങ്ങൾ വേർതിരിച്ച് പഠിപ്പിക്കാനെഴുതിയ കിതാബുൽ ബാഇസിൽവരെ മൗലിദാഘോഷം നല്ല കാര്യമായിട്ടാണ് സമർഥിക്കുന്നത്. അബൂശാമ്റ ശിയാഇസം പഠിപ്പിക്കുന്നയാളാണോ?" (പേജ്: 26).

ഹിജ്റ 665ൽ മരണപ്പെട്ട ഇമാം അബൂശാമ അശ്ശാഫിഈ(റഹി) തന്റെ 'അൽ ബാഇസ് അലാ ഇൻകാരി വൽ ബിദഇ' എന്ന പ്രസിദ്ധ ഗ്രന്ഥത്തിൽ ബിദ്അത്തുകളെ ശക്തമായി വിശകലനം ചെയ്തിട്ടുണ്ട്. അതിന്റെ പതിനേഴാമത്തെ പേജിൽ സാധാരണയുള്ള ബിദ്അത്തുകളെ അഥവാ കിണറുകൾ, മദ്റസകൾ, വിശ്രമ സ്ഥലങ്ങൾ മുതലായവ ഉണ്ടാക്കലിനെക്കുറിച്ച് പറയുന്ന കൂട്ടത്തിൽ നബിﷺയുടെ ജനന ദിവസത്തിൽ ഇർബൽ പട്ടണത്തിൽ നടന്നുവന്നിരുന്ന ദാനധർമങ്ങളെ നല്ലതായി ഇമാം എണ്ണിയതിനെയാണ് ലേഖകൻ മൗലിദാഘോഷം നല്ലതെന്നു പറഞ്ഞു എന്ന് വ്യാഖ്യാനിക്കുന്നത്.

ഇതെങ്ങനെയാണ് സമസ്തക്കാർ ആരാധനയുടെ ഭാഗമായി കാണുന്ന മീലാദാഘോഷത്തിന് തെളിവാവുക? നിങ്ങളുടെ വിശ്വാസപ്രകാരം ഈ ആഘോഷം ലൈലത്തുൽ ക്വദ്റിനെക്കാൾ ശ്രേഷ്ഠതയുള്ളതും ബലിപെരുന്നാളിനേക്കാൾ വലുതും പ്രത്യേകം കർമങ്ങൾകൊണ്ട് കൊണ്ടാടപ്പെടേണ്ടതുമാണ്. ഇമാം പറഞ്ഞതിൽ ഇതുണ്ടോ? ഇസ്‌ലാം പഠിപ്പിച്ച ആഘോഷങ്ങളെക്കാൾ മീലാദാഘോഷത്തിന് സ്ഥാനവും പവിത്രതയും കൽപിക്കുന്ന സമസ്തയുടെ വഴികേടിനെ അബൂശാമ(റഹി) അനുകൂലിച്ചിരുന്നു എന്ന് സ്ഥാപിക്കാനുള്ള ശ്രമം ഹീനമാണ്. ഇത്തരം കൈകടത്തലുകളിലൂടെ മാത്രമെ നിങ്ങൾക്ക് ശിർക്ക് ബിദ്അത്തുകളെ സ്ഥാപിക്കാനാവൂ. ഇതേ ഗ്രന്ഥത്തിൽ തന്നെ റജബ്, ശഅബാൻ മാസങ്ങളിലെ അനാചാരങ്ങളെയും സ്വലാത്തു റഗായിബിനെയും കണിശമായി ഇമാം എതിർക്കുന്നുണ്ട്. അത് ലേഖകൻ അംഗീകരിക്കുന്നുണ്ടോ? അതിൽ ഇമാമിന്റെ കൂടെ ഉറച്ചുനിൽക്കാൻ മുസ്‌ലിയാർ സന്നദ്ധനാണോ?

ലേഖകൻ വീണ്ടും എഴുതുന്നു: "മൗലിദാഘോഷത്തിന്റെ അസ്വ് ബുഖാരി, മുസ്‌ലിം ഉദ്ധരിച്ച ഹദീസിലുണ്ടെന്ന് പഠിപ്പിച്ച ഹാഫിള് ഇബ്നു ഹജർ അസ്ഖലാനി്റ ശിയാക്കളുടെ ആചാരത്തിന് വേണ്ടി ബുഖാരി, മുസ്‌ലിം തെളിവാക്കാമെന്ന് സമുദായത്തെ പഠിപ്പിക്കുമോ?" (പേജ്: 26).

ഇബ്നു ഹജർ അസ്ക്വലാനി(റഹി)യോട് ചോദിക്കപ്പെട്ടതിന് അദ്ദേഹം നൽകിയ മറുപടിയിൽനിന്ന് തനിക്ക് ആവശ്യമുള്ളത് മാത്രം മുസ്‌ലിയാർ എടുക്കുകയും പ്രധാനഭാഗം മറച്ചുവെക്കുകയുമാണ് ചെയ്തിട്ടുള്ളത്. 'മൗലിദ് പ്രവൃത്തിയുടെ അടിസ്ഥാനം തന്നെ ബിദ്അത്താണ്, ഉത്തമ തലമുറയിൽ ജീവിച്ച ഒരാളിൽനിന്നും അത് ഉദ്ധരിക്കപ്പെട്ടിട്ടില്ല' എന്നാണ് ആ മറുപടിയുടെ തുടക്കം തന്നെ! ഇതിൽ അദ്ദേഹം ആശൂറാഇന്റെ ഹദീഥിനോട് ചേർത്ത് ഇത് സ്ഥിരപ്പെട്ടിട്ടുണ്ട് എന്ന് പറഞ്ഞതും മറുപടിയുടെ തുടക്കവും തമ്മിൽ യോജിപ്പിക്കുക സാധ്യമല്ല. കാരണം ഒരു കാര്യം ആരാധനയാകുന്നത് അല്ലാഹുവിന്റെ കൽപനയെയും നബിചര്യയെയും അടിസ്ഥാനപ്പെടുത്തിയാണ്; അല്ലാതെ ആരുടെയെങ്കിലും അഭിപ്രായമോ, നല്ലതെന്ന ചിന്തയോ മാനദണ്ഡമാക്കിയല്ല.

> **ഹിജ്റ 665ൽ മരണപ്പെട്ട ഇമാം അബൂശാമ അശ്ശാഫിഈ(റഹി) തന്റെ 'അൽ ബാഇസ് അലാ ഇൻകാരി വൽ ബിദഇ' എന്ന പ്രസിദ്ധ ഗ്രന്ഥത്തിൽ ബിദ്അത്തുകളെ ശക്തമായി വിശകലനം ചെയ്തിട്ടുണ്ട്. അതിന്റെ പതിനേഴാമത്തെ പേജിൽ സാധാരണയുള്ള ബിദ്അത്തുകളെ അഥവാ കിണറുകൾ, മദ്റസകൾ, വിശ്രമ സ്ഥലങ്ങൾ മുതലായവ ഉണ്ടാക്കലിനെക്കുറിച്ച് പറയുന്ന കൂട്ടത്തിൽ നബി(സ്വ)യുടെ ജനന ദിവസത്തിൽ ഇർബൽ പട്ടണത്തിൽ നടന്നുവന്നിരുന്ന ദാനധർമങ്ങളെ നല്ലതായി ഇമാം എണ്ണിയതിനെയാണ് മൗലിദാഘോഷം നല്ലതെന്നു പറഞ്ഞു എന്ന് വ്യാഖ്യാനിക്കുന്നത്.**

ലേഖകൻ എഴുതുന്നു: "ഇമാം ബൈഹഖി ﵀ ഉദ്ധരിച്ച 'അഖ്ഖ അന്ന ഫ്സിഹി' എന്ന ഹദീസിനെ അടിസ്ഥാനപ്പെടുത്തി മൗലിദാഘോഷം നമുക്ക് സുന്നത്താണെന്ന് പഠിപ്പിച്ച ഹാഫിള് ഇമാം സുയൂത്വി ﵀ യും മറ്റനേകം ഇമാമുമാരും ശിയാ പ്രചാരകരാണോ?" (പേജ്: 26).

മതത്തെ സത്യസന്ധമായി പഠിപ്പിക്കലാണ് പണ്ഡിത ധർമമെന്നത് മുസ്ലിയാർ മറക്കരുത്. ഈ ഹദീഥിന്റെ പരമ്പരയിലെ അബ്ദുല്ലാഹിബ്നുൽ മുഹർറർ അൽജസരി എന്ന വ്യക്തി അസ്വീകാര്യനായതിനാൽ ഇത് ദുർബലമാണ്. ഇമാമുമാരായ ദാറക്വുത്നി(റഹി), ഇബ്നു ഹിബ്ബാൻ(റഹി), ഇബ്നു മഈൻ(റഹി) എന്നിവർ ഇയാളുടെ ന്യൂനത വ്യക്തമാക്കിയിട്ടുണ്ട്. ഇമാം നവവി(റഹി) പറഞ്ഞു: 'നബി ﷺ തനിക്ക് വേണ്ടി അക്വീക്വ അറുത്തു എന്ന അബ്ദുല്ലാഹിബ്നു മുഹർററിലൂടെ വന്ന ഹദീഥ് നിരർഥകമാണ്. അദ്ദേഹം ദുർബലനാണെന്നതിൽ പണ്ഡിതന്മാർ ഏകോപിച്ചിട്ടുണ്ട്" (ശറഹുൽ മുഹദ്ദബ്: 8/431, 432).

തെളിവിനു പറ്റാത്ത ഈ ഹദീഥു കൊണ്ട് നബിദിനാഘോഷം സുന്നത്താകുന്നതെങ്ങനെ? അക്വീക്വഅറുത്തതും ജന്മദിനാഘോഷവും ഒന്നാകുമോ?

ലേഖകൻ തുടരുന്നു: "മുളഫർ രാജാവാണ് മൗലിദാഘോഷം തുടങ്ങിയതെന്ന് പറഞ്ഞ് അദ്ദേഹത്തെ അവമതിക്കുന്ന മൗലിദ് വിരോധികൾ ഇബ്നു തൈമിയ്യയുടെ ശിഷ്യനും ലോക പ്രശസ്ത പണ്ഡിതനുമാണെന്ന് ഇവർ തന്നെ പരിചയപ്പെടുത്തിയ ഇബ്നു കസീർ മുളഫർ രാജാവിനെപ്പറ്റി പറഞ്ഞത് അംഗീകരിക്കാൻ തയ്യാറാകുമോ?" (പേജ്: 26).

ഇബ്നു കഥീർ(റഹി) പ്രമുഖ മുഫസ്സിറും അറിയപ്പെട്ട ചരിത്രപണ്ഡിതനുമാണ്. തന്റെ ചരിത്ര ഗ്രന്ഥത്തിൽ മുളഫർ എന്ന രാജാവ് ചെയ്തിരുന്ന കാര്യങ്ങളെക്കുറിച്ച് അദ്ദേഹം വ്യക്തമായി എഴുതി. സംഭവിച്ചത് പറയാതിരുന്നാൽ ചരിത്രം പൂർണമാവുകയില്ലല്ലോ. അതിൽ അദ്ദേഹത്തെ സലഫികൾ അംഗീകരിക്കുന്നു. ഉള്ളത് മറച്ചുവെക്കുക എന്ന സ്വഭാവക്കാരനല്ല ഇബ്നു കഥീർ(റഹി). എന്നാൽ തന്റെ ഏതെങ്കിലും ഒരു വാക്കുകൊണ്ട് ഈ ആഘോഷത്തെ ഇമാം അനുകൂലിച്ചുവോ? രാജാവ് ചെയ്തതിലേക്ക് ജനങ്ങളെ ക്ഷണിച്ചുവോ? ഇല്ല എന്നതാണ് വാസ്തവം. അതിനാൽ ശാഫിഈ മദ്ഹബുകാരനായ ഇമാമിന്റെ ആദർശം ലേഖകൻ സ്വീകരിക്കാൻ തയ്യാറുണ്ടോ?

മൗലിദാഘോഷം ശിയാവിഭാഗത്തിന്റെ സൃഷ്ടിയാണെന്ന സത്യം സമൂഹം നന്നായി മനസ്സിലാക്കുന്നുണ്ടെന്ന പേടി ഇവരെ വല്ലാതെ അലട്ടുന്നുണ്ടെന്ന് വ്യക്തം.

ലേഖകൻ കലർപ്പില്ലാത്ത കള്ളം തട്ടിവിടുന്നത് കാണുക: "നബിയും സ്വഹാബത്തും ഉത്തമ നൂറ്റാണ്ടുകാരും ചെയ്തുകാണിച്ചതേ പറ്റൂ എന്നും മൗലിദ് അങ്ങനെയല്ലെന്നുമാണ് മറ്റൊരാരോപണം. മാലിദ് ആഘോഷം നബി ﷺ യും സ്വഹാബികളും ചെയ്തിരുന്നുവെന്നതിനുള്ള പ്രമാണങ്ങൾ പൂർവിക പണ്ഡിതർ അന്യത്ര വിശദീകരിച്ചിട്ടുണ്ട്" (പേജ്: 27).

ഈ നുണപ്രചാരണത്തിനുള്ള മറുപടി സമസ്തക്കാർ തന്നെ പറയട്ടെ. ഇതേ 'സുന്നിവോയ്സി'ൽ തന്നെ ഇരുപത് വർഷം മുമ്പ് ലേഖകൻ ഇപ്പറഞ്ഞത് കള്ളമാണെന്ന് തെളിയിക്കുന്ന ലേഖനം വന്നിട്ടുണ്ട്! അത് കാണുക: "ഒരാൾ മൗലീദാഘോഷത്തെപ്പറ്റി ഇബ്നു ഹജർ എന്നവരോട് ചോദിക്കുകയുണ്ടായി. ഇബ്നു ഹജർ മറുപടി പറഞ്ഞു: അടിസ്ഥാനപരമായി മൗലിദ് ബിദ്അത്താണ്. ആദ്യ മൂന്ന് നൂറ്റാണ്ടുകളിലെ മഹത്തുക്കളായ മുസ്ലിംകളിൽനിന്ന് കൈമാറി വന്ന ആചാരമല്ല അത്" (സുന്നിവോയ്സ്, 2000 ജൂലൈ, പേജ്: 26).

"നബി ﷺ യുടെയും സ്വഹാബിമാരുടെയും കാലത്ത് ഇന്ന് നിലവിലുള്ള നബിദിനാഘോഷം ഉണ്ടായിരുന്നില്ലെന്നത് ശരിയാണ്" (തെളിച്ചം മാസിക, 2010 ജൂൺ, പേജ്: 23).

വിശദീകരണം ആവശ്യമില്ലാത്തവിധം കാര്യം വ്യക്തമായല്ലോ. ലേഖനത്തിന്റെ അവസാനത്തിൽ ലേഖകൻ തന്നെ ഇത് സമ്മതിക്കുന്നുണ്ട് എന്നതാണ് രസകരം: "ഇന്നത്തെ രൂപവും ശൈലിയും നബിയുടെയും സ്വഹാബത്തിന്റെയും കാലത്തില്ലെങ്കിലും നല്ല കാര്യത്തിന് തുടക്കം കുറിച്ചാൽ അതിനും വിരോധമില്ലെന്ന് മറ്റൊരു ഹദീസ് പഠിപ്പിക്കുന്നത് കാണുക" (പേജ്: 28)

ഇനി ലേഖകന്റെ മറ്റൊരു തെളിവു സമർപ്പിക്കൽ കാണുക: "ഇതുപോലെ സ്വഹാബത്ത് ചെയ്ത കാര്യമാണ് നബി ﷺ യുടെ മദ്ഹ് ആലാപനവും എല്ലാ തിങ്കളാഴ്ചയും നോമ്പെടുത്ത് നബിദിനം അനുസ്മരിച്ചതും. പ്രവാചക നിയുക്തിയെന്ന റഹ്മത്തിന് നന്ദി പ്രകടിപ്പിക്കുകയും സന്തോഷിപ്പിക്കുകയുമാണ് ഇതുവഴി അവർ ചെയ്തത്" (പേജ്: 27).

നബിﷺ യുടെ അനുചരന്മാർ ഇന്ന് സമസ്തക്കാർ മാലപ്പാട്ടുകളിലൂടെയും കള്ളക്കഥകളിലൂടെയും അദ്ദേഹത്തെ അതിരുവിട്ട് പാടിപ്പുകഴ്ത്തുന്ന പോലെ ചെയ്തതിന് എന്തെങ്കിലും തെളിവുദ്ധരിക്കാൻ ലേഖകനാകുമോ? തിങ്കളാഴ്ച അവർ എടുത്തിരുന്ന നോമ്പ് നബിദിന അനുസ്മരണമായിരുന്നുവെന്ന് ആരാണ് പറഞ്ഞത്? സ്വഹാബിമാർ എല്ലാ തിങ്കളാഴ്ചയും നോമ്പെടുത്ത് നബിദിനം അനുസ്മരിച്ചു എന്നു പറയുന്ന ലേഖകൻ ഇക്കാര്യത്തിൽ തങ്ങൾ സ്വഹാബത്തിനെതിരാണെന്ന് പരോക്ഷമായി സമ്മതിക്കുകകൂടി ചെയ്യുന്നുണ്ട്. ഇവർ നബിദിനത്തിന് പോത്തിനെ അറുത്ത് ബിരിയാണിവെച്ച് കഴിക്കുകയാണല്ലോ ചെയ്യുന്നത്! അതല്ല അങ്ങനെയും ഒരു നോമ്പ് ഇവർക്കുണ്ടോ ആവോ!

ഇനിയും അദ്ദേഹം പറയുന്നത് കാണുക: "റബീഉൽ അവ്വൽ 12ന് നബി തിരുമേനി മദീനത്തെത്തിയപ്പോൾ സ്വഹാബാക്കൾ ദഫ് മുട്ടി ബൈത്ത് പാടി പെരുന്നാളിനെക്കാൾ വലിയ സന്തോഷ പ്രകടനം നടത്തി. അത് അവർ അല്ലാഹുവിനുള്ള ഇബാദത്തിന് സ്വീകരിച്ച ഒരു ശൈലിയായിരുന്നു. നമുക്കെന്തുകൊണ്ട് വിപുലമായ ശൈലിയിൽ ഇന്ന് റബീഉൽ അവ്വൽ മാസത്തിൽ നടത്തിക്കൂടാ? ദീനിൽ സ്ഥിരപ്പെട്ട ഒരു കാര്യത്തിന്റെ ശൈലിയിലോ രൂപത്തിലോ ദിവസത്തിലോ മാറ്റം വരുന്നതെങ്ങനെ അനിസ്‌ലാമികമാകും?"(പേജ്: 27)



മദീനത്ത് വന്നിറങ്ങിയ പ്രവാചകരെ സ്വഹാബത്ത് ദഫ് മുട്ടി സ്വീകരിച്ചു എന്നത് സ്ഥിരപ്പെട്ടിട്ടില്ലാത്തതിനാൽ ഇല്ലാത്ത ഒരു ഇബാദത്തിനെപ്പറ്റി പറയേണ്ടതില്ല. ഇനി അങ്ങനെ നടന്നിട്ടുണ്ടെങ്കിൽ തന്നെ അത് നബിദിനത്തിന്റെ പേരിലായിരുന്നോ? അതിനോട് താരതമ്യപ്പെടുത്തി നബിദിനത്തിൽ ദഫ് കൊട്ടിയാടാനും അതിനെ ഇബാദത്താക്കാനും ആരാണ് പഠിപ്പിച്ചത്? ഇസ്‌ലാം അല്ലാഹുവിന്റെ മതമാണ്. അതിന്റെ പേരിൽ തോന്നിയത് പ്രവർത്തിക്കാൻ ആർക്കും അനുവാദമില്ല. 'ദീനിൽ സ്ഥിരപ്പെട്ട ഒരു കാര്യത്തിന്റെ ശൈലിയിലോ രൂപത്തിലോ ദിവസത്തിലോ മാറ്റം വരുന്നതെങ്ങനെ അനിസ്‌ലാമികമാകും' എന്ന ലേഖകന്റെ ചോദ്യം അജ്ഞതയുടെ ആഴമാണ് വ്യക്തമാക്കുന്നത്. മതത്തിൽ സ്ഥിരപ്പെട്ട ഒരു കാര്യമാണെങ്കിൽ അതിന്റെ ശൈലി, രൂപം, ദിവസം എന്നിവ വരെ സ്പഷ്ടമായിരിക്കും. നമസ്‌കാരവും നോമ്പുമൊക്കെ ദീനിൽ സ്ഥിരപ്പെട്ട കാര്യങ്ങളല്ലേ? അവയുടെ ശൈലിയിലും രൂപത്തിലുമൊക്കെ മാറ്റം വരുത്താമോ? മൗലിദാഘോഷത്തെ ഇസ്‌ലാമിന്റെ കുപ്പായം ധരിപ്പിക്കാനുള്ള വ്യഗ്രതയിൽ ലേഖകൻ എന്തെല്ലാമോ വിളിച്ചുപറയുകയാണ്!

മുസ്‌ലിയാർ സലഫികളെ കുറ്റപ്പെടുത്താനും ജനങ്ങളെ കബളിപ്പിക്കാനുമായി പറയുന്നത് കാണുക: "ഈ ഹദീസോതി മൗലിദ് വിരോധികൾ അർത്ഥം പറയാറുള്ളത് ആരെങ്കിലും മതത്തിൽ ഒരു കാര്യം പുതുതായി കൊണ്ടുവന്നാൽ അത് തള്ളപ്പെടേണ്ടതാണ് എന്നാണ്. പക്ഷേ, മൗലിദാഘോഷം മതത്തിൽ പുതുതായി ഉണ്ടാക്കിയതാണോ? ഒരിക്കലുമല്ല. ഇന്നത്തെ ശൈലി ഒരുപക്ഷേ പുതിയതായിരിക്കാം" (പേജ്: 28).

ആഇശ‍رضي الله عنهاയിൽനിന്ന് ഇമാം ബുഖാരിرحمه اللهയും ഇമാം മുസ്‌ലിമുംرحمه الله ഉദ്ധരിച്ച 'നമ്മുടെ ഈ കാര്യത്തിൽ(മതത്തിൽ) അതിലില്ലാത്തത് ആരെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്' എന്ന, ദീനിന്റെ അടിസ്ഥാന നിയമം ഉൾക്കൊള്ളുന്ന ഈ ഹദീഥിനെക്കുറിച്ചാണ് മുസ്‌ലിയാർ ഇപ്പറഞ്ഞത്. ഈ ഹദീഥ് അദ്ദേഹത്തെപ്പോ

ലുള്ളവർക്ക് ദഹനക്കേടുണ്ടാക്കുന്നു എന്നതാണ് വസ്തുത.

കാലം പുരോഗമിച്ചെന്ന് കരുതി ഇസ്‌ലാമിന്റെ ഏതെങ്കിലും ആരാധനക്ക് മാറ്റം വന്നിട്ടുണ്ടോ? മീലാദിന്റെ ശൈലി മാറ്റിയെന്ന് മുസ്‌ലിയാർ തന്നെ ഇവിടെ സമ്മതിച്ചിരിക്കുന്നു. പിന്നെ എങ്ങനെയത് ഇബാദത്തിന്റെ ഗണത്തിൽ വരും? ഇന്നത്തെ ഘോഷയാത്രകളും മുദ്രാവാക്യവിളികളും തുള്ളലും ചാടലും കൂക്കുവിളികളുമെല്ലാം മുസ്‌ലിയാർ സൂചിപ്പിച്ച 'ഒരു പക്ഷേ, മാറ്റത്തിൽ'പെട്ടതായിരിക്കും. ഇവരുടെ മീലാദ് പരിഹാസ്യ പ്രവൃത്തികൾ കണ്ട് സഹികെട്ട് സ്വന്തം പണ്ഡിത സഭയിലെ അണ്ടോണ പി.കെ മുഹ്‌യിദ്ദീൻ മുസ്‌ലിയാരും കോടമ്പുഴ ബാവ മൗലവിയും എഴുതിയതൊന്നും മാഞ്ഞുപോയിട്ടില്ല.

ഭൗതിക സംവിധാനങ്ങളിൽ വരുന്ന മാറ്റങ്ങൾ എടുത്തുകാട്ടി ഇല്ലാത്ത വിഷയങ്ങളെ മതമാക്കി മാറ്റാൻ കച്ചകെട്ടിയിറങ്ങുന്നത് വിവരക്കേടാണ്.

ഇമാം മുഹമ്മദ് അബ്ദുസ്സലാം ഖളിർ അശ്ശുകൈരി(റഹി) തന്റെ 'അസ്സുനനു വൽമുബ്തദആത്ത്' എന്ന ഗ്രന്ഥത്തിൽ റബീഉൽ അവ്വൽ മാസത്തെയും അതിലെ ജന്മദിനാഘോഷമെന്ന പുത്തനാചാരത്തെയും സംബന്ധിച്ച് പറഞ്ഞത് എത്ര ശരിയാണ്: "ഈ മാസം (റബീഉൽ അവ്വൽ) ഒരു നമസ്‌കാരംകൊണ്ടോ, ദിക്ർകൊണ്ടോ, ആരാധനകൊണ്ടോ, ദാനധർമങ്ങളെകൊണ്ടോ പ്രത്യേകമാക്കപ്പെട്ടിട്ടില്ല. പ്രവാചകൻﷺ നമുക്ക് നിർണയിച്ചുതന്ന ജുമുഅ ദിവസങ്ങളോ, പെരുന്നാൾ ദിവസങ്ങളോ പോലെ ഇസ്‌ലാമിലെ ഒരു ആഘോഷവേളയുമല്ല ഈ മാസം. അദ്ദേഹം (പ്രവാചകൻ) ഈ മാസത്തിലാണ് ജനിച്ചത്, ഈ മാസത്തിൽ തന്നെയാണ് മരണമടഞ്ഞതും. പിന്നെ എന്തുകൊണ്ടാണ് അവർ അദ്ദേഹത്തിന്റെ ജനനത്തിൽ സന്തോഷിക്കുകയും അദ്ദേഹത്തിന്റെ മരണത്തിൽ ദുഃഖിക്കാതിരിക്കുകയും ചെയ്യുന്നത്?

അപ്പോൾ അദ്ദേഹത്തിന്റെ ജന്മദിനത്തെ ഒരു ആഘോഷവേളയാക്കുന്നതും അതിൽ ആഘോഷം നടത്തുന്നതും വളരെ നിരാകരിക്കപ്പെട്ട പുത്തനാചാരവും പ്രമാണമോ ബുദ്ധിയോ അംഗീകരിക്കാത്ത വഴികേടുമാകുന്നു. ഇതൊരു നല്ലകാര്യമായിരുന്നെങ്കിൽ അബൂബക്കർ(റ), ഉമർ(റ), ഉസ്മാൻ(റ), അലി(റ) തുടങ്ങിയവർ അതെങ്ങനെ കണ്ടില്ലെന്നു നടിക്കും? (പോരാ) മുഴുവൻ സ്വഹാബത്തും താബിഉകളും അവരെ പിൻപറ്റിയവരും നാല് ഇമാമുമാരും അവരുടെ അനുയായികളും ഇതിനെപ്പറ്റി അശ്രദ്ധയിലാവുകയോ? ഇത് ശാപ്പാട്ടുവീരന്മാരും നിരർഥക പ്രിയരും ബിദ്അത്തിന്റെ ആളുകളുമായ സ്വൂഫികൾ ഉണ്ടാക്കിയതുതന്നെ. അങ്ങനെ ജനങ്ങൾ ചിലർ ചിലരെ പിൻപറ്റി (ഇത് കൊണ്ടാടി). ഇസ്‌ലാമിനെ മനസ്സിലാക്കാൻ അനുഗ്രഹം ലഭിച്ച് അല്ലാഹു രക്ഷപ്പെടുത്തിയവരൊഴികെ.

കൂടാതെ ഇത്തരം ആഗ്രഹപ്രകടനങ്ങളും ഒരുമിച്ചുകൂടലുകളും ശബ്ദകോലാഹങ്ങളുംമൂലം എന്ത് പ്രയോജനവും പ്രതിഫലവുമാണുള്ളത്? സംഗീതപ്രിയരും നർത്തകരുമായ സ്ത്രീപുരുഷന്മാരെയും കള്ളന്മാരെയും കൊള്ളക്കാരെയും ഒരുമിച്ചുകൂട്ടുന്നതിൽ (സാധാരണ അങ്ങനെ എല്ലാവർക്കും വന്നുപോകാവുന്ന രീതിയിലാണല്ലോ പരിപാടികൾ സംഘടിപ്പിക്കപ്പെടുന്നത്) അല്ലാഹുവിന്റെ എന്ത് പ്രീതിയാണുള്ളത്? ചുവപ്പും പച്ചയും മഞ്ഞയും കറുപ്പും നിറമുള്ള തലപ്പാവുകൾ ധരിച്ച, അല്ലാഹുവിന്റെ നാമങ്ങളിൽ കൃത്രിമം കാണിക്കുന്ന ആളുകളെ (സ്വൂഫികൾ) ഒരുമിച്ചുകൂട്ടുന്നതിൽ എന്ത് നന്മയാണുള്ളത്?

വ്യത്യസ്ത രൂപത്തിലുള്ള ശബ്ദങ്ങളും പാത്രങ്ങൾകൊണ്ടുള്ള കൊട്ടുകളും മൃഗങ്ങളുടെ ശബ്ദങ്ങളും ഉണ്ടാക്കി (ബഹ്, ബഹ്, യബ്നൽ മർറ, അം, അം, ഉൻ, ഉൻ സാബൈനഹാ യാ റസൂലല്ലാഹ്, യാ സാഹിബൽ മദാദ്, യാ അം യാ അം അല്ലാ അല്ലാ) ഇങ്ങനെ കുരങ്ങന്മാരെപ്പോലെ കളിക്കുന്നതെന്തിന്? ഇതിന്റെയൊക്കെ പ്രയോജനമെന്ത്? യൂറോപ്യൻമാർക്ക് നമ്മളെയും നമ്മുടെ ദീനിനെയും കളിയാക്കാം എന്നത് തന്നെ പ്രയോജനം!"

> **മൗലിദിന്റെ പേരിൽ ഒരുമിച്ചുകൂടലുകളും ശബ്ദകോലാഹങ്ങളുംമൂലം എന്ത് പ്രയോജനവും പ്രതിഫലവുമാണുള്ളത്? സംഗീതപ്രിയരും നർത്തകരുമായ സ്ത്രീപുരുഷന്മാരെയും കള്ളന്മാരെയും കൊള്ളക്കാരെയും ഒരുമിച്ചുകൂട്ടുന്നതിൽ (സാധാരണ അങ്ങനെ എല്ലാവർക്കും വന്നു പോകാവുന്ന രീതിയിലാണല്ലോ പരിപാടികൾ സംഘടിപ്പിക്കപ്പെടുന്നത്) അല്ലാഹുവിന്റെ എന്ത് പ്രീതിയാണുള്ളത്? ചുവപ്പും പച്ചയും മഞ്ഞയും കറുപ്പും നിറമുള്ള തലപ്പാവുകൾ ധരിച്ച, അല്ലാഹുവിന്റെ നാമങ്ങളിൽ കൃത്രിമം കാണിക്കുന്ന ആളുകളെ (സ്വൂഫികൾ) ഒരുമിച്ചു കൂട്ടുന്നതിൽ എന്ത് നന്മയാണുള്ളത്?**

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം
വാരികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ
ആസ്പദമാക്കിയുള്ള മെഗാ ഓൺലൈൻ ക്വിസ് മത്സരം

# നേർപഥം MEGA Online Quiz



## നേർപഥം ഓൺലൈൻ ക്വിസ് ലക്കം 201 - ചോദ്യങ്ങൾ

1) ഉമൈറുബ്നു സഅദ്(റ)നെ ഏത് പ്രവിശ്യയിലെ ഗവർണറായാണ് ഉമർ(റ) നിയോഗിച്ചത്?
   (1) ത്വാഇഫ് (2) ഹിമ്മസ് (3) ബസ്വറ

2) 'താങ്കൾ ഇസ്‌ലാമിൽ പ്രവർത്തിച്ച ഏറ്റവും പ്രതിഫലം പ്രതീക്ഷിക്കുന്ന കർമം ഏതെന്ന് എന്നോട് പറഞ്ഞാലും. കാരണം, ഞാൻ താങ്കളുടെ ചെരിപ്പടി ശബ്ദം എന്റെ മുമ്പിൽ സ്വർഗത്തിൽ കേൾക്കുകയുണ്ടായി.' നബി(സ) ഇത് ആരോടു പറഞ്ഞതാണ്?
   (1) ബിലാൽ(റ) (2) അബൂത്വൽഹ(റ) (3) ഉമർ(റ)

3) "അപ്പോൾ, അവർ ക്വുർആൻ ചിന്തിച്ചു മനസ്സിലാക്കുന്നില്ലേ? അതല്ല, ഹൃദയങ്ങളിന്മേൽ പൂട്ടുകളിട്ടിരിക്കുകയാണോ?"
   (1) ക്വുർആൻ 47:24 (2) ക്വുർആൻ 24:47 (3) 44:72

4) നബി(സ)യുടെ ഭാര്യയായ ഉമ്മുഹബീബ(റ)യുടെ പിതാവ്?
   (1) അബൂബക്കർ(റ) (2) ഉമർ(റ) (3) അബൂസുഫ്‌യാൻ(റ)

5) ............. തന്റെ 'അസ്സുനനു വൽമുബ്തദആത്ത്' എന്ന ഗ്രന്ഥത്തിൽ പറയുന്നു: "ഈ മാസം (റബീഉൽ അവ്വൽ) ഒരു നമസ്കാരംകൊണ്ടോ, ദിക്ർകൊണ്ടോ, ആരാധനകൊണ്ടോ, ദാനധർമങ്ങളെകൊണ്ടോ പ്രത്യേകമാക്കപ്പെട്ടിട്ടില്ല. പ്രവാചകൻ(സ) നമുക്ക് നിർണയിച്ചുതന്ന ജുമുഅ ദിവസങ്ങളോ, പെരുന്നാൾ ദിവസങ്ങളോ പോലെ ഇസ്‌ലാമിലെ ഒരു ആഘോഷവേളയുമല്ല ഈ മാസം..."
   (1) ഇമാം മുഹമ്മദ് അബ്ദുസ്സലാം ഖളിർ അശ്ശുകൈരി(റഹി) (3) ശൈഖ് ഫൗസാൻ(റഹി)
   (2) ശൈഖ് ഇബ്നു ഉസൈമീൻ(റഹി)

6) ആന്റണി വാൻ ലീവൻഹുക്കും അദ്ദേഹത്തിന്റെ സഹപ്രവർത്തകൻ നിക്കോളാസ് ഹാർട്ട് സീക്കറും ചേർന്ന് ലോകത്താദ്യമായി ശുക്ലപരിശോധനയിലൂടെ പുരുഷബീജം കണ്ടെത്തിയ വർഷം?
   (1) 1716 (2) 1671 (3) 1677

7) 'ദെ മെസ്സേജ് ഓഫ് ക്വുർആൻ' എന്ന പേരിലുള്ള ക്വുർആൻ പരിഭാഷയുടെ കർത്താവ്?
   (1) മുഹമ്മദ് മർമഡ്യൂക് പിക്താൾ (2) മുഹമ്മദ് അസദ് (3) റജാ ഗരോഡി

8) 'അനുപമൻ' എന്ന് അർഥമുള്ള 'നസീജുൽ വഹ്ദ്' എന്ന പേരിൽ സ്വഹാബിമാർക്കിടയിൽ അറിയപ്പെട്ടിരുന്ന സ്വഹാബി?
   (1) ഉമൈറുബ്നുസഅദ്(റ) (2) അബൂഹുറയ്‌റ(റ) (3) ഇബ്നു മസ്ഊദ്(റ)

9) ആരായിരുന്നു അബ്ദുല്ലാഹിബ്നു ഉബയ്യിബ്നു സുലൂൽ?
   (1) കപടവിശ്വാസികളുടെ നേതാവ് (2) ജൂത നേതാവ് (3) ക്വുറൈശി നേതാവ്

10) "ഓരോ സമുദായത്തിനും ഓരോ അവധിയുണ്ട്. അങ്ങനെ അവരുടെ അവധി വന്നെത്തിയാൽ അവർ ഒരു നാഴിക നേരം പോലും വൈകിക്കുകയോ, നേരത്തെ ആക്കുകയോ ഇല്ല"
   (1) ക്വുർആൻ 7:34 (2) ക്വുർആൻ 73:4 (3) ക്വുർആൻ 34:7

മത്സരസംബന്ധമായ വിശദവിവരങ്ങൾക്ക് നേർപഥം പേജ് 17 നോക്കുക

ടി.കെ.അശ്റഫ്
tkashraf100@gmail.com

# സാമൂഹ്യമാധ്യമങ്ങൾക്ക് മൂക്കുകയറിടുമ്പോൾ...!

രാജ്യത്ത് അതിവേഗം വളരുന്ന ഒ.ടി.ടി (ഓവർ ദ ടോപ്) പ്ലാറ്റ്ഫോമുകൾക്ക് നിയന്ത്രണം കൊണ്ടുവരാൻ കേന്ദ്രം തീരുമാനിച്ചിരിക്കുന്നു. കേന്ദ്ര സർക്കാർ 1961ലെ അലൊക്കേഷൻ ഓഫ് ബിസിനസ് റൂൾസ് ഭേദഗതി ചെയ്താണ് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത്.

ഓൺലൈൻ ഉള്ളടക്ക ദാതാക്കൾ പുറത്തുവിടുന്ന സിനിമകളും ഓഡിയോ വിഷ്വൽ ഉള്ളടക്കങ്ങളും വാർത്തയടക്കമുള്ള ആനുകാലിക ഉള്ളടക്കങ്ങളുമാണ് നിയന്ത്രണത്തിന്റെ പരിധിയിൽ വരിക. സാമൂഹ്യ മാധ്യമങ്ങൾ വഴി ഉയർത്തുന്ന കടുത്ത സാമൂഹ്യ സുരക്ഷാ പ്രശ്നങ്ങളുടെ പശ്ചാത്തലത്തിലാണ് അത്തരം മാധ്യമങ്ങളെ നിയന്ത്രിക്കാനുള്ള നീക്കങ്ങൾ വരുന്നത് എന്നാണ് ഔദ്യോഗിക ഭാഷ്യം.

സാമൂഹ്യ മാധ്യമങ്ങളെ നിയന്ത്രിക്കണമെന്ന് ആവശ്യപ്പെട്ട് രണ്ട് അഭിഭാഷകർ സുപ്രീം കോടതിയെ സമീപിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കോടതി കേന്ദ്രസർക്കാറിനോട് വിശദീകരണവും ചോദിച്ചിരുന്നു. ഇതിനെ തുടർന്നാണ് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത്.

നമ്മുടെ സദാചാര ബോധത്തെ വെല്ലുവിളിക്കുന്ന അശ്ലീല ദൃശ്യങ്ങളും അപകടകരമായ ഗെയിമുകളും സത്യവും അസത്യവും അർധസത്യവും കൂട്ടിക്കുഴച്ച് സാമൂഹ്യ ധ്രുവീകരണത്തിന് ആക്കം കൂട്ടുന്നതുമായ സാമൂഹ്യ മാധ്യമങ്ങളിലെ സംവിധാനങ്ങളെ നിയന്ത്രിക്കുന്നത് നല്ല കാര്യമാണ്. എന്നാൽ ഇക്കാര്യം മാത്രം നടക്കാതെ പോവുകയും ഇതിന്റെ മറവിൽ കേന്ദ്രം ഭരിക്കുന്ന കക്ഷിയുടെ വിഭാഗീയ അജണ്ടകൾ പുറത്തെടുക്കാനുള്ള കുതന്ത്രം ഉണ്ടാവുകയും ചെയ്യുന്നത് രാജ്യത്തോട് കാണിക്കുന്ന വഞ്ചനയായിരിക്കും.

നിയന്ത്രണ നിയമങ്ങൾ ഇരുതല മൂർച്ചയുള്ള ആയുധമാണ്. മുഖ്യധാരാ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യാത്ത പല പ്രധാന കാര്യങ്ങളും ഇന്ന് സാധാരണക്കാരിലേക്ക് എത്തുന്നത് വിവിധ ഓൺലൈൻ മാധ്യമങ്ങൾ മുഖേനയാണ്. നിവൃത്തിയില്ലാതെ വരുമ്പോൾ മുഖ്യധാരാമാധ്യമങ്ങൾ അത് ഏറ്റെടുക്കാൻ നിർബന്ധിതരാവുകയാണ് ചെയ്യാറുള്ളത്. ഭരണകൂട താൽപര്യങ്ങൾക്ക് നിരക്കാത്ത ഇടപെടലുകളെ നിയന്ത്രിക്കലാവരുത് ഈ വിജ്ഞാപനത്തിന്റെ ലക്ഷ്യം.

എന്താണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് അറിയണമെങ്കിൽ വിശദമായ മാർഗരേഖ പുറത്തുവരേണ്ടതുണ്ട്. ഓൺലൈൻ വാർത്താമാധ്യമങ്ങൾക്ക് രാജ്യത്തെ നിലവിലുള്ള എല്ലാ നിയമങ്ങളും ഇപ്പോൾ തന്നെ ബാധകമാണ്. അതിനുപുറമേ ഐടി നിയമത്തിന്റെ പരിധിയിലും ഓൺലൈൻ വാർത്താമാധ്യമങ്ങൾ ഉൾപ്പെടും എന്നിരിക്കെ, പുതിയ നിയന്ത്രണ നിയമത്തിന്റെ ലക്ഷ്യം എന്താണെന്ന് സർക്കാർ വ്യക്തമാക്കേണ്ടതുണ്ട്.

നിയമങ്ങളുടെ കുറവല്ല രാജ്യത്തുള്ളത്. അവ നീതിപൂർവം നടപ്പിലാക്കുന്നതിനുള്ള ഇഛാശക്തി കാണിക്കുകയാണ് ഭരണകൂടം ചെയ്യേണ്ടത്. നിയമങ്ങൾ നടപ്പിലാക്കുമ്പോൾ പലപ്പോഴും അത് സെലക്ടീവ് ആകുന്നു എന്നതാണ് മുഖ്യമായ പ്രശ്നം.

അടുത്ത കാലത്തായി സർക്കാർ കൊണ്ടുവന്ന പല നിയമങ്ങളും വിജ്ഞാപനങ്ങളും പട്ടിൽപൊതിഞ്ഞ പാഷാണമായിരുന്നു എന്ന് നാം തിരിച്ചറിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ ഓൺലൈൻ നിയന്ത്രണ ഉത്തരവിനെ നിരുപാധികമായി സ്വാഗതം ചെയ്യാൻ പ്രയാസമുണ്ട്. ജനാധിപത്യത്തിന്റെ നാലാംതൂണായി വിശേഷിപ്പിക്കുന്ന മാധ്യമങ്ങൾക്ക് നേരെ വരുന്ന ഏതൊരു നിയന്ത്രണവും പകൽവെളിച്ചം പോലെ വ്യക്തമാവേണ്ടതുണ്ട്.

സത്യവും നീതിയും ധർമവും മുറുകെ പിടിക്കുന്ന, രാജ്യത്തെ ജനങ്ങളെ വിഭാഗീയതക്കതീതമായി ഒന്നായി കാണുന്ന ഒരു ഭരണകൂടത്തിന്നും മാധ്യമങ്ങളെ പേടിക്കേണ്ടി വരില്ല.

WISDOM YOUTH

# ക്വുർആൻ ഹദീഥ് ലേണിംഗ് സ്കൂൾ
# QHLS

## വാർഷിക
# പൊതുപരീക്ഷ

## രജിസ്ട്രേഷൻ
## തുടരുന്നു..

**സിലബസ്:**
മുഹമ്മദ്അമാനി മൗലവിയുടെ വിശുദ്ധ ക്വുർആൻ വിവരണത്തിലെ അത്ത്വൂർ, അന്നജ്മ്,അൽ ഖമർ, അർറഹ്മാൻ,അൽ വാഖിഅ:,അൽ ഹദീദ് എന്നീ അധ്യായങ്ങള അടിസ്ഥാനമാക്കി QHLS വിംഗ് തയ്യാറാക്കിയ പഠന സഹായി.

മലയാളം,ഇംഗ്ലീഷ് ,തമിഴ്,കന്നഡ ഭാഷകളിലും പരീക്ഷകൾ

കേരളത്തിനകത്തും വിദേശരാജ്യങ്ങളിലും പരീക്ഷ

2020
നവംബർ
29
ഞായർ

കൂടുതൽ വിവരങ്ങൾക്ക് : 9447368178, 9496332785

WISDOM Islamic Youth Kerala State Committee, C.V.Complex,Kozhikode-2

peaceradio Tune to reality

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 NOVEMBER 21

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ
പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയുള്ള

**മെഗാ ഓൺലൈൻ ക്വിസ് മത്സരം**

ONLINE
നേർപഥം ക്വിസ്
MEGA

**ഒന്നാം സമ്മാനം ലാപ്ടോപ്പ്..!!**

**രണ്ടാം സമ്മാനം ടാബ്ലെറ്റ്..!!**

**മൂന്നാം സമ്മാനം മൊബൈൽ ഫോൺ..!!**

**പത്ത് പേർക്ക് പ്രോത്സാഹന സമ്മാനങ്ങൾ..!!**

**കൂടാതെ ശരിയുത്തരമയക്കുന്ന**
**1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!**



ലക്ഷം
രൂപയുടെ
സമ്മാനങ്ങൾ...!!!

QR കോഡ്
സ്കാൻ ചെയ്യുക

zameel
the soulmate

വിശദവിവരങ്ങൾക്ക്
നേർപഥം വെബ്സൈറ്റോ
സമീൽ ഓൺലൈൻ
ലൈബ്രറിയോ സന്ദർശിക്കുക

**ഇപ്പോൾ രണ്ട് മത്സരങ്ങളിൽ ഒരുമിച്ച് പങ്കെടുക്കാൻ അവസരം...!!!**

**മത്സരങ്ങൾ, എല്ലാ ഞായറാഴ്ചയും 10 AM മുതൽ... ഉത്തരങ്ങൾ സ്വീകരിക്കാൻ 14 ദിവസം...!!**